


# Yes, He Touched Me

TRINITY MAR THOMA CHURCH, HOUSTON

# YES, HE TOUCHED ME

Healing Hearts Ministry
Trinity Mar Thoma Church, Houston
5810 Almeda Genoa Road
Houston, TX 77048



## ÉDITORIAL

### Written By

Members of Healing Hearts Ministry
Trinity Mar Thoma Church, Houston
5810 Almeda Genoa Road
Houston, TX 77048

### Book Committee

Rev. Roshen V. Mathews
Jojy Jacob
Thomas Varghese
Abraham George
Oommen Varghese
John Varghese
Leena George

### Cover Design and Book Layout

Thekkanz Graphics Designs.
Lijo Thekkethil,
Thekkethil House
Thannithode P.O
Pathanamthitta Dist. Kerala
Ph: +91 9633310646

# CONTENTS


05 | Message
Rt. Rev. Dr Isaac Mar Philoxenos Episcopa

06 | Message
Rev. Roshen V. Mathews

08 | Editorial
Jojy Jacob

11 | Felcitation
Reji George, Church Secretary

12 | Healing Hearts Minstry

13 / 48
തടങ്കൽ പാറകളെ മാറ്റിത്തരുന്ന ദൈവം
Yes He Still Moves Stones
K. E. Mathew

15 / 50
എന്റെ വിശ്വാസ യാത്രയിലെ ദൈവത്തിന്റെ കരുതൽ
God's Providence in My Faith Journey
Gracy George

17 / 52
അനുഗ്രഹങ്ങൾക്ക് മദ്ധ്യേ രോഗം എന്ന പരീക്ഷ
His Grace in Difficult Times
Many Varghese

19 / 54
ദൈവം എത്ര നല്ലവൻ
How Sweet is My God's Name
Molly Chirayil

21 / 56
പ്രാർത്ഥനയിലൂടെ പ്രവർത്തിക്കുന്ന ദൈവം
Our Prayers, God's Action Center of Grace
Stevenson Thomas

23 / 58
ദൈവത്തിന്റെ അത്ഭുത സൗഖ്യവും നടത്തിപ്പും
God's Miracle Healing and His Guidence in My Life
Mariamma Thomas (Molly)

25 / 60
ദൈവകൃപയുടെ D.B.S.
Deep Brain Stimulation (DBS) and God's Boundless Grace (GBG)
Shiju George

27 / 62
കാൻസർ അതിജീവനം, വിശ്വാസത്തിലൂടെ
Jesus Healed Me and Saved Me
Jimmy Thomas

28 / 63
പ്രശ്നങ്ങളുടെ തീവണ്ടി യാത്ര; ഒപ്പം യേശുവും
Terminal Turned to God's Time
Thankamma Thomas






# CONTENTS


30 / 65
ഒരു നാളും ഉപേക്ഷിക്കാത്ത യേശു
He Never Forsake You
Swedan George

31 / 66
ക്രിസ്തുവിനോടൊപ്പമുള്ള എന്റെ കാൻസർ യാത്ര
Riding Cancer with My Redeemer
Deenamma Mathew

32 / 68
അത്ഭുതകരമായ രോഗവിമുക്തി
Amazing Diagnosis and Miraculous Healing
Rosamma Chacko

34 / 70
യേശു അപ്പച്ചന്റെ കൃപ
Grace of God
Aiden Tobin Varghese

35 / 71
രോഗശാന്തിയുടെ അത്ഭുത നാൾവഴികൾ
It is Not Over, Still I know Whom I Trust
Sosamma Abraham

37 / 73
ഇതാണ് എന്റെ കഥ, ഇതാണ് എന്റെ പാട്ട്
This is My Story, This is My Song
Kuruvilla Abraham

39 / 74
ആരാധനയിലൂടെ സൗഖ്യം
Healing Through Worship
John Abraham

40 / 75
യേശുവോടൊപ്പമുള്ള വിശ്വാസ യാത്ര
Faith Journey with Christ
Joseph Chemmarappally

41 / 76
ആകസ്മികതയിലെ ദൈവ പദ്ധതി
God’s Plan in Our Surprises
Savannah George

43 / 78
ഒരുപാട് അനുഭവിച്ച ദൈവ കൃപ
The Grace of God in My Life; I Experienced a Lot
Jaison V. Cherian

46 / 81
പ്രതിസന്ധികളെ അതിജീവിച്ച മറ്റൊരു അബ്രഹാം
Yet Another Abraham; Thrives with God’s Strength
Saji Pullad

47 / 82
ദൈവ സ്നേഹം പ്രാർത്ഥനയിലൂടെ
Prayer: Experience of God’s Love
Babu Koodathinal

83
Trinity Mar Thoma Church, Houston

THE DIOCESE OF NORTH AMERICA & EUROPE

# The Mar Thoma Church

Sinai Mar Thoma Center, 2320 S. Merrick Avenue
Merrick, NY 11566, Tel: (516) 377-3311, Fax: (516) 377-3322
Email: marthomadiocese@gmail.com



**Rt. Rev. Dr. Isaac Mar Philoxenos**
Diocesan Bishop

**Dearly Beloved in Christ,**

**Greetings from the Sinai Mar Thoma Center, New York.**

I am glad to know that the Trinity Mar Thoma Church, Houston, is publishing an E-book that will contain the testimonies of those who have experienced healing during times of illness and other difficulties. I also commend the parish for its Healing Hearts Ministry among the elderly and the sick as it continues to provide much needed strength and hope for many. The Bible describes God as Jehovah-Rapha, *"the God who heals,"* more than 60 times. Healing is an integral part of God's character. God cares about every area of our health, including our physical, mental, and emotional well-being as well as our spiritual vitality. As the psalmist reminds us, the LORD is the one *"who forgives all your iniquity, who heals all your diseases" (Psalm 103:3)*. God Almighty heals both in body and soul: in body by curing our sickness and in soul by pardoning our sins.

When we understand that God is Jehovah-Rapha, the Great Physician, we must also recognize that no healing happens apart from Him and that all healing takes place according to His will and plan. Only God can provide the lasting healing we need from our brokenness and from our ailments. God heals in different ways; His healing is multifaceted. Sometimes God heals instantaneously, but in other instances, God heals over a period of time. The ability to cope with our affliction is also a form of healing. Even if the *"thorn in the flesh"* may persist, we must know that His *"grace is sufficient"* in our frailty and weakness *(2nd Corinthians 12:9)*. It is His grace that sustains us even when we must bear with illness and pain. In our times of difficulty, let us wait upon the Lord, open our hearts to Him, and allow Him to bring about healing and transformation as He so desires.

I sincerely appreciate the efforts of the Vicar and the members of the parish in publishing this Ebook. May it be a source of inspiration to many who are suffering, and may it be a source of strength and encouragement to those who are hurting. May God Almighty, our Jehovah-Rapha, continue to renew, heal, and comfort us all in body, mind, and spirit. With prayers and blessings,

**Rt. Rev. Dr. Isaac Mar Philoxenos**
Diocesan Bishop

THE MARTHOMA CHURCH • DIOCESE OF NORTH AMERICA & EUROPE



# റോഷൻ അച്ചനിൽ നിന്നും...

**Rev. Roshen V. Mathews**
Trinity Mar Thoma Church
5810 Almeda Genova Road
Houston, Texas

ആരോഗ്യം ദൈവ ദാനമാണ്. സൗഖ്യം ദൈവ കൃപയുമാണ്. നമ്മ പിടിച്ചു കുലുക്കുന്ന ചില തിരിച്ചറിവുകളുമായി രോഗങ്ങൾ നമ്മെ തേടി വരുമ്പോൾ മാത്രമാണ് നാം അനുഭവിച്ചിരുന്ന ദൈവിക നന്മകളും പരിപാലനവും എത്ര ശ്രേഷ്ഠം ആയിരുന്നു എന്ന് നാം തിരിച്ചറിയുന്നത്. ട്രിനിറ്റി മാർത്തോമാ ഇടവകയുടെ അനുഗ്രഹകരമായ ഒരു ശുശ്രൂഷയാണ് Healing Hearts Ministry പ്രായമായവരെയും, രോഗികളെയും ഓർത്തു പ്രാർത്ഥിക്കാനും, അവരെ സന്ദർശിക്കാനും, അവർക്ക് വേണ്ട കരുതൽ ചെയ്യുവാനും, അവർക്ക് വേണ്ടി പ്രത്യേകമായി ക്രമീകരിക്കുന്ന വിശുദ്ധ കുർബ്ബാനയുടെ ക്രമീകരണങ്ങളിൽ സഹായിക്കാനും ഒക്കെ ഉള്ള ഒരു കൂട്ടായ്മ. ഈ കൂട്ടായ്മയുടെ നേതൃത്വത്തിൽ, അസാധ്യം എന്ന് കരുതിയ രോഗ അനുഭവങ്ങളിൽ നിന്ന് ജീവിതത്തിലേക്ക് മടങ്ങി വന്ന അനേകം ഇടവക ജനങ്ങളുടെ സാക്ഷ്യം കോർത്തിണക്കി ഒരു ഇ-ബുക്ക് പ്രസിദ്ധീകരിക്കാൻ കഴിയുന്നതിൽ അതീവ സന്തോഷമുണ്ട്. ഈ ഒരു ഉദ്യമത്തിൽ എന്നോടൊപ്പം നിന്ന Healing Hearts Mission coordinator ശ്രീ. ജോജി ജേക്കബ്, ഒപ്പം ഇതിന്റെ ക്രമീകരണങ്ങളിൽ സഹായിച്ച ശ്രീ. തോമസ് വർഗീസ്, ശ്രീ. എബ്രഹാം ജോർജ്, ശ്രീ.ഉമ്മൻ കെ വർഗീസ്, ശ്രീ. ജോൺ വർഗീസ്, ഡിസൈനിംഗ് ചെയ്തു സഹായിച്ച ലിജോ ടി വർഗീസ് എന്നിവരോടും ഉള്ള നിസീമമായ നന്ദി ആദ്യമേ അറിയിക്കട്ടെ.

ദൈവം തമ്പുരാൻ എന്നെ തൊട്ട് ഒരുപാട് അനുഭവങ്ങൾ എന്റെ ജീവിതത്തിൽ ഉണ്ട്. അവയിൽ ഏറ്റവും മായാതെ കിടക്കുന്ന ഓർമ എന്റെ പത്താം ക്ലാസ് പഠന വേളയിൽ ആണ് നടന്നത്. എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ പൂർണ്ണ സമയ സുവിശേഷ വേലയ്ക്കായി എന്നെ സമർപ്പിച്ചു. ആ ഒരു ചിന്തയോടെയും പ്രതീക്ഷയോടെയും മുന്നോട്ടു പോയ എനിക്ക് SSLCപരീക്ഷയുടെ ഒരുക്ക നാളുകളിൽ ഭയങ്കരമായ ക്ഷീണം അനുഭവപ്പെട്ടു. ആദ്യമൊക്കെ പരീക്ഷയുടെ ടെൻഷൻ മൂലമാണ് എന്ന് ചിന്തിച്ചു. എന്നാൽ പരീക്ഷ ആരംഭിക്കുന്നതിനു രണ്ടു ദിനം മുൻപേയുള്ള രാത്രി ഞാൻ പല തവണ ശർദ്ദിച്ചപ്പോൾ എന്റെ പിതാവ് എന്നെ ഒരു ക്ലിനിക്കിൽ കൊണ്ട് പോകുകയും മഞ്ഞപ്പിത്തം ആണ് എന്ന് സ്ഥിരീകരിക്കയും ചെയ്തു. പരീക്ഷ എഴുതേണ്ട എന്ന് ടീച്ചർമാരും സുഹൃത്തുക്കളും ഒക്കെ പറഞ്ഞു.

എന്റെ ആരോഗ്യം എല്ലാ പരീക്ഷയും എഴുതാൻ അനുവദിക്കുമോ, ഒപ്പമിരുന്നു പരീക്ഷ എഴുതുന്നവർക്ക് ഈ രോഗം വരുമോ എന്നൊക്കെ ഉള്ള സംശയങ്ങൾ എല്ലാവർക്കും ഉണ്ടായിരുന്നു. എങ്കിലും ദൈവത്തിൽ ആശ്രയിച്ചു കൊണ്ട് പരീക്ഷ എഴുതാൻ തന്നെ ആയിരുന്നു എന്റെ തീരുമാനം. എന്നാൽ തൊട്ടടുത്ത ദിവസം വന്ന മെഡിക്കൽ റിപ്പോർട്ട് ഞങ്ങളെ എല്ലാവരെയും മാനസികമായി തളർത്തി. രോഗം Hepatitis B ആണെന്നായിരുന്നു റിപ്പോർട്ട്. രണ്ടു വർഷങ്ങൾക്കു മുൻപ് എന്റെ പിതാവിന്റെ ജേഷ്ഠൻ മരണപ്പെട്ടത്. ഇതേ രോഗം വന്നു അത് ക്യാൻസർ ആയി മാറിയത് കൊണ്ട് ആയിരുന്നു. അത് കൊണ്ട് തന്നെ ഈ രോഗത്തിന്റെ പേര് കേൾക്കുമ്പോൾ തന്നെ വലിയ ഭയം ആ നാളുകളിൽ ഞങ്ങളെ അറിയുന്ന എല്ലാവർക്കും ഉണ്ടായിരുന്നു. ശരീരത്തിനു നല്ല ക്ഷീണം ഉള്ളത് കൊണ്ടും വായിക്കാൻ ശ്രമിക്കുമ്പോൾ തല കറങ്ങുന്നത് കൊണ്ടും ഒന്നും പഠിക്കാൻ സാധിച്ചിരുന്നില്ല..

എന്ത് വന്നാലും പരീക്ഷ എഴുതും എന്ന തീരുമാനത്തിൽ ഞാൻ ഉറച്ചു നിന്നതോടെ എന്നെ കോഴഞ്ചേരി സെന്റ് തോമസ് സ്കൂളിൽ പ്രത്യേക ഇരിപ്പിടം നൽകി പരീക്ഷ എഴുതാൻ അനുവദിച്ചു. SSLC രണ്ടാമതും മൂന്നാമതും എഴുതുന്നവർക്ക് ഒപ്പമായിരുന്നു എന്റെ സ്ഥാനം. ഓരോ ദിവസവും അതി രാവിലെ ഓട്ടോയിൽ എന്നെ സ്കൂളിൽ എത്തിക്കും. കൂട്ടുകാരാരും അടുത്തേക്ക് വരില്ല. ആരും എന്നോട് സംസാരിക്കില്ല. ഒറ്റപ്പെട്ട അവസ്ഥയിൽ വലിയ മാനസിക സംഘർഷത്തിനിടയിൽ ആണ് പരീക്ഷ എഴുതിയത്. എന്നും രാവിലെ രക്തം പരിശോധിക്കുമ്പോൾ രോഗം വർധിക്കുന്നു എന്ന റിപ്പോർട്ട് ആണ് ലഭിച്ചു കൊണ്ടിരുന്നത്. അന്ന് പരീക്ഷാ വേളയിൽ എനിക്ക് ധൈര്യം പകർന്ന ഒരു വ്യക്തി കോഴഞ്ചേരി സെന്റ് തോമസ് സ്കൂൾ ഹെഡ്മിസ്ട്രസ് ആനി ടീച്ചർ ആയിരുന്നു. ഇടയ്ക്കിടെ ഞാൻ പരീക്ഷ എഴുതുന്ന മുറിയിൽ എത്തി എന്റെ ആരോഗ്യം എങ്ങനെയുണ്ട് എന്ന് തിരക്കുകയും, വെള്ളം വേണോ എന്ന് ചോദിക്കുകയും, എന്നെ ധൈര്യപ്പെടുത്തുകയും ചെയ്ത് ടീച്ചറുടെ സ്നേഹം ഒരിക്കലും മറക്കാൻ ആവില്ല.

എന്നെ അറിയുന്നവരെല്ലാം ലോകത്തിന്റെ പല ഭാഗങ്ങളിൽ ഇരുന്നു. എനിക്ക് വേണ്ടി പ്രാർഥിച്ചു. എന്റെ മാതാപിതാക്കളും പ്രിയപ്പെട്ടവരും ഇടവക ജനങ്ങളും എനിക്ക് വേണ്ടി ദൈവ സന്നിധിയിൽ

ദൈവ സന്നിധിയിൽ കരഞ്ഞു. ഒരു ഇടവക അംഗത്തിന്റെ നിർബന്ധം മൂലം ഒരു മുസ്‌ലിം നാട്ടു വൈദ്യന്റെ പച്ച മരുന്ന് പരീക്ഷിക്കാൻ തീരുമാനിച്ചു. പ്രാർഥനയോടെ ആ മരുന്ന് കഴിച്ചു. അടുത്ത ദിവസം മുതൽ രോഗം കുറേശ്ശെ കുറയാൻ തുടങ്ങി. എല്ലാ പരീക്ഷയും എഴുതി പൂർത്തിയാക്കുവാൻ ദൈവം കൃപ തന്നു. കാര്യമായി പഠിച്ചില്ല എങ്കിലും അറിയാവുന്ന ഉത്തരങ്ങൾ ഓർത്തെടുക്കാനും, എഴുതുവാനും ദൈവം ബലം നൽകി.

പിന്നെയും പ്രാർഥനയുടെ നാളുകൾ. രോഗം കുറയുന്നു എങ്കിലും നോർമൽ ആകുന്നില്ല. ഇഷ്ടപ്പെട്ട ആഹാരങ്ങൾ കഴിക്കാൻ കഴിയാതെ കാത്തിരുന്ന അവധിക്കാലം മുഴുവൻ വീടിനുള്ളിൽ വിശ്രമം എടുക്കാൻ നിർബന്ധിതനായി. എല്ലാവരും ഒരു മാരക രോഗം ബാധിച്ച ഒരാളെ നോക്കും പോലെ എന്നെ നോക്കുന്നു എന്നത് ഒരു വേദനയായിരുന്നു. കാരണം എന്റെ പിതാവിന്റെ ജേഷ്ഠന്റെ മരണം അത്രത്തോളം ഞങ്ങളെ പിടിച്ചു കുലുക്കിയിരുന്നു. ഞാൻ മരിച്ചു പോകുമോ എന്ന് വേദനയോടെ എന്റെ പിതാവിന്റെ മുഖത്ത് നോക്കി ചോദിച്ച നിമിഷങ്ങൾ ഉണ്ടായിരുന്നു. പുറമേ ശാന്തരായിരുന്നു എങ്കിലും എന്റെ പിതാവും മാതാവും ഉള്ളിൽ കരഞ്ഞു കൊണ്ടായിരുന്നു ഓരോ ദിവസവും തള്ളി നീക്കിയത്. അതെല്ലാം അതിജീവിച്ചു രണ്ടു മാസങ്ങൾ പിന്നിട്ടും SSLC റിസൾട്ട് പ്രഖ്യാപനത്തിന്റെ തലേന്ന് രാത്രി സുഹൃത്തുക്കളുടെ പലരുടെയും റിസൾട്ട് ട്യൂഷൻ സെന്റർ വഴി അറിഞ്ഞു. രാത്രി ഏറെ വൈകി എന്റെ സമപ്രായക്കാരനായ കസിന് ഫസ്റ്റ് ക്ലാസ് ഉണ്ടെന്നു അവൻ വന്നു പറഞ്ഞപ്പോൾ, "നീ ജയിക്കുമോടാ" എന്ന് ചോദിച്ചു. എന്റെ പിതാവ് എന്നെ നോക്കി ഉറക്കെ കരഞ്ഞു. ഞാൻ കാര്യമായി ഒന്നും പഠിച്ചിട്ടില്ല എന്നും ക്ലാസ്സിൽ ശ്രദ്ധിച്ചതിന്റെ ഓർമയിൽ എന്തോ എഴുതി എന്ന ഉള്ളൂ എന്നും എന്റെ പിതാവിന് നന്നായി അറിയാമായിരുന്നു. പക്ഷെ എന്തോ ഒരു ധൈര്യത്തിൽ, "ഫസ്റ്റ് ക്ലാസ്സ് കിട്ടും ഡാഡി" എന്ന് ഞാൻ പറഞ്ഞു.

അതി രാവിലെ ഞാൻ ട്യൂഷൻ പഠിച്ച വിദ്യാ ട്യൂഷൻ സെന്ററിൽ ഫോൺ വിളിച്ചു ചോദിച്ചപ്പോൾ ഞാൻ പരീക്ഷയിൽ തോറ്റു പോകും എന്ന് കരുതിയ എല്ലാവരെയും ഞെട്ടിച്ചു കൊണ്ട് എനിക്ക് ഫസ്റ്റ് ക്ലാസ് ഉണ്ട് എന്ന വാർത്ത കേൾക്കാൻ ഇടയായി. ആരും വിശ്വസിച്ചില്ല. രാവിലെ പ്രത്രത്തിൽ റിസൾട്ട് വരാൻ കാത്തിരുന്നു. പത്രത്തിലും ഫസ്റ്റ് ക്ലാസ്സ് ലഭിച്ചതായി കണ്ടു. വിശ്വാസം ആകാതെ ഞാൻ എന്റെ കസിനെയും കൂട്ടി കോഴഞ്ചേരി സെന്റ് തോമസ് സ്കൂളിൽ എത്തി. എന്നെ കണ്ടതും, ആനി ടീച്ചർ സന്തോഷത്തോടെ പറഞ്ഞു നിനക്കും ഫസ്റ്റ് ക്ലാസ് ഉണ്ടെന്നു ആണ് അറിഞ്ഞത് എന്ന് സന്തോഷം കൊണ്ട് കണ്ണ് നിറഞ്ഞു പോയ നിമിഷങ്ങൾ ആയിരുന്നു അത്.

എന്നാൽ പരീക്ഷയിൽ വിജയിക്കുമോ എന്നത് അല്ലായിരുന്നു പ്രധാന ചോദ്യം. ഈ രോഗം മാറുമോ എന്നുള്ള ഭയത്തിൽ ആയിരുന്നു. Hepatitis B 8 മരുന്നില്ലാത്ത രോഗമാണ് എന്നും വീണ്ടും വരാൻ ഉള്ള സാധ്യത ഉണ്ട് എന്നും ഒക്കെ അറിയാവുന്നത് കൊണ്ട് പരീക്ഷയുടെ വിജയം ഒരുപാട് സന്തോഷിക്കാൻ ഒന്നും ഇട തന്നില്ല.

എന്നാൽ രണ്ടു ദിവസങ്ങൾക്കപ്പുറം ലഭിച്ച ലാബ് റിസൾട്ട് ദൈവം തമ്പുരാന്റെ കയ്യൊപ്പോട് കൂടിയത് ആയിരുന്നു. എന്റെ രോഗം മാറി എന്നുള്ള അനുഗ്രഹിക്കപ്പെട്ട വാർത്ത ലാബിൽ നിന്നും കേട്ടു. വീണ്ടും പല തവണ പരിശോധിച്ചു. വർഷങ്ങൾ ഒരുപാട് പിന്നിട്ടും പിന്നൊരിക്കലും ഈ രോഗം എന്നെ തേടി വന്നിട്ടില്ല. സൌഖ്യത്തോടെ പഠനം തുടരുവാൻ ദൈവം എന്നെ ശക്തികരിച്ചു. എന്റെ തീരുമാനം പോലെ ഇരുപത്തഞ്ചാം വയസ്സിൽ മാർത്തോമ സഭയിലെ ഒരു പട്ടക്കാരനായി തീരുവാൻ ദൈവം കൃപ ചെയ്തു. ഇന്ന് വരെയും അതിശയകരമായി ദൈവം എടുത്തു ഉപയോഗിക്കുന്നു. ഈ കഴിഞ്ഞ മാസങ്ങളിൽ എനിക്കും ഭാര്യ ടിറ്റിക്കും കുഞ്ഞുങ്ങളായ റിയാണ ഷെറോണ, ഒരു വയസ്സുള്ള മൽഹാർ എന്നിവർക്കും ഒക്കെ കൊവിഡ് ബാധിച്ചു. അതിൽ നിന്നും ഈ ദൈവം അനേകരുടെ പ്രാർത്ഥന കേട്ടു, ഞങ്ങളെ വിടുവിച്ചു. ശക്തീകരിച്ചു. ഇത്ര നല്ലവനായ ദൈവത്തിനു ഞാൻ എന്ത് പകരം നൽകാനാണ്..

Houston ട്രിനിറ്റി ഇടവകയിലെത്തി പല വ്യക്തികളെയും അടുത്തറിഞ്ഞപ്പോൾ ആണ് ഞാൻ കടന്നു പോയതിലും എത്രയോ തീവ്രമായ അനുഭവങ്ങളെ അതിജീവിച്ചവർ ഇവിടെ ഉണ്ട് എന്ന് മനസ്സിലാക്കാൻ ഇടയായത്. ആ സാക്ഷ്യങ്ങൾ അനേകർക്ക് പ്രചോദനമാകട്ടെ എന്ന ആഗ്രഹമാണ് ഇ ബുക്കിന്റെ രൂപത്തിൽ നിങ്ങളിലേക്ക് എത്തിക്കാൻ പ്രേരകമായത്. ഈ ചിന്ത പങ്കിട്ടപ്പോൾ ഇതിനു വേണ്ടി ആത്മാർഥമായി മുന്നിട്ടിറങ്ങി എന്നെ സഹായിച്ച Healing Hearts Mission coordinator ജോജിച്ചായനോട് ഒരുപാട് കടപ്പാടുണ്ട്. ഇതിൽ അനുഭവങ്ങൾ പങ്കിട്ട് എല്ലാവരോടും, പ്രത്യേകിച്ച് ആശംസകൾ പകർന്ന ഭദ്രാസനാധിപൻ അഭിവന്ദ്യ ഐസക്ക് മാർ ഫിലക്സിനോസ് തിരുമേനിയോടും ഉള്ള നന്ദി അറിയിക്കുന്നു. ഇതിലെ ലേഖനങ്ങൾ അനേകർക്ക് പ്രചോദനവും, ധൈര്യവും പ്രത്യാശയും, ദൈവാശ്രയവും പകരട്ടെ എന്ന് പ്രാർഥിച്ചു കൊണ്ട് ഈ സാക്ഷ്യ സമാഹാരം നിങ്ങൾക്കായി സമർപ്പിക്കുന്നു



# Miracle of Healing:
## Divine Intervention in People's Life




**Jojy Jacob**
Healing Heart Mission Coordinator

The concept of miracle healing haunted me ever since Susan Mable Thomas, famous athlete from Kottayam died of Jaundice in early 70s. Her parents were blamed for not providing her the appropriate treatment, due to their religious preference. Even though several treatments were available, the parents just strongly believed that prayer is enough for her healing. Later in life, I figured the importance of everyone to depend on God, along with getting proper medical care is the right approach. Modern medicine understands the importance of drawing support from all resources including prayer, family, friends, support groups, nature, music, art etc for healing. In fact, Jesus Himself was approaching sick ones in this holistic (mind, body, spirt) way. We have several examples in the Bible on this. Health Care in general has developed a lot towards this kind of spiritual approach in healing too.

Tweaking the concept of spirituality thus to nature and inner happiness, hospitals are loaded with nice pictures, pleasing rooms, pet therapy, music therapy, art therapy, and nature views in patient care facilities. Even some state hospitals provide prayer rooms. During my OT school, (I am not an OT, though) one class was devoted to these types of spiritual aspects of health and wellbeing. One example I remember was of a pastor who lost his ability to speak after stroke, was taken to his church and all clapped for him to stand up and speak, during a praise and worship session. As the sound of praise reached its peak, he could not do nothing else, but to stand up and say, "Praise the Lord" and that praise went on. In pet therapy, those with limited hand movement, when brought near a horse or their favorite pet, they reach out to pat the animal and thus improve movements; even over-



coming pain associated with this movement. What happens to the muscles, tendons, and brain to act like this; nobody knows. Functional MRI studies are in progress to understand the mechanism of this. This background predisposed an excitement in me when Roshenachen suggested to publish a book on the healing experience of our members.

The articles in this e-Book, however, attest to the pure commonplace meaning of the word 'spiritual' that our members are addressing healing. These articles indicate that each of the authors experienced a calming presence of Jesus Christ during the lowest ebb of their life. All authors strongly believe that their own outlook of life and towards others have changed, and that they started praying for others more. They also started thinking about the jubilant life after life with Christ, more than ever, making their faith journey more meaningful.

All authors praise God's Mercy and Grace describing their healing as a miracle. However, they thank God for allowing them into a miraculous reality they entered. Readers may see them referring to their healing a miracle. However, articles depict their sickness as an opportunity to understand life in a different dimension than blaming God. They all seek God's guidance than approaching miracle healers. In Numbers 21:4-9, we see Israelites were complaining to Moses about their deficiencies. Then God sent snakes to punish them. As per Divine Orders, Moses raised a pole with a bronze snake on it (now a common medical symbol). People who looked at the bronze snake were healed. It is important to note here that they were only asked to look at the bronze snake and not to worship it. Bronze snake God instructed to make is only a reminder for Israelites of their sins. God wanted them to know that He is God, not to worship a symbol He created. God does not want us to depend on superstitions or miracle healers. As you know idolatry is taking praise to ourselves, limiting Gods power. Condemning this form of idol worship for same symbol can be seen in 2 Kings 18. Here God is allowing King Hezekiah to destroy the bronze serpent that Moses raised, which have become an idol like Baal etc. Let us not ever take our eyes off the ultimate healer and make the healing into idol.

Another subtle feature of this book is the special care of the loved ones. Either the sick person or their loved one, more seriously understand the importance of those who cared for. In case of most of the authors, their caretaker being a health care professional, received the best quality care. Even they helped in detecting the disease progression in advance. For this, in your regular walks without



mentioning it, they made you walk briskly so that it helped the early detection of a clot, heart attack etc. The loved one noticed your slurred speech, slow walk, unusual panting, and urged you to go to see a doctor. Only the loved one can notice these subtle changes before it become full blown requiring emergency care. In this context, I like to commend the 'tough love'-driven dedicated service of the loved ones who consistently cared for all the sick ones. Their care is more meaningful as they themselves were going through the stress of work, taking care of kids, cooking, and at the same time coping with you being sick.

I also like to refer to the candor you all expressed in writing the experience you went through. Like the church secretary Reji George, in his message mentioned, all of the authors shared their experience like an interactive story telling. Their experience was poured into paper without considering the conventional style or flow of writing etc. Thus, you may see fragmented thoughts and paragraphs. There was a time when people like to keep their sickness as a secret. We have great regard to all of you who wrote so personally, without any inhibition, giving minute details of diagnosis and treatment. All of these are helpful practical hints to others. The Editorial Board wanted the next generation to know how we addressed our problems in life. Instead of mere theocratic superstitious beliefs, we pursue appropriate care and prayerful support seeking ultimate healing from our Lord and Savior Jesus Christ. All of us put our burdens on His feet. The prayer gave them strength and assurance that Jesus is with them in their

suffering; evidenced by the assurance they received through reading a Bible verse or few lines of a song. Considering all this, the Editorial Board formed under the leadership of beloved Roshenachen, decided to publish this book both in Malayalam and English. I thank the dedicated service of our Roshenachen, Thomas Varghese, Oommen Varghese, John Varghese, Abraham George, Leena George, and Nissi Jacob for their invaluable service in putting together this book.

Publishing hard copy of this book is very expensive. In addition, not too many people read hard copybooks these days. Being multi-taskers, we are all glued to phone, our favorite gadget. Therefore, the Editorial Board decided to publish this book in pdf format with convenient flip pages that can be accessed from anywhere. In the Content Page you will be able to click on a link that will easily take you to that article. The formatting and page setting for this book was done by Lijo Thekkethil in Kerala, who did everything while studying full time. We like to thank Lijo and all of you who encouraged us in the process of publication of this book, including Rev. Oommen Samuel, Rev. Sam Easow and the church executive committee members of Trinity Mar Thoma Church Houston.

Before concluding, I like to share a word of caution. In the modern world where health care competes hard to find new tools of diagnosis, procedures, and therapies; it is important to understand the business aspect of it too. Health care providers are pressurized to increase number of prescriptions, procedures, and surgeries. Therefore, it is important to get a second opinion whenever possible, before opting to surgical procedures. I am not referring to the annual checkups. Those are the most important tools available for a physician to compare changes over the years. Another area to be cautious is online health information, that is difficult to regulate and without any quality control. Bad health information used in an improper way can be highly detrimental. Patients might trust misleading information or might make important health decisions based on sensationalized or emotionally charged stories that are not relevant to their specific health context. Patients are often in a vulnerable position, and many are willing to accept information that provides a sense of hope and control.

Finally, going through these articles made me humble to think about the needs of our aging community that I belong. Healing Heart Ministry hope that none among us be left alone without a word of prayer and encouragement during their sickness. Let us be vigilant about others, in a situation like that scary bird Dr. KE Mathew in his article used as an example from Rock Hudson's book. A soft word, a kind look, and listening ear maybe enough for the bird to fly again. All our prayers may not be answered immediately. Some among us are still going through sickness. However, it is important to receive physical healing, or you continue to live in altered health. But more important is the strength we get through Holy Spirit that help us to face the situation with His Grace, His Presence!



"Heal me, Lord, and I will be healed; save me and I will be saved, for you are the one I praise.

Jeremiah 17:14

# MESSAGE FROM
## CHURCH SECRETARY



**Reji George**
Secretary – Trinity Mar Thoma Church

Interactive story telling is an art that is losing its luster in our busy and highly connected modern life. We just don't have time to tell the whole story with all the embarrassing details and funny additions. Communicating on twitter with a 140-character limit can never equate to a mother telling you about how embarrassed she was as a 17-year-old when her father showed up to her college hostel, carrying a jackfruit on his head, on a Sunday afternoon in 1954.

All of us have amazing experiences with our Creator. Many a times we fail to truly recognize those mindboggling encounters. Was it coincidence? Was it luck? In the book titled, When God Winks At You, Squire Rushnell reminds us that every so-called coincidence or answered prayer is a direct and personal message of reassurance from God. It is important we impart these godwinks to the next generation. *In Exodus 16:32, Moses said, "This is what the Lord has commanded: 'Take an omer of manna and keep it for the generations to come, so that they can see the bread I gave you to eat in the wilderness when I brought you out of Egypt.'"*

It does matter how well we communicate. What stories do you remember from your childhood? What childhood experiences have left an indelible mark in your life journey? Have you conveyed that message to your children, grandchildren, your spouse, and others? In 1986, President Ronald Regan gave an amazing speech to heal a country following the Shuttle Challenger tragedy. In about four minutes, this master communicator, was able to comfort a world in shock – while also acknowledging the undeniable presence of God. He told us that our astronaut heroes had *"slipped the surly bonds of earth to touch the face of God."* Continue to boldly share your life stories with your family, your Trinity family, your friends, and many others. You may have forgotten many of details. But what continues to remain important are those life experiences that transformed us from imperfection to faithfulness.

I commend Mr. Jojy Jacob and Mrs. Nissi Jacob for taking the lead along with an editorial team, in creating a forum for many to testify how God has touched their lives in remarkable ways. I also acknowledge the guidance from Rev. Roshen V. Mathews, and many others quietly and without fanfare, working to share encouraging stories that acknowledge God's unwavering hope for imperfect humans. May our story telling continue to encourage and inspire our faith in God. May God continue to bless us.

# Healing Hearts Ministry

As a part of the 40th parish day celebrations in 2014, Trinity Mar Thoma Church initiated an informal organization called The Healing Hearts Ministry. Healing Hearts Ministry volunteers specifically provide support to those who are sick in our midst, with prayers and other special assistance, on an as needed basis. Even though the major focus of this ministry is on serving the our parish members, the volunteers also extend their help to others who were going through difficulties in life. The Ministry's activities were coordinated through weekly church announcements and WhatsApp Group. Prayer requests are informed through WhatsApp and updated every week. A box and prayer cards are kept in the church foyer for the parishioners to submit their prayer requests. Late Mr. Mathai Mathew served as the initial coordinator, followed by Jojy Jacob, Mr. Oommen Varghese and Maggie Oommen, and Anil and Premna Varghese. Jojy and Nissi Jacob are currently (2021) serve as coordinators.

Current activities include, but not limited to: Survivor witness: The survivors physical ailments were given opportunity at church to witness their healing that strengthened themselves and inspired others on Jesus Healing. Every third Sunday special prayer conducted during Holy Communion service. The ministry organize Holy Communion Service for who are going through physical and emotional distress. In some cases, provide transportation to church. Communal meal was provided after the Holy Communion service so that the attendees feel comfortable dinning with fellow church members. Chain prayer: total 8 groups pray for 15 minutes on every Monday from 8-10 am for those who are sick in our midst. Organized Health Talk to keep members update on health issues. All of us or our loved ones have experienced the healing touch of our Savior. It is this faith, the trust and healing of the woman who touched the garment of Jesus that we try to assure to those who are currently sick, through the witnessing. This year we are in the process of publishing a book on the healing touch of Jesus. Virtual and in-person house visits were conducted to pray with those who are chronically ill. We believe that in spite of our limitations Jesus Heals the sick, give His consoling presence in all physical, emotional, and spiritual problems that we face. All other activities are extension of this faith providing fellowship.

We thank the dedicated service of Rev. Roshan V. Mathews, Rev. Sam Easow, and Rev. Oommen Samuel achens for their prayerful support. Roshen achen's guidence and special attention to Healing Hearts Ministry is greatly acknowledged. With his special interest we are in the process of publishing an e-Book; that survivors of some sort of physical illness of our parish wrote about the healing tough of our Lord and Savior Jesus Christ. We commemorate the service of all previous vicars and executive committee members, and the dedicated service of the Audio Visual Ministry. We passed 7 years after the formation of this ministry. There may be several areas that need improvement providing more action oriented support to those who go through tough times in our midst. We encourage more youngsters to come forward and participate in this ministry. We thank Lord Jesus Chrust for the many blessings showered on us in the past 7 years.



# തടങ്കൽ പാറകളെ മാറ്റിത്തരുന്ന ദൈവം



K. E. Mathew, MD, FACS

Article

ഉയിർപ്പു നാളിന്റെ പ്രഭാതത്തിൽ തങ്ങളുടെ ഗുരുവും സ്നേഹിതനുമായിരുന്ന യേശുവിന് ലഭിക്കാതെ പോയ മരണാന്തര ഉപചാരങ്ങൾ അർപ്പിക്കാനായി കല്ലറയിലേക്കു പോയ രണ്ടു സ്ത്രീകളുടെ കഥ നമുക്ക് സുപരിചിതമാണല്ലോ. തോളിലേന്തിയ സുഗന്ധ വർഗങ്ങളുടെ ഭാരവും, അതിലേറെ യേശുവിന്റെ മരണത്തെക്കുറിച്ചുള്ള ഓർമകളും അവരുടെ യാത്രയുടെ ദൈർഘ്യം കൂട്ടി. അരിമത്യയിലെ ജോസഫ് എന്ന ധനികന്റേതായിരുന്നു ആ കല്ലറ. കല്ലറയുടെ പ്രവേശന ദ്വാരത്തിലെ കൂറ്റൻ കല്ലിനെക്കുറിച്ചും അതിന്മേലുള്ള അധികാരികളുടെ മുദ്രയെപ്പറ്റിയും അവർ വ്യാകുലരായി. ആർ നമുക്കുവേണ്ടി ആ കല്ല് മാറ്റും എന്ന് അവർ തങ്ങളോട് തന്നെ ചോദിക്കുന്നുണ്ടായിരുന്നു.

അങ്ങനെ രണ്ട് ഭീമമായ തടസ്സങ്ങൾ അവരുടെ മനസ്സിൽ ഉരുണ്ടുകൂടി: ഗവർണറുടെ മുദ്രയിൽ നിന്നുള്ള നിയമപരമായ തടസ്സവും, ഭീമാകാരമായ കല്ല് ഒരുട്ടിമാറ്റാനുള്ള പ്രയാസവും.

എന്നാൽ ഈ പ്രതിബന്ധങ്ങൾ ഒരിക്കലും അവരെ പിന്തിരിപ്പിച്ചില്ല, അവരുടെ നടപ്പിന്റെ വേഗത കുറച്ചില്ല. വീട്ടിലേക്ക് പോകാൻ അവർ ചിന്തിച്ചെന്നോ, കുറഞ്ഞ പക്ഷം കല്ല് നീക്കാൻ അവർ ഒരു അത്ഭുതത്തിനായി പ്രാർത്ഥിച്ചെന്നോ ഒന്നും തിരുവെഴുത്തുകൾ പറയുന്നില്ല. എന്നിട്ടും അത്ഭുതം സംഭവിച്ചു. അവർ കല്ലറക്കടുത്തെത്തും മുമ്പേ മാലാഖമാർ കല്ല് നീക്കി അതിന്മേൽ ഇരിപ്പുറപ്പിച്ചിരുന്നു.

എന്റെ വ്യക്തിപരമായ ജീവിതാനുഭങ്ങളിലേക്കു തിരിഞ്ഞു



നോക്കുമ്പോൾ ഭീതിയുടെയും ആശങ്കകളുടെയും അനുഭവങ്ങൾ എല്ലാം തന്നെ അടിസ്ഥാന രഹിതമായിരുരുന്നു എന്ന് മനസ്സിലാക്കാം. കൊച്ചുമകൻ എറിഞ്ഞ പന്തിന് പിന്നാലെ ഓടി കാലു തെറ്റി concrete driveway-ൽ മുഖം അടിച്ചു വീണ്, പല്ലുകൾ ഒടിഞ്ഞു, വായിൽ നിന്നും മൂക്കിൽ നിന്നും ധാരാളം രക്തം വാർന്നു കിടക്കുമ്പോൾ മനസ്സിൽ കൂടെ ചിന്തകൾ കാട് കയറുകയായിരുന്നു. ദിവസവും aspirin കഴിക്കുന്ന ഈ എഴുപതുകാരന്, ഇതുപോലുള്ള വീഴ്ചയിൽ തലക്കുള്ളിൽ രക്തസ്രാവത്തിനുള്ള സാധ്യത വളരെയാണ്. നീണ്ട അബോധാവസ്ഥയിലാകാനും ഇടയുണ്ട്. എന്നിലെ 'വൈദ്യൻ' ഈ വിധത്തിലുള്ള ഭയത്തിന്റെ ചിന്തകൾ ഒന്നിന് പിറകെ ഒന്നായി മനസ്സിൽ എത്തിച്ചു. Ambulance-ൽ ആശുപത്രിയിലെത്തി തലക്കുള്ളിൽ രക്ത ശ്രാവം ഇല്ലെന്നു കണ്ടപ്പോഴാണ് എന്റെ ഭയവും ആശങ്കയും അടിസ്ഥാന രഹിതമായിരുന്നു എന്ന് മനസ്സിലായത്.

ജീവിതത്തിലെ പ്രശ്നങ്ങൾ ഒരു മുന്നറിയിപ്പും ഇല്ലാതെയാണ് പലപ്പോഴും നമ്മുടെ പാതയിൽ കടന്നു കടന്നു വരാറുള്ളത്. എന്റെ Prosate Specific Antigen (PSA) അല്പം ഉയർന്ന അളവ് കാണിക്കുന്നുവെന്നും, ഞാൻ ഒരു യൂറോളജിസ്റ്റിനെ സമീപിക്കേണ്ടതുണ്ടെന്നും മുന്നറിയിപ്പ് നൽകുന്ന എന്റെ ഫിസിഷ്യൻ ഓഫീസിൽ നിന്നുള്ള ഒരു ഫോൺ കോളിന്റെ രൂപത്തിലാണ് എന്നെ സംബന്ധിച്ചിടത്തോളം മറ്റൊരു തടസ്സം വന്നത്. ഡോക്ടർ നിർദേശിച്ച പോലെ എല്ലാ പരിശോധനകളും നടത്തി. അങ്ങനെ, എന്റെ പ്രോസ്റ്റേറ്റ് ബയോപ്സി ചെയ്യണമെന്ന് തീരുമാനിച്ചു. ഈ 'ഭയപ്പെടുത്തുന്ന' procedure പെട്ടെന്ന് ക്രമീകരിച്ചതിനാൽ എനിക്ക് കൂടുതൽ ചിന്തിക്കാൻ സമയമില്ലായിരുന്നു. എന്നിട്ടും രോഗ നിർണയം, ചികിത്സ, അതിനുശേഷമുള്ള റിക്കവറി, രോഗമുക്തി അങ്ങനെ എല്ലാത്തരം പ്രശ്നങ്ങളിലൂടെയും എന്റെ ചിന്തകൾ ഉള്ള സമയം കൊണ്ട് കാട് കയറി. ബയോപ്സിയിൽ കാൻസറിന് പോസിറ്റീവ് ആണെങ്കിലോ, metastatic workup വ്യാപകമായ രോഗം കാണിക്കുന്നെങ്കിലോ, എനിക്ക് ശസ്ത്രക്രിയ, റേഡിയേഷൻ, കീമോ എന്നിവയുടെ സങ്കീർണതകളും പാർശ്വ ഫലങ്ങളും ഉണ്ടായാലോ എന്നൊക്കെ ഞാൻ ചിന്തിച്ചു.

പ്രയാസം കൂടാതെ എന്റെ പ്രോസ്റ്റേറ്റ് ബിയോപ്സി നടന്നു. കാൻസർ ആണെന്ന് മനസ്സിലായി. ദിവ്യ സമാധാനം അനുഭവിച്ച ദിനങ്ങളായിരുന്നു പിന്നീടുള്ള രണ്ടാഴ്ചകൾ. Robotic radical prostectomy- ക്കായി തീരുമാനം എടുത്തപ്പോൾ അനേകം ദൈവമക്കൾ എനിക്കുവേണ്ടി പ്രാർഥിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ ചേർന്നു നിൽക്കുന്ന പള്ളിയിലും, പ്രാർഥനാ ഗ്രൂപ്പിലും, സ്വദേശത്തും വിദേശങ്ങളിലുമുള്ള ബന്ധുമിത്രാദികളുടെയും പ്രാർഥനയുടെ ബലം ഈ സമയങ്ങളിൽ അനുഭവിച്ചു.

Trevor Hudson- എഴുതിയ “Questions that God Ask Us”

(ദൈവം നമ്മോട് ചോദിക്കുന്ന ചോദ്യങ്ങൾ) എന്ന പുസ്തകം ഞങ്ങളുടെ ചെറിയ ഗ്രൂപ്പിൽ പഠിച്ചുകൊണ്ടിരുന്ന സമയമായിരുന്നു ഇത്. ഈ മാസം ഞങ്ങൾ ചർച്ച ചെയ്യേണ്ട ചോദ്യം; "Do you want to get healed" (നിനക്ക് സുഖം പ്രാപിക്കാൻ ആഗ്രഹമുണ്ടോ) എന്നതായിരുന്നു. ബേഥെസ്ദാ കുളത്തിനടുത്തുള്ള തളർവാതരോഗിയോട് യേശു ചോദിച്ചത് ഇതായിരുന്നു. മുപ്പത്തിയെട്ട് വർഷമായി അവൻ തുടർച്ചയായി അവിടെ കിടന്നു, ആരും അവനെ കുളത്തിലേക്ക് കൊണ്ടുപോയുമില്ല, സുഖപ്പെട്ടുമില്ല, ഇത്തരുണത്തിൽ യേശുവിന്റെ ചോദ്യം വിചിത്രമായി തോന്നിയേക്കാം. തുടർന്നുള്ള പഠനത്തിൽ അദ്ദേഹത്തിന്റെ ചോദ്യത്തിന്റെ ഗൗരവം ഞങ്ങൾ ഈ പുസ്തകത്തിലൂടെ മനസ്സിലാക്കി.

ഇന്ത്യയിലെ ഒരു മിഷനറിയായിരുന്ന Carlos Dellas-ന്റെ ജീവിതത്തിൽ നിന്നുള്ള ഒരു സംഭവം Trevor Hudson വിവരിച്ചു. ഒരു വേനൽക്കാല ദിനത്തിൽ അദ്ദേഹം ഉത്തരേന്ത്യയിലെ ഗ്രാമത്തിൽ സൈക്കിളിൽ സഞ്ചരിക്കുകയായിരുന്നു. അവൻ ഒരു സ്ഥലത്ത് എത്തിയപ്പോൾ ഒരു വല്ലാത്ത നിശബ്ദത അവിടെ ഘനീഭവിച്ചു നില്കുന്നപോലെ തോന്നി. കിളികളുടെ കരച്ചിൽ ഇല്ല, ഇലകൾ ഒന്നുപോലും അനങ്ങുന്നില്ല, ആകെപ്പാടെ മൂകമായൊരു നിശ്ചലത. അടുത്തുള്ള മരത്തിന്റെ കൊമ്പിൽ ഒരു ചെറിയ പക്ഷി ഇരിക്കുന്നത് കാർലോസ് ശ്രദ്ധിച്ചു. പക്ഷി അനങ്ങാതെ, പേടിച്ചു വിറങ്ങലിച്ചു, നിശ്ചലമായി മരക്കൊമ്പിൽ അള്ളിപ്പിടിച്ചിരിക്കുന്നു. ആ പക്ഷിയുടെ അടുത്ത് നിന്ന് അല്പം അകലെയായി ഒരു പാമ്പ്; ഒരു രാജവെമ്പാല, അതിന്റെ ഫണം വിടർത്തി, നാവ് പുറത്തേക്ക് നീട്ടി, ശീൽക്കാരത്തോടെ, പാവം പക്ഷിയുടെ നേരെ നിൽക്കുന്നു. മൂർഖന്റെ തുറിച്ചുനോട്ടം പക്ഷിയെ ആകെ തളർത്തിയ അവസ്ഥയിലേക്ക് തള്ളിവിടുന്നു. പക്ഷിക്ക് ഇപ്പോഴും ആരോഗ്യമുള്ള ചിറകുകളുണ്ടെങ്കിലും, അതിനു പറക്കാൻ കഴിയുന്നില്ല, ശബ്ദത്തിന് കുഴപ്പമൊന്നുമില്ലെങ്കിലും, അവൾക്ക് പാടാൻ പറ്റുന്നില്ല. കാർലോസ് സ്ഥിതിഗതികൾ വിലയിരുത്തുകയും തന്നാൽ കഴിയുന്നത് ചെയ്യാൻ തീരുമാനിച്ചു. അവൻ ഒരു വലിയ ശബ്ദമുണ്ടാക്കി പാമ്പിന്റെ ശ്രദ്ധ തെറ്റിച്ചു. മൂർഖൻ ഫണം താഴ്ത്തി അവിടന്ന് തെന്നിമാറി. മനോഹരമായ ഒരു രാഗം ആലപിച്ചുകൊണ്ട് ആ ചെറിയ പക്ഷി ചിറകടിച്ച് എങ്ങോട്ടോ പറന്നുപോയി!



ഇതേ പ്രതിഭാസം നേരിട്ട് കാണാൻ ശസ്ത്രക്രിയ വിഭാഗത്തിൽ ജോലി ചെയ്യുമ്പോൾ എനിക്ക് ഇടയായിട്ടുണ്ട്. ആശുപത്രിയിലെ ഒരു മുറിയിലേക്ക് കയറിച്ചെല്ലുമ്പോൾ, ഒരു ഭർത്താവ്, ഒരു പിതാവ്, ഒരു മുത്തച്ഛൻ, ഒരു ഭാര്യ, ഒരു അമ്മ, ഒരു മുത്തശ്ശി, ഒരു മകൾ അല്ലെങ്കിൽ ഒരു കൊച്ചുമകൾ കാൻസർ രോഗനിർണയവുമായി മല്ലടിക്കുന്നത് എന്റെ കണ്ണിൽ പെട്ടിട്ടുണ്ട്. ആ മുറിയിലെ നിശബ്ദത ഭയാനകം തന്നെ. കർട്ടനുകൾ അടച്ചിരിക്കുന്നു, ടെലിവിഷൻ സെറ്റ് ഓഫാക്കി, മുഖം കുനിച്ചു, മൂകമായ ഒരു അന്തരീക്ഷം. അക്ഷരാർത്ഥത്തിൽ പൂർണ്ണമായും തളർന്നു ആ മരച്ചില്ലയിൽ വിറങ്ങലിച്ചിരുന്ന ചെറിയ പക്ഷിയുടെ അതേ അവസ്ഥ. ചിറകുകൾ ഉണ്ടെങ്കിലും പറക്കാൻ കഴിയുന്നില്ല, വോക്കൽ കോർഡുകൾ ആ രോഗ്യമുള്ളതാണെങ്കിലും പാടാൻ പറ്റുന്നില്ല; ഒന്നുറക്കെ കരയാൻ പോലും സാധിക്കുന്നില്ല.

ഇവിടെക്കാണ് പരമ വൈദ്യനായ നസ്രായൻ കടന്നു വന്നു ചോദിക്കുന്നത്, 'നിനക്ക് സൗഖ്യമാകാൻ മനസ്സുണ്ടോ'. തളർവാതക്കാരനോട് എഴുന്നേറ്റ് കിടക്ക എടുത്തു നടക്ക എന്ന് കല്പിച്ചു, അവൻ അനുസരിച്ചു. വിശ്വാസത്തിൽ ഒരു വലിയ ചുവടു വയ്പ്പ് ആയിരുന്നു അത്. മുപ്പത്തിയെട്ട് വർഷമായി മറ്റുള്ളവരെ ആശ്രയിക്കുന്ന ജീവിതത്തിൽ നിന്ന്, പുതിയ ജീവിതത്തിന്റെ സാധ്യതകളും സ്വാതന്ത്ര്യവും അതോ ടൊപ്പം ഉത്തരവാദിത്തങ്ങളും നിറഞ്ഞ പുതു ജീവിതത്തിന്റെ തുടക്കം. യേശു നമ്മോടും ഇന്ന് ചോദിക്കുന്നു, 'നിനക്ക് സൗഖ്യമാകാൻ മനസ്സുണ്ടോ.'

രോഗങ്ങളും പ്രയാസങ്ങളും നിറഞ്ഞ ജീവിതത്തിൽ ഭീതിയുടെയും ആശങ്കകളുടെയും അനുഭവങ്ങൾ വരുമ്പോൾ തടങ്കൽ പാറകളെ മാറ്റി തരുന്ന ദൈവം തന്റെ അദൃശ്യ കരങ്ങളാൽ നമ്മെയും താങ്ങി നടത്തട്ടെ.

അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും; നിന്റെ മുറിവുകൾക്കു വേഗത്തിൽ പൊറുതിവരും; നിന്റെ നീതി നിനക്കു മുമ്പായി നടക്കും; യഹോവയുടെ മഹത്വം നിന്റെ പിമ്പട ആയിരിക്കും.

യെശയ്യാവ് 58: 8







Gracy George Article

## എന്റെ വിശ്വാസ യാത്രയിലെ

# ദൈവത്തിന്റെ കരുതൽ

എന്റെ പേര് ഗ്രേസി ജോർജ്; കേരളത്തിലെ പിരളശ്ശേരിയിൽ ജനിച്ചു. ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന, എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും കുടുംബ പ്രാർത്ഥനയും നടത്തുന്ന മാതാപിതാക്കൾ ദൈവഭയത്തിൽ എന്നെ വളർത്തി. ക്രിസ്ത്യൻ ഗാനങ്ങൾ പാടുന്നതിലും പ്രാർത്ഥിക്കുന്നതിലും എന്റെ പിതാവ് എനിക്ക് മാതൃകയായിരുന്നു.

ചെറുപ്പകാലത്തു ഞാൻ ആരോഗ്യവതിയും സ്കൂളിലും മറ്റും വിവിധ കായിക ഇനങ്ങളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. ഞാൻ കോളേജിൽ പോകണമെന്ന് എന്റെ കുടുംബം ആഗ്രഹിച്ചിരുന്നെങ്കിലും, നഴ്സിങ്ങിൽ ആയിരുന്നു എന്റെ താല്പര്യം. എന്റെ നഴ്സിംഗ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ഞാൻ ജോലി തേടി ഡൽഹിയിലേക്ക് പോയി.

ഞാൻ ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന ആശുപത്രി ജോലിക്കായി ഒരു സാധാരണ മെഡിക്കൽ പരിശോധന നടത്തുമ്പോൾ, ഒരു എക്സ്റേ ആവശ്യമായി വന്നു. അതിൽ നിന്നും ഹൃദയത്തിന്റെ ചില പ്രശ്നങ്ങൾ വെളിവായി. അങ്ങനെ എനിക്ക് ജന്മനാ ഹൃദയ വൈകല്യമുണ്ടെന്ന് ഞാൻ ആദ്യമായി അപ്പോൾ കണ്ടെത്തുകയായിരുന്നു. അവരുടെ കണ്ടുപിടുത്തത്തിനുശേഷം, ആശുപത്രി ആദ്യം എന്റെ ജോലി നിഷേധിച്ചു. ഇത് എന്നെ സംബന്ധിച്ചിടത്തോളം ഒരു ഞെട്ടിക്കുന്ന വാർത്തയായിരുന്നു, എന്തുചെയ്യണമെന്ന് അറിയില്ലായിരുന്നു. എന്നിരുന്നാലും, ദൈവത്തിന്റെ അദ്ഭുതകരമായ ഒരു ഇടപെടലിലൂടെ, ആശുപത്രി അധികൃതർ തിരികെ വന്ന് എനിക്ക് ജോലി വാഗ്ദാനം ചെയ്തു. എന്നെ ആശ്വസിപ്പിക്കാൻ അടുത്ത കുടുംബങ്ങളൊന്നുമില്ല. എങ്കിലും ഈ പ്രയാസകരമായ സമയങ്ങളിൽ കർത്താവ് ആശങ്കകൾ എല്ലാം ദൂരീകരിച്ചു എന്നെ എപ്പോഴും ധൈര്യപ്പെടുത്തി കൊണ്ടിരുന്നു,

ഞാൻ ജോലി ചെയ്യാൻ തുടങ്ങിയതിനുശേഷം, ഒരു കാർഡിയോളജിസ്റ്റിനെ കാണാൻ ആശുപത്രി അധികൃതർ എന്നെ നിർബന്ധിച്ചു. രോഗനിർണയം സ്ഥിരീകരിക്കുന്നതിനായി ഒരു കാർഡിയാക് കത്തീറ്ററൈസേഷൻ നടത്താൻ കാർഡിയോളജിസ്റ്റ് നിർദ്ദേശിച്ചു. ഈ സമയത്ത് എന്റെ ജ്യേഷ്ഠ സഹോദരൻ ജോയ് എന്നോടൊപ്പം വന്നത് വലിയ സഹായമായി. ഹൃദയത്തിന്റെ ആട്രിയങ്ങൾക്കിടയിൽ ഒരു സുഷിരമുണ്ടെന്ന് റിപ്പോർട്ട് വെളിപ്പെടുത്തി. അത് പാച്ച് ചെയ്യുന്നതിനായി തുറന്ന ഹൃദയ ശസ്ത്രക്രിയ മാത്രമാണ് ഏക പോംവഴി. ഈ വാർത്ത കേട്ടിട്ട് ഞാൻ ആകെ തകർന്നുപോയി. ദൈവത്തോട് നിലവിളിക്കുക മാത്രമാണ് എനിക്ക് ചെയ്യാനായത്. ആ സമയത്ത്, എനിക്ക് ക്രിസ്തുവുമായി ആളത്വപരമായ ബന്ധമില്ലായിരുന്നു, പക്ഷേ എനിക്കുവേണ്ടി അവൻ കുരിശിൽ മരിച്ചുവെന്ന് എന്ന വ്യക്തമായ ബോധ്യം എനിക്കുണ്ടായിരുന്നു. എല്ലാ ദിവസവും ബൈബിൾ വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരു ശീലം എനിക്കുണ്ടായിരുന്നു, ഞാൻ പതിവായി പള്ളി ആരാധനയിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. അത് എനിക്ക് ജീവിതം തുടരാനുള്ള സമാധാനവും ശക്തിയും നൽകി. എനിക്ക് രോഗലക്ഷണങ്ങൾ ഇല്ലാത്തതിനാൽ, ഞാൻ ജോലി തുടർന്നു. ആ സമയത്ത്, ഞാൻ അമേരിക്കയിലേക്ക് വരാനുള്ള അവസരം തേടുകയായിരുന്നു. അമേരിക്കയിലേക്ക് പോകുന്നതിനുമുമ്പ്, ഞാൻ വിവാഹിതനാകണമെന്ന് എന്റെ പിതാവ് വളരെയധികം ആഗ്രഹിച്ചു, അതിനായി പ്രാർഥിച്ചു കൊണ്ടിരുന്നു. അങ്ങനെ, ഇതിനകം അമേരിക്കയിൽ ഉണ്ടായിരുന്ന ബാബു ടി ജോർജ് എന്ന ഒരാളെ അദ്ദേഹം കണ്ടെത്തി.

എന്നിരുന്നാലും, എന്നെ അറിയാവുന്നവർ എന്റെ ഹൃദയത്തിന്റെ അവസ്ഥയെക്കുറിച്ച് അദ്ദേഹത്തിനു മുന്നറിയിപ്പ് നൽകി. പക്ഷേ, ഇത് ബാച്ചായനെ പിന്തിരിപ്പിച്ചില്ല, തന്റെ ഉറച്ച ദൈവ വിശ്വാസവും, ദയയും ദൈവകൃപയും കാരണം, വിവാഹനിശ്ചയം തുടർന്നു, ഞങ്ങൾ രണ്ടുപേരും സ്ഥലത്തില്ലെങ്കിലും ഞങ്ങളുടെ മാതാപിതാക്കൾ വിവാഹത്തിനുള്ള തീരുമാനങ്ങൾ എടുത്തു. ഇന്ന് ഞാൻ പിറകോട്ടു ചിന്തിക്കുമ്പോൾ, എനിക്ക് സാക്ഷ്യപ്പെടുത്താൻ കഴിയും എല്ലാം സർവശക്തൻ എത്ര അത്ഭുതമായി കരുതി, ക്രമീകരിച്ചു എന്ന്.

1973 ഡിസംബറിൽ ഞാൻ യുഎസിൽ എത്തി, ഞങ്ങളുടെ വിവാഹം 1974 ജനുവരിയിൽ ന്യൂയോർക്ക് നഗരത്തിലായിരുന്നു. ഞങ്ങളുടെ ഒരു മാസത്തെ കുടുംബ ജീവിതത്തിനു ശേഷം, എന്റെ ജീവിതത്തിൽ ആദ്യമായി നെഞ്ചു വേദന അനുഭവപ്പെട്ടു, അതിനുശേഷം ഇടയ്ക്കിടെ വേദന അനുഭവപ്പെട്ടുകൊണ്ടിരുന്നു. 1975 ആഗസ്റ്റിൽ എനിക്ക് എന്റെ ആദ്യത്തെ മകൻ ഷിബു ജനിച്ചു. താമസിയാതെ നെഞ്ചു വേദന വർദ്ധിച്ചു. ബ്രൂക്ലിനിൽ ഞാൻ ജോലി ചെയ്തിരുന്ന ഹോസ്പിറ്റലിൽ കാർഡിയോളജിസ്റ്റ് ഡോ. രാധാകൃഷ്ണൻ, എനിക്ക് ഇന്ത്യയിൽ നൽകിയ അതേ രോഗനിർണയത്തിൽ എത്തിച്ചേർന്നു, ആട്രിയൽ സെപ്റ്റമിനുമിടയിലുള്ള സുഷിരം പാച്ച് ചെയ്യാനുള്ള ഓപ്പൺ ഹാർട്ട് സർജറിയാണ് ഏക ചികിത്സാ മാർഗ്ഗമെന്ന് എന്നെ അറിയിച്ചു.

താമസിക്കുംതോറും തിരുത്താനാവാത്ത തകരാറുകൾ ഉണ്ടാകുമെന്ന് ഭയന്ന് എത്രയും വേഗം ശസ്ത്രക്രിയ നടത്താൻ അദ്ദേഹം എന്നെ പ്രോത്സാഹിപ്പിച്ചു. 1979 ജൂലൈയിൽ എനിക്ക് തുറന്ന ഹൃദയ ശസ്ത്രക്രിയ നടത്തി. എന്റെ ശസ്ത്രക്രിയ സമയത്ത് എന്റെ അമ്മയും അമ്മാച്ചൻ റവ.ഡോ.എം.കെ. തോമസ് അച്ചനും വന്നു ചേർന്നു. ഞങ്ങളുടെ കുടുംബത്തെ സഹായിക്കാൻ തോമസ് അച്ചൻ ഞങ്ങളോടൊപ്പം സദാ സന്നദ്ധനായിരുന്നു. ശസ്ത്രക്രിയയ്ക്ക് ശേഷം ശാരീരികമായി സുഖം പ്രാപിച്ചു. അടുത്ത വർഷം 1980 സെപ്റ്റംബറിൽ സോഫിയ എന്ന പെൺകുഞ്ഞ് ഞങ്ങൾക്ക് ജനിച്ചു. ഡോക്ടറുടെ അശ്രദ്ധ കാരണം അവൾ നാല്പത്തിയെട്ട് മണിക്കൂറിനു ശേഷം ഞങ്ങളെ വിട്ടു കടന്നുപോയി. മാനസീകമായി വളരെ വേദനയിൽകൂടെ കടന്നു പോയ സമയങ്ങൾ ആണവ.

ആ സമയത്ത്, ഞങ്ങൾ താമസിച്ചിരുന്ന അപ്പാർട്ട്മെന്റ് കെട്ടിടത്തിൽ ദൈവം ഒരു കൂട്ടം പ്രാർത്ഥന യോദ്ധാക്കളെ നൽകി. എന്റെ വേദനകളെ നേരിടാൻ അവർ എന്നെ സഹായിച്ചു, എന്നോടൊപ്പം പ്രാർത്ഥിച്ചു, ആ പ്രാർത്ഥനാ യോദ്ധാക്കൾ എനിക്ക് ശക്തിപ്പെടുത്തുന്ന സാന്നിധ്യമായിരുന്നു എന്നത് നന്ദിയോടെ ഇപ്പോഴും ഓർക്കുന്നു. എന്നിരുന്നാലും, വേദന അസഹനീയമായിരുന്നു, എനിക്ക് ജോലി തുടരാനും ന്യൂയോർക്കിൽ താമസിക്കാനും കഴിഞ്ഞില്ല. അതിനാൽ 1980 നവംബറിൽ ഞാൻ വിഎ മെഡിക്കൽ സെന്ററിൽ ജോലി കിട്ടിയതനുസരിച്ചു ഞങ്ങൾ ടെക്സസിലെ ഹ്യൂസ്റ്റണിലേക്ക് പോകാൻ തീരുമാനിച്ചു.

1981 സെപ്റ്റംബറിൽ ഞങ്ങളുടെ രണ്ടാമത്തെ മകൻ എബി ഡ്യൂ ഡേറ്റിനും അല്പം നേരത്തെ ജനിച്ചു. ഗർഭാവസ്ഥയിൽ



ഞാൻ കഴിച്ചിരുന്ന എല്ലാ മരുന്നുകളും കാരണം ഞങ്ങൾക്ക് വീണ്ടും കുഞ്ഞുങ്ങൾ ഉണ്ടാകില്ലെന്ന് ഞങ്ങൾ ഭയപ്പെട്ടു. എന്നാൽ കരുണാമയനായ യേശു എത്ര വലിയവൻ. ഒരു വർഷം മുമ്പ്, ഞങ്ങളുടെ മകൾ സോഫിയ മരിച്ച അതേ ദിവസം തന്നെ എബിയെ ഭവനത്തിൽ കൊണ്ടുവരാൻ ദൈവം ഞങ്ങൾക്ക് കൃപ തന്നു. തുടർന്നുള്ള വർഷങ്ങളിൽ, എന്റെ ഹൃദയ പ്രശ്നങ്ങൾ തുടർന്നു, ഞാൻ പ്രതിവർഷം എമർജൻസി റൂമിലേക്ക് രണ്ട് മൂന്ന് യാത്രകൾ നടത്തുമായിരുന്നു. എന്നിരുന്നാലും, 2005 ൽ ഒരു അബ്ലേഷൻ എന്ന മെഡിക്കൽ പ്രക്രിയയ്ക്ക് ശേഷം കാര്യങ്ങൾ കൂടുതൽ മെച്ചപ്പെട്ടു.

എന്റെ എല്ലാ പോരാട്ടങ്ങളിലൂടെയും എനിക്ക് പറയാനാകുന്നത് ***'ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണയപ്രകാരം വിളിക്കപ്പെട്ടവർക്ക് സകലവും നന്മക്കായി കൂടി വ്യാപാരിക്കും' (റോമർ 8:28)*** എന്നാണ്. നമ്മുടെ നന്മയ്ക്കായി ഒത്തുചേരുന്ന സംഭവങ്ങൾ വെറും യാദൃശ്ചികമല്ലെന്ന് ഞാൻ വിശ്വസിച്ചു, അനുഭത്തിലൂടെ പഠിച്ചു. ഒരു വ്യക്തിയുടെ ജീവിതത്തിലെ ദൈവത്തിന്റെ പരമാധികാര നിയന്ത്രണത്തിന്റെ ഫലമാണ് അവ എന്ന് ഞാൻ മനസ്സിലാക്കി. എന്റെ ജീവിതത്തിലുടനീളം ദൈവം ശാന്തമായും ക്ഷമയോടെയും പ്രവർത്തിച്ചു. ദൈവത്തിന്റെ സാന്നിദ്ധ്യം എന്റെ ജീവിതത്തിന്റെ എല്ലാ പ്രതലങ്ങളിലും നിറഞ്ഞു. ആളത്വപരമായി ഞാൻ കർത്താവിനെ അറിയാഞ്ഞപ്പോൾ പോലും അവൻ എന്നെ തേടി വന്നു.. ഈ ജീവിതത്തിനും അതോടൊപ്പമുള്ള എല്ലാത്തിനും ഞാൻ എന്റെ ദൈവത്തോട് ഞാൻ കടപ്പെട്ടിരിക്കുന്നു.



# അനുഗ്രഹങ്ങൾക്ക് മദ്ധ്യേ
# രോഗം എന്ന
# പരീക്ഷ



**Many Varghese** | Article

*ദൈവമേ! എന്നെക്കുറിച്ചുള്ള അവിടുത്തെ ചിന്തകൾ എത്ര വിലപ്പെട്ടതാണ്. അവയെ എണ്ണി തീർക്കാൻ അവതില്ലല്ലോ. ഞാൻ ജനിക്കുന്നതിനു മുൻപേ, അങ്ങ് എന്നെ കണ്ടിരുന്നു. എന്റെ ജീവിതത്തിലെ ഓരോ നിമിഷവും അങ്ങയുടെ ജീവ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കർത്താവെ! അങ്ങ് എന്റെ പ്രകാശവും രക്ഷയുമാകുന്നു. സങ്കീർത്തനങ്ങൾ: 139.*

എന്റെ പേര് മണി വർഗീസ്. എന്റെ രോഗശാന്തി യാത്രയിലെ ചില ഏടുകൾ പങ്കുവയ്ക്കട്ടെ.

കേരളത്തിലെ 'മാന്നാറിൽ', ദൈവ ഭയത്തിൽ ജീവിക്കുന്ന മാതാപിതാക്കളുടെ ഏഴാമത്തെ മകളായി ഞാൻ ജനിച്ചു. ഞാൻ ഹൈസ്കൂളിൽ പഠിക്കുന്ന സമയത്താണ് എന്റെ പിതാവ് അന്തരിച്ചത്. 'അമ്മ 'കെയർ ടേക്കർ' എന്ന നിലയിൽ ചുമതലകൾ ഏറ്റെടുത്തു. ദൈനംദിന പ്രാർത്ഥന, സൺഡേ സ്കൂൾ, പള്ളി സേവനങ്ങൾ, എന്നിവ ഞങ്ങളുടെ ജീവിതത്തിന്റെ അവിഭാജ്യ ഘടകങ്ങൾ ആയിരുന്നു. 'പമ്പാ' കോളേജിൽ ആയിരുന്നു എന്റെ പ്രീയൂണിവേഴ്സിറ്റി പഠനം. അതിനു ശേഷം എന്റെ മൂത്ത സഹോദരി 'ലില്ലി ജോസഫ്', എന്നെ ഉന്നത പഠനത്തിനായി ബോംബെയിലേക്ക് കൊണ്ടുപോയി. അവിടെ വെച്ചാണ്, നഴ്സിങ്ങിനെ എന്റെ 'കരിയറായി' തെരഞ്ഞെടുത്തത്.



1975-ൽ ബിരുദാനന്തരം, എന്റെ കുടുംബം, എനിക്കായ് ഒരു വിവാഹ ആലോചനയുമായെത്തി. അമേരിക്കയിലെ ഡാളസിൽ പഠിച്ചുകൊണ്ടിരുന്ന തങ്കച്ചൻ എന്ന റ്റോണി വർഗീസായിരുന്നു ഉദ്ദിഷ്ഠ വരൻ. അതിനുശേഷം ചില കത്തുകളിലൂടെയും ടെലിഫോൺ സംഭാഷണങ്ങളിലൂടെയും ഞങ്ങൾ പരസ്പരം അറിയുകയും സ്നേഹം പങ്കിടുകയും ചെയ്തു. ഞാൻ 'യു .എസ്.എ.' യിൽ എത്തി, 1976 മാർച്ച് 27-ന് ഡാളസിൽ വെച്ച് ഞങ്ങൾ വിവാഹിതരായി. ദൈവം ഞങ്ങൾക്ക് രണ്ടു മക്കളെ തന്നു അനുഗ്രഹിച്ചു. ദൈവാനുഗ്രഹത്താൽ ഞങ്ങളുടെ രണ്ടു കുട്ടികളുടെയും വിവാഹം മംഗളകരമായി നടന്നു. ഇന്ന് ഞങ്ങൾ അമൂല്യ നിധികളായ, നാലു പേരക്കുട്ടികളുടെ സ്നേഹവും സന്തോഷവും അനുഭവിച്ചു ജീവിക്കുന്നു.

ഇനി എന്റെ കഥയിലെ വേദനാ നിർഭരമായ കാലഘട്ടത്തിലൂടെ ഒന്ന് പരതി നോക്കാം. 2012 ലെ അവധിക്കാലത്തു ഞങ്ങൾ ഇന്ത്യ സന്ദർശിച്ചു. ആ സമയത്താണ്, 94 വയസ്സുള്ള എന്റെ മാതാവിന്, വൃക്ക സംബന്ധമായ അസുഖം പിടിപെടുകയും 'ഡയാലിസിസ്' ആവശ്യമായതിനാൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ഞങ്ങൾ തിരികെ യൂ.എസ്സിൽ എത്തിയ ഉടനെ, 'അമ്മ ഇഹലോകവാസം വെടിഞ്ഞു' എന്ന വാർത്തയാണ് നാട്ടിൽ നിന്നും കിട്ടിയത്. അടുത്ത ദിവസം തന്നെ ഞാൻ തിരികെ നാട്ടിലേക്ക് പുറപ്പെട്ടു, എന്റെ അമ്മക്ക് അന്ത്യ ചുംബനം നൽകി യാത്ര അയക്കാനായി.

2012 ആരംഭം മുതലേ ദുഃഖത്തിന്റെ മുള്ളുകൾ വിതച്ചു തുടങ്ങി. ആ വർഷത്തെ വൈദ്യ പരിശോധനയിൽ, എനിക്ക് ആരോഗ്യ പ്രശ്നങ്ങൾ ഒന്നും ഉള്ളതായി കണ്ടില്ല എന്നതിൽ ഞാനും സന്തോഷവതി ആയിരുന്നു. എനിക്ക് 39 വയസ്സുള്ളപ്പോൾ, 'എൻഡോമെട്രിയോസിസ്' എന്ന രോഗം മൂലം, എന്റെ ഗർഭാശയ ശസ്ത്രക്രിയ നടത്തിയിരുന്നു. അതിനു ശേഷം 'പ്രിമറിന് ' എന്ന മരുന്ന് ഹോർമോണിനു വേണ്ടി കഴിഞ്ഞ പത്തൊൻപതോളം വർഷങ്ങളായി കഴിച്ചു കൊണ്ടിരിക്കുക ആയിരുന്നു. 60 -ാം വയസ്സിലും സാമാന്യം ആരോഗ്യത്തോടെ ജീവിക്കാൻ ദൈവം എന്നെ അനുഗ്രഹിച്ചു. എന്നാൽ അധികം താമസിയാതെ, എന്തോ അപാകത ശാരീരികമായി അനുഭവപ്പെട്ടതിനാൽ, ഡോക്ടറുടെ നിർദ്ദേശപ്രകാരം ഒരു മുൻ കരുതലിനായി, 'മാമ്മോഗ്രാം' പരിശോധനക്ക് ഞാൻ വിധേയയായി. പരിശോധനയിൽ ഒരു മുഴ കണ്ടതിനാൽ ഉടനെ 'ബയോപ്സിയും' നടത്തി.

ഡോക്ടറുടെ ടെലിഫോൺ വിളി എത്തിയപ്പോൾ, സംയമനം പാലിച്ചുകൊണ്ട് തന്നെ ഞാൻ സംഭാഷണം ആരംഭിച്ചു. 'നിങ്ങൾ വീട്ടിൽ തനിച്ചാണോ ഇപ്പോൾ?' എന്ന്, ഇടറിയ ശബ്ദത്തിലുള്ള ഡോക്ടറുടെ ചോദ്യം എന്നെ അല്പം ആശങ്കയിലാക്കി. സ്വസ്ഥമായിട്ടു ഇരുന്നു, ക്ഷമയോടെ കേൾക്കണം എന്ന ഡോക്ടറുടെ അഭ്യർഥനയിൽ ഒരു ദുഃഖത്തിന്റെ നിഴലാട്ടം ഞാൻ ദർശിച്ചു. 'ബയോപ്സിയിൽ, ക്യാൻസർ ഉണ്ടെന്നു തെളിഞ്ഞിരിക്കുന്നു........' ഉള്ളിന്റെ ഉള്ളിൽ നിന്നു... ചൂടുള്ള ഒരു ദീർഘ നിശ്വാസം അന്തരീക്ഷത്തിൽ ലയിച്ചു. 'ഇത് എന്റെ റിപ്പോർട്ട് തന്നെയാണോ, ഫയലുകൾ മാറിപ്പോയിട്ടില്ലല്ലോ...?, എന്നൊക്കെ സംശയ നിവൃത്തിക്കായി ആരാഞ്ഞു. ആരും അങ്ങനെ ഒരു വാർത്ത ലഭിക്കാൻ ഇഷ്ടപ്പെടുകയില്ലല്ലോ. ഒരു നിമിഷത്തെ നിശ്ശബ്ദതയ്ക്കു ശേഷം ഞാൻ പറഞ്ഞു, 'സാരമില്ല ദൈവം എല്ലാം നിയന്ത്രിക്കുന്നു'. ആ ദൈവമാണ് എന്നോടൊപ്പമുള്ളതു. 'എനിക്ക് ഭയമില്ല'. ഈ വാക്കുകളാണ് ദൈവം എനിക്ക് തന്ന ഉറപ്പു, ഞാൻ എന്റെ വായ് കൊണ്ട് ഉച്ചരിച്ചത്. എന്റെ ഡോക്ടർ ചോദിച്ചു, 'നിങ്ങൾക്ക് വേണ്ടി ഞാനും പ്രാർത്ഥിക്കട്ടെ?'. ഞാൻ പറഞ്ഞു 'തീർച്ചയായും.. ദയവായി.. പ്രാർത്ഥിക്കൂ...'

എന്റെ ഭർത്താവു തങ്കച്ചൻ അന്ന് ജോലി കഴിഞ്ഞു എത്തി. ഒന്നും സംഭവിക്കാത്ത മട്ടിൽ, പതിവ് പോലെ കുശലപ്രശ്നങ്ങൾക്കു ശേഷം ..., ഞാൻ സങ്കടവാർത്ത അറിയിച്ചു. അദ്ദേഹം ശിലാ പ്രതിമ കണക്കെ ഒരു നിമിഷം സ്തബ്ധനായി....പിന്നെ ആശ്രു ധാരയോടെ എന്നെ ചേർത്ത് പിടിച്ചു. ഞങ്ങൾ ഒരുമിച്ചു ദൈവ സന്നിധിയിൽ മുട്ട് മടക്കി,.....രക്ഷയുടെ മാർഗ്ഗം തെളിയിച്ചു തരേണമെന്നും,..ഞങ്ങളെ കൈ പിടിച്ചു നടത്തേണമെന്നും പ്രാർത്ഥിച്ചു.

എന്റെ 'ഓൺകോളജി' ഡോക്ടർ വളരെ ധൈര്യം നൽകുന്ന രീതിയിലാണ് സംസാരിച്ചത്. 'മണി, ഒട്ടും വിഷമിക്കേണ്ടതില്ലാ. വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന തരം കാൻസർ അല്ല നിങ്ങൾക്കുള്ളത്'. ആ സംസാരം എനിക്ക് കൂടുതൽ ധൈര്യം നൽകി. അടുത്ത ദിവസം ഞാൻ ജോലിക്കെത്തി, സഹപ്രവർത്തകരും, എന്റെ 'ചെയർമാനും' ആയി, എന്റെ രോഗ വിവരം പങ്കിട്ടു. എല്ലാവരും എ നി ക്ക് ധൈര്യം പകർന്നു നൽകികൊണ്ട്, 'ഒട്ടും ഭയപ്പെടേണ്ടാ, എന്ന ആശ്വാസ വചനമാണ് നൽകിയത്.

എനിക്ക് കാൻസർ ഉണ്ടാകുവാനുള്ള കാരണമായി വിദഗ്ദ്ധർ സംശയിക്കുന്നത്, ഞാൻ വളരെ നാളുകളായി കഴിച്ചു കൊണ്ടിരിക്കുന്ന 'ഹോർമോൺ സപ്ളിമെന്റുകളെയാണ്'. അതിനാൽ, 31 ദിവസത്തെ റേഡിയേഷന് ശേഷം ലംപെക്ടമി നടത്തുക എന്ന ഉദ്ദേശമായിരുന്നു, ആദ്യം. വിവിധങ്ങളായ പല അഭിപ്രായങ്ങളും ഉണ്ടായെങ്കിലും, ശസ്ത്രക്രീയ നടത്താൻ തന്നെ ഞങ്ങൾ തീരുമാനിച്ചു. അതിനു ശേഷം എന്റെ കുട്ടികളോടും സഹോദരങ്ങളോടും സുഹൃത്തുക്കളോടും തീരുമാനം അറിയിച്ചു. അവരുടെ എല്ലാം പിന്തുണയും പ്രാർത്ഥനയും എനിക്ക് ബലം നൽകി. പ്രത്യേകിച്ചും എന്റെ ഭർത്താവിന്റെയും കുട്ടികളുടെയും നിരുപാധികമായ സ്നേഹവും ദൈവാശ്രയവും കരുതലും പ്രാർത്ഥനയും എനിക്ക് കരുത്തു പകർന്നു നൽകി.

എന്റെ ശസ്ത്രക്രീയക്ക് ശേഷം, അതെ ദിവസം തന്നെ വീട്ടിലേക്കു പോകുവാൻ എനിക്ക് കഴിഞ്ഞു. എന്റെ സുഹൃത്തായ 'സൂസൻ',എനിക്ക് തുണയായി അന്നേ ദിവസം എന്നോടൊപ്പം വീട്ടിൽ താമസിച്ചു എന്നതു നന്ദിയോടെ ഇന്നും ഓർക്കുന്നു. അത് പോലെ എന്റെ ക്ഷേമത്തിനും രക്ഷക്കുമായി പ്രാർത്ഥിച്ച സഭാകുടുംബത്തിനോടും എല്ലാ സുഹൃത്തുക്കളോടും ഉള്ള നന്ദിയും സ്നേഹവും ഒരിക്കൽ കൂടി അറിയിക്കുന്നു. ശസ്ത്രക്രീയ കഴിഞ്ഞു, 6 ആഴ്ച കഴിഞ്ഞപ്പോൾ, എല്ലാം 'ശരിയായി' / വിജയകരമായിരുന്നു എന്ന് എന്നെ അറിയിച്ചെങ്കിലും, എം.ഡി.ആൻഡേഴ്‌സൺ ആശുപത്രിയിൽ പരിശോധിച്ച സ്ലൈഡിൽ, ക്യാൻസറിനെ കുറിച്ചുള്ള 'മാർജിൻ' വ്യക്തം ആയിരുന്നില്ല. ഈ വിവരം ഞാൻ എന്റെ സർജന്റെ ശ്രദ്ധയിൽ പെടുത്തുകയും, അദ്ദേഹം വീണ്ടും മുറിവ് തുറന്ന്, കൂടുതൽ 'ടിഷ്യുകൾ 'എടുത്തു പരിശോധിക്കുകയും ചെയ്തു. ഉത്കണ്ഠയും പരിഭ്രമവും അവശേഷിപ്പിക്കാത്ത, സന്തോഷകരമായ ഉത്തരം ലഭിച്ചു....'ഞാൻ..ക്യാൻസർ വിമുക്ത ആയിരിക്കുന്നു'.

പിന്നീട്, 'റേഡിയേഷൻ' അടുത്ത 31 ദിവസങ്ങൾ തുടർന്നു. അതിനുശേഷം ഇപ്പോൾ 8 വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞു, ഞാൻ ക്യാൻസറിൽ നിന്നും സ്വതന്ത്ര ആയിട്ടു. ഈ സാഹചാരിങ്ങളെ ഞാൻ എങ്ങനെ അഭിമുഖീകരിച്ചു എന്ന് ചോദിച്ചാൽ, അത് ദൈവ കൃപ കൊണ്ട് മാത്രമാണ്. ദൈവം സ്നേഹവാനാണ്, നമ്മുടെ ഇരുളടഞ്ഞ ദിനങ്ങളിൽ അവൻ നമ്മെ കൈവിടുകയില്ല. നമ്മുടെ വേദനയിലും പരീക്ഷണങ്ങളിലും അവൻ നമ്മോടു ഒപ്പം ഉണ്ടാകും. എനിക്ക് വേണ്ടി പ്രാർത്ഥിച്ച ട്രിനിറ്റി ഇടവകാംഗങ്ങളോടും, മറ്റു ഇടവകാംഗങ്ങളോടും വീണ്ടും നന്ദി പറഞ്ഞു കൊള്ളുന്നു. ദുഷ്കരമായ കൊടുങ്കാറ്റിൽ അകപ്പെടുന്ന ഏതൊരാൾക്കും എന്റെ വ്യക്തിപരമായ സാക്ഷ്യം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ദൈവം നമ്മുടെ നാളുകളെ എണ്ണുന്നു. ആ ദൈവമാണ് എനിക്ക് രോഗ ശാന്തി നൽകിയത്. എന്റെ ചിന്തകളും പ്രാർത്ഥനകളും ഈ അസുഖം ബാധിച്ചവരോടും, പ്രീയപ്പെട്ടവരെ നഷ്ടപ്പെട്ടവരോടും ഒപ്പം ഉണ്ടായിരിക്കും. ദൈവം എനിക്ക് നൽകിയ വിടുതലും, അവന്റെ നന്മയും കരുതലും അവർക്കും പ്രേരക ശക്തിയായി ഭവിക്കട്ടെ. നമ്മുടെ സ്നേഹ നിധി ആയ കർത്താവു നമ്മുടെ ഹൃദയങ്ങളെയും ആഗ്രഹങ്ങളെയും അറിയുന്നു. അവൻ എല്ലാം നിയന്ത്രിക്കുന്നു. ദൈവത്തിന്റെ ആത്മാവ് നമ്മോടൊപ്പം ഉള്ളതിനാൽ ഭയപ്പെടേണ്ടാ, അത് നമ്മെ ശക്തരാക്കുന്നു. എല്ലാ സ്തുതികളും, നമ്മുടെ പിതാവായ ദൈവത്തിനും പുത്രനായ യേശുക്രിസ്തുവിനും ഉള്ളത്. തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും അവൻ സമീപസ്ഥൻ. ദൈവം ഏവരെയും ചേർത്ത് പിടിച്ചു ആശ്വസിപ്പിക്കട്ടെ! ആമേൻ!








Molly Chirayil Article

# ദൈവം എത്ര നല്ലവൻ

ദൈവ നാമത്തിനു മഹത്വം ഉണ്ടാകട്ടെ. ദൈവത്തിന്റെ കൃപയാൽ ഞാൻ ഇപ്പോൾ കാൻസർ മുക്തയാണ്. ദൈവത്തിനു സ്തോത്രം. എന്റെ ഈ കാൻസർ മുക്തി മുഴുവനായും ഒരു ദൈവിക വിടുതലായി മാത്രം ഞാൻ കാണുന്നു. അനേകരുടെ പ്രാർത്ഥനയിലൂടെ ലഭിച്ച ഒരു അത്ഭുത സൗഖ്യം എന്ന് പറയുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. സത്യം പറഞ്ഞാൽ ഞാൻ ഒരു പ്രാർത്ഥനാ വലയത്തിൽ ആയിരുന്നു എന്ന് തന്നെ പറയാം. നമ്മുടെ ഇടവകയിലെ എല്ലാരും, പ്രത്യേകിച്ച് അന്നത്തെ സൺഡേ സ്കൂൾ സൂപ്രണ്ട്, ഷൈനി ജോർജ് കുട്ടികളോടൊപ്പം പ്രാർത്ഥിക്കയും, സൺഡേ സ്കൂൾ കുട്ടികളോടൊപ്പം വീട്ടിൽ വരുകയും പ്രാർത്ഥിക്കയും ചെയ്തത് നന്ദിയോടെ ഓർക്കുന്നു.

അതോടൊപ്പം എന്റെ ബെന്നിച്ചായനും കുഞ്ഞുങ്ങളും സഹോദരീ സഹോദരങ്ങളും അവരുടെ കുടുംബത്തോടൊപ്പം പ്രാർത്ഥനയിൽ മുഴുകി, ഞങ്ങൾക്ക് വേണ്ട എല്ലാ സഹായങ്ങളും ചെയ്തു. അവരെല്ലാരും തന്നെ വളരെ അധികം സങ്കടത്തിലും വേദനയിലും ആയിരുന്നു. എന്നാൽ അവരെല്ലാരും മുട്ടിന്മേൽ നിന്ന് എനിക്കുവേണ്ടി വേണ്ടി പ്രാർത്ഥിച്ചു. അച്ചന്മാരുൾപ്പടെ നമ്മുടെ പള്ളിയിലെ പലരും വീട്ടിൽ വരുകയും അവരുടെ സമയം പ്രാർത്ഥനക്കായി ഞങ്ങൾക്ക് വേണ്ടി ചെലവഴിക്കയും ചെയ്തു. എനിക്കുവേണ്ടി ലോകം മുഴുവനും പ്രാർത്ഥിച്ചു എന്നാണ് എനിക്ക് പാലപ്പഴും തോന്നിയിട്ടുള്ളത്. അതുകൊണ്ട് എന്റെ മനസ്സിലുള്ള ഭാരവും ഭയവും കുറഞ്ഞതോടൊപ്പം എനിക്ക് ഒരു വലിയ സമാധാനം ലഭിച്ചു എന്ന് നിസ്സംശയം പറയാൻ കഴിയും.

ഈ സമയങ്ങളിൽ കർത്താവ് എന്റെ ഹൃദയത്തിൽ ഒരു വാക്യം തന്നു; *'**ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട്, ഭ്രമിച്ചു നോക്കേണ്ട ഞാൻ നിന്റെ ദൈവമാകുന്നു, ഞാൻ നിന്നെ ശക്തനാക്കും, നിന്നെ സഹായിക്കും. ഞാൻ നിന്നെ നീതിയുള്ള വലംകൈയാൽ താങ്ങും.**'* *(യെശയ്യാ 40: 10).* ഈ വാക്യം പല പ്രാവശ്യം എന്റെ ഉള്ളിൽ മുഴങ്ങി നിന്നു. ആ സമയത്തൊന്നും ഈ വാക്യം വേദപുസ്തകത്തിൽ ഏതു ഭാഗത്താണ് എന്ന് എനിക്കറിയില്ലായിരുന്നു. പല പ്രാവശ്യം പ്രാർത്ഥിച്ചപ്പോൾ പരിശുദ്ധാതമാവു തന്നെ എനിക്ക് ഈ വേദഭാഗം കാണിച്ചു തന്നു. പ്രിയമുള്ളവരേ, അതിനു ശേഷം പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരു സമാധാനം ഞാൻ അനുഭവിക്കാൻ ഇടയായി. എന്റെ കർത്താവിനെ ഞാൻ എന്റെ കൺമുമ്പിൽ തന്നെ കണ്ടു. ആ സമാധാനം തന്ന ഉറപ്പോടെ ഞാൻ 2014 February 21നു ഒരു ശസ്ത്രക്രിയയ്ക്കു വിധേയ ആയി. ഏകദേശം ഏഴു മണിക്കൂർ നീണ്ട സർജറി ആയിരുന്നു അത്. സമ്പൂർണ ഹിസ്ട്രക്ടമി (Total hysterectomy with laparoscopic robotic endometrial camera assisted surgey). Surgery കഴിഞ്ഞു ദൈവം എന്നെ ഉണർത്തി. എന്നാൽ ഒരു അത്ഭുതം ഇവിടെ സംഭവിച്ചു. സർജറിക്ക് മുൻപ് ഡോക്ടർ (Dr. Sharon West) എന്നോട് പറഞ്ഞു എന്റെ cancer സ്റ്റേജ് മൂന്നോ അല്ലെങ്കിൽ നാലോ ആണെന്നും ഇതിനു ശേഷം കീമോ തെറാപ്പി ഒപ്പം റേഡിയേഷനും വേണ്ടി വരും എന്ന്.

എന്നാൽ അതിപരിശുദ്ധനായ ദൈവത്തിന്റെ കൃപ കൊണ്ട് എന്റെ കാൻസർ സ്റ്റേജ് രണ്ടിലേക്കു മാറ്റപ്പെടുകയും പിന്നീട് ഒരു റേഡിയേഷനിൽ മാത്രം പരിമിതപ്പെടുത്തുകയും, കീമോ പൂർണമായും വേണ്ടന്ന് വയ്ക്കുകയും ചെയ്തു. ദൈവം എത്ര നല്ലവൻ! ഈ അത്ഭുതകരമായ വിടുതലിനായി ദൈവത്തിനു ആയിരമായിരം സ്തോത്രം. ദൈവമില്ലാതെ ഞാൻ ഒന്നുമല്ല. സർജറിക്കു മുൻപ് ഞാൻ സീ. ടീ. സ്കാൻ, പെറ്റ് സ്കാൻ, എം.ആർ.ഐ കൂടാതെ പല പ്രാവശ്യം രക്ത പരിശോധന മുതലായവയിൽ കൂടി കടന്നു പോയി. എന്നാൽ ഇതിൽ കൂടെ കടന്നു പോയത് കൊണ്ട് അങ്ങനെയുള്ള സമാന അവസ്ഥയിലൂടെ കടന്നു പോകുന്നവർക്കുവേണ്ടി ഞാൻ കൂടുതലായി പ്രാർത്ഥിക്കാൻ തീരുമാനിച്ചു. എനിക്ക് അവർ കടന്നു പോകുന്ന വലിയതായ പ്രയാസം മനസ്സിലാക്കാൻ കഴിയും. എന്റെ കുടുംബാംഗങ്ങൾ കടന്നു പോയ വേദന മനസ്സിലായതുകൊണ്ട് അസുഖങ്ങളിൽകൂടെ കടന്നു പോകുന്നവരുടെ കുടുംബാംഗങ്ങളുടെ വേദനയും ഞാൻ മനസ്സിലാക്കി. അവരോട് എനിക്ക് അവരോടെല്ലാം എനിക്ക് വ്യക്തമായി സധൈര്യം പറയാൻ കഴിയും ദൈവത്തിനു അസാധ്യമായി ഒന്നുമില്ല എന്ന്. ഈ ക്യാൻസറിലൂടെ കടന്നു പോയതുകൊണ്ട് എന്റെ വിശ്വാസം ഒന്ന് കൂടെ ശക്തമാകപ്പെട്ടു എന്ന് മാത്രം.

എന്റെ എല്ലാ പേടിയും ഭയവും പൂർണമായി ഇല്ലാതായി. ***എന്നെ ശക്തനാകുന്നവൻ മുഖാന്തിരം ഞാൻ സകലത്തിലും മതിയായവൻ*** എന്ന് വിശ്വസിച്ചു. സർജറിക്ക് ശേഷം രണ്ടു ദിവസം ഹോസ്പിറ്റലിൽ കിടന്നു. പലപ്പോഴും സഹിക്കാൻ വയ്യാത്ത വേദനയും അനുഭവപ്പെട്ടു. എന്നാൽ ദൈവം അതിൽക്കൂടെ ഒക്കെയും കടന്നു പോകാനുള്ള ബലവും എനിക്ക് തന്നു. മെനപ്പോസ് കഴിഞ്ഞാൽ പിന്നെ യൂട്രസ്സ് കാൻസർ വിരളമായേ ഉണ്ടാവൂ എന്നൊരു ചിന്ത ഉണ്ട്. അതുകൊണ്ട് ആദ്യമായി സ്പോട്ടിങ് കണ്ടപ്പോൾ ഞാൻ അത് അവഗണിച്ചു.

പിന്നീട് ഏതായാലും സംശയ നിവാരണത്തിനായി ഡോക്ടറെ കാണാൻ പോയി. പാപ് സമീർ തുടങ്ങിയ പരിശോധനകൾ നടത്തിയപ്പോൾ ഫലം പോസിറ്റീവ് ആണെന്ന് ഡോക്ടർ അറിയിച്ചു. സകല കുടുംബാംഗകളും (കുഞ്ഞുങ്ങളും, സഹോദരീ സഹോദരങ്ങളും) എം. ഡി. ആൻഡേഴ്സൺ മതി എന്ന് പറയുകയും എന്റെ ഏറ്റവും ഇളയ സഹോദരൻ ജോജി ഒരു ഡോക്ടറെ കണ്ടെത്തുകയും ചെയ്തു.

നല്ല പരിചയ സമ്പന്നനും അതോടൊപ്പം സൗമ്യനുമായ ഈ ഡോക്ടറുടെ കൂടെ വളരെ കരുതൽ ഉള്ള നഴ്സിംഗ് ടീമും എനിക്ക് ദൈവം ഒരുക്കി. ഇത് വായിക്കുന്നവരോട് എനിക്ക് പറയാനുള്ളത് ചെറിയ ചെറിയ മുന്നറിയിപ്പുകൾ നാം ഒരിക്കലും അവഗണിക്കരുത് എന്നാണ്. സ്നേഹവാനായ നമ്മുടെ ദൈവത്തോടും, നമുക്ക് പൂർണ വിശ്വാസം ഉള്ളവരോടും നമ്മുടെ പ്രശ്നങ്ങൾ തുറന്നു പറയുകയും അഭിപ്രായം ആരായുകയും ചെയ്തു മുന്നോട്ടു പോകേണം. കാരണം, കാൻസർ പോലുള്ള അസുഖം ആണെന്ന് കേൾക്കുമ്പോൾ നാം തളരുകയും പലപ്പോഴും അപക്വമായ തീരുമാനങ്ങൾ പെട്ടെന്ന് എടുക്കുകയും ചെയ്യും. കൂടാതെ കാൻസർ ആണെന്ന് കേൾക്കുമ്പോൾ തന്നെ നാം എങ്ങനെയോ ഒരു നിസ്സഹായ അവസ്ഥയിൽ എത്തിപ്പെടും. തീരുമാനങ്ങൾ എടുക്കാൻ കഴിയാതാവും. ഇത് നാം സാധാരണ മനസ്സിലാക്കാതെ, തികച്ചും അപക്വമായ തീരുമാനങ്ങൾ എടുക്കുകയും കുറേക്കഴിയുമ്പോൾ കാര്യങ്ങൾ കൂടുതൽ സങ്കീർണമാവുകയും ചെയ്യും. നമ്മുടെ ദൈവം നന്മയല്ലാതെ ഒന്നും നമുക്ക് ചെയ്കയില്ല. ഇതെന്റെ എളിയ സാക്ഷ്യം ആണ്. എനിക്ക് വേണ്ടി ഇടതടവില്ലാതെ പ്രാർത്ഥിച്ച ഓരോ വ്യക്തികൾക്കും, കുഞ്ഞുങ്ങൾക്കും എല്ലാവര്ക്കും വിനീതമായ നന്ദി ദൈവനാമത്തിൽ പറഞ്ഞുകൊള്ളുന്നു. നിങ്ങളെ എല്ലാവരെയും എന്റെ നിത്യേനെ ഒള്ള പ്രാർഥനയിൽ ഓർക്കാറുണ്ട്. 'ദൈവം ചെയ്ത ഉപകാരങ്ങൾക്കു ഞാൻ എന്ത് പകരം കൊടുക്കും, ഞാൻ രക്ഷയുടെ പാനപാത്രമെടുത്തു സകല ജനവും കാൺകെ ദൈവത്തെ സ്തുതിക്കും."

ഇപ്പോൾ ഓരോ രോഗികളെയും അവരുടെ പേര് പറഞ്ഞു ഞാൻ പ്രാർഥിക്കാറുണ്ട്. എന്നെ സൗഖ്യമാക്കിയ ദൈവം അവിടത്തെ അടിപ്പിണരുകളാൽ സൗഖ്യം ഓരോരുത്തർക്കും കൊടുക്കും എന്നുള്ള പൂർണ വിശ്വാസത്തോടെ ഞാൻ പ്രാർത്ഥിക്കുന്നു. ഈ വിശ്വാസം എന്നിൽ ഉറപ്പിക്കാൻ ദൈവം തന്ന എല്ലാ കണ്ണുനീരിനും, കഷ്ടതയ്ക്കും ഒക്കെയായി നന്ദിയോടെ സ്തോത്രം ചെയ്യുന്നു. ഈ കഷ്ടതകൾ കർത്താവിനോടു കൂടുതൽ അടുത്ത് ജീവിക്കാൻ എന്നെ ശക്തിപ്പെടുത്തുന്നു.

എന്റെ ദൈവം അറിയാതെ ജീവിതത്തിൽ ഒന്നും സംഭവിക്കുകയില്ല എന്ന പൂർണ ഉറപ്പോടെ ഈ എളിയ സാക്ഷ്യം ഞാൻ നിങ്ങൾക്കു സഹായകരമാവും എന്ന് പ്രതീക്ഷിച്ചുകൊണ്ട് സമർപ്പിക്കുന്നു. ഈ സാക്ഷ്യം വായിച്ചതുകൊണ്ടു നിങ്ങൾ അനുഗ്രഹിക്കപ്പെട്ടു എന്നും നിങ്ങൾ അൽപമെങ്കിലും വിശ്വാസത്തിൽ ശക്തിപ്പെട്ടു എന്നും ഞാൻ കരുതുന്നു. വായിക്കുന്ന എല്ലാവർക്കും ഇതു ഒരു അനുഗ്രഹമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**"ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട്, ഭ്രമിച്ചു നോക്കേണ്ട ഞാൻ നിന്റെ ദൈവമാകുന്നു, ഞാൻ നിന്നെ ശക്തനാക്കും, നിന്നെ സഹായിക്കും. ഞാൻ നിന്നെ നീതിയുള്ള വലംകൈയാൽ താങ്ങും."**

യെശയ്യാ 40: 10



# പ്രാർത്ഥനയിലൂടെ പ്രവർത്തിക്കുന്ന ദൈവം



**Stevenson Thomas** Article

*എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ ചിറകടിച്ചു കയറും. അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും.*
*യെശയ്യാ 40:31*

എന്നെ അറിയാത്തവർക്ക്, എന്റെ പേര് സ്റ്റീവൻസൺ തോമസ്, എന്റെ ഭാര്യ ജോയ്സ്. ഞങ്ങൾക്ക് 14 വയസ്സുള്ള ഒരു മകൻ, ലൂക്ക് ഉണ്ട്. ഞങ്ങൾ 3 വർഷത്തിലേറെയായി നടത്തിയ ഒരു യാത്രയെക്കുറിച്ച് ഞാൻ പങ്കുവയ്ക്കുന്ന ഒരു സാക്ഷ്യമാണ് ഈ സന്ദേശം. 2010 ൽ ഞങ്ങളുടെ മകൻ ലൂക്ക്ന് രക്താർബുദം ബാധിച്ചതായി നിങ്ങളിൽ പലർക്കും അറിയാമായിരിക്കും. പ്രാരംഭത്തിൽ തന്നെ ട്രിനിറ്റി കുടുംബം ഒന്നാകെ ബേബി ലൂക്കിനെ ദൈവ കരങ്ങളിൽ സമർപ്പിച്ചു. 2013 ഓഗസ്റ്റിൽ ലൂക്ക് തന്റെ ചികിത്സ പൂർത്തിയാക്കി. ഞങ്ങളുടെ മോൻ സുഖം പ്രാപിച്ചു. ദൈവം എപ്പോഴും നമ്മോടൊപ്പമുണ്ടാകും.

ഈ പ്രതികൂലങ്ങളിൽ ഞാൻ ബലഹീനനാവുമ്പോൾ ജോയ്സ് എന്നെ ശക്തിപ്പെടുത്തി. ജോയ്സ് തളരുമ്പോൾ ഞാൻ ബലമേകി. ഞങ്ങൾ ഇരുവരും പരിക്ഷീണിതരാവുമ്പോൾ Luke ഞങ്ങളെ ബലപ്പെടുത്തി. ഞങ്ങൾ മൂവരും വിഷമിച്ചപ്പോൾ ഇടവക മുഴുവനും ഞങ്ങളെ ശക്തിപ്പെടുത്തി. ഒരു സുഹൃത്ത് അവളുടെ ജന്മദിന സമ്മാനങ്ങൾ എല്ലാം സംഭാവന ചെയ്തു, ദൈവത്തിന്റെ സ്നേഹം ഇതിലൂടെ ഞങ്ങൾ കാണുകയും അനുഭവിക്കുകയും ചെയ്തു.

ലൂക്കിന്റെ പ്രത്യേക രക്താർബുദത്തിൽ, കീമോതെറാപ്പിയും ചികിത്സയും 3 വർഷവും 3 മാസവും ആയിരുന്നു. തുടക്കത്തിൽ ഒരു ദിവസം, Luke കാൽ വേദനയെക്കുറിച്ച് പരാതിപ്പെട്ടു. വേദന എങ്ങനെ, എവിടെ നിന്നാണ് വന്നതെന്ന് അറിയില്ല. കൂടാതെ, 2 വയസ്സുള്ള കുട്ടികളിൽ നിന്ന് കൃത്യമായ വിവരങ്ങൾ ലഭിക്കുന്നത് വലിയ പ്രയാസം ആണെന്ന് നമുക്കറിയാം.

ഞങ്ങൾ ഡോക്ടർമാരെ സന്ദർശിച്ചു, നിരവധി പരിശോധനകൾ നടത്തി, ആത്യന്തികമായി, Leukemia എന്ന രോഗം സ്ഥിരീകരിച്ചു. 10 ദിവസത്തിനുള്ളിൽ, കീമോതെറാപ്പി ആരംഭിക്കാൻ ഞങ്ങൾ സമ്മതിച്ചു.

ഞാനും ജോയ്സും ഫാർമസിസ്റ്റുകളാണ്. മരുന്നുകളുടെ ഗുണദോഷങ്ങളെപ്പറ്റി ഞങ്ങൾ ബോധവാന്മാരായിരുന്നു. എന്നാൽ അതിനേക്കാൾ ഉപരിയായി മോന്റെ മാതാപിതാക്കളായി വളരാൻ ഞങ്ങൾ നിർബന്ധിക്കപ്പെട്ടു. യേശുവിലൂടെയുള്ള രോഗശാന്തിയിൽ ഞങ്ങൾ പൂർണമായും വിശ്വസിച്ചു. ഞങ്ങൾ എല്ലാം അവന്റെ കൈകളിൽ വെച്ചു.



ലൂക്കിന്റെ രോഗനിർണയ സമയത്ത്, 1 ആഴ്ചയിലധികം ആശുപത്രിയിൽ ചെലവഴിച്ചു. അവൻ എല്ലാത്തിനെയും ഭയപ്പെടുന്നുവെന്ന് ഞാൻ ഓർക്കുന്നു. അവൻ 4 ദിവസം കഴിച്ചില്ല. ആശുപത്രിയിലായപ്പോൾ ശരീരഭാരത്തിന്റെ 20% കുറഞ്ഞു. അവന്റെ വേദന കാരണം ഒരു മാസം മുഴുവൻ നടക്കാൻ കഴിഞ്ഞില്ല. 6 മാസത്തിനുള്ളിൽ, അവന്റെ മുടി കൊഴിഞ്ഞു. ചികിത്സയിലുടനീളം Luke ഓക്കാനം, ഛർദ്ദി എന്നിവയുമായി പോരാടി. 10,000 ഗുളികകൾ എടുത്തു, 200 സൂചികൾ, 22 നട്ടെല്ല് ടാപ്പുകൾ, 4 അസ്ഥി മജ്ജകൾ, 5 ആശുപത്രി പ്രവേശനങ്ങൾ, 12 ER സന്ദർശനങ്ങൾ; ഒരു മെഡിക്കൽ ഷെഡ്യൂളിലേക്ക് ജീവിതം ക്രമീകരിക്കപ്പെട്ടു. അവന്റെ പ്രതിരോധ ശക്തിയെക്കുറിച്ച് ഞങ്ങൾ നിരന്തരം ആശങ്കാകുലരായിരുന്നു. ഏതൊക്കെ പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്ന് ഓരോ ദിവസവും തിരഞ്ഞെടുക്കുകയും, തയ്യാറെടുക്കയും ചെയ്യേണ്ടതുണ്ട്. അതിനൊക്കെയായി ഞാൻ ഒരു വർഷത്തോളം ജോലി ചെയ്യാതെ ലൂക്കിനൊപ്പം വീട്ടിൽ തന്നെ തുടരാൻ തീരുമാനിച്ചു.

എല്ലാം ശരിയാകുമോ? ഇതുപോലുള്ള പ്രശ്നങ്ങളിലൂടെ കടന്നു പോകുമ്പോൾ ഒരു കുട്ടിയെ എങ്ങനെ സന്തോഷിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും? നമുക്കെല്ലാവർക്കും എന്തെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ട്. ശരിയല്ലേ? അത് നമുക്ക് വേദനയും ഉണ്ടാക്കിയേക്കാം. പക്ഷേ ദൈവവചനത്തിന് നമ്മെ ആശ്വസിപ്പിക്കാൻ കഴിയും. ***സങ്കീർത്തനം 103: 25, എൻ മനമേ, യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമേ, അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക. എൻ മനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുതു. അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു; നിന്റെ സകല രോഗങ്ങളെയും സൌഖ്യമാക്കുന്നു; അവൻ നിന്റെ ജീവനെ നാശത്തിൽനിന്നു വീണ്ടെടുക്കുന്നു; അവൻ ദയയും കരുണയും നിന്നെ അണിയിക്കുന്നു. നിന്റെ യൌവനം കഴുകനെപ്പോലെ പുതുകിവരത്തക്കവണ്ണം അവൻ നിന്റെ വായക്കു നന്മകൊണ്ടു തൃപ്തിവരുത്തുന്നു.***

കാര്യങ്ങൾ അന്യായമാണെന്ന് തോന്നുമ്പോൾ, അല്ലെങ്കിൽ നമ്മൾ ആഗ്രഹിക്കുന്ന രീതിയിൽ പോകാത്തപ്പോൾ, ജീവിതത്തെക്കുറിച്ച് പരാതിപ്പെടാൻ

എളുപ്പമാണ്. പക്ഷേ, ദാവീദ് ദൈവത്തെ സ്തുതിക്കാൻ ധാരാളം കാരണങ്ങൾ കണ്ടെത്തുന്നു. ലൂക്ക്, ലുക്കീമിയ എന്നിവയുമായുള്ള ഞങ്ങളുടെ യാത്രയുടെ തുടക്കത്തിൽ, ഞങ്ങൾ സാധാരണയായി സന്തോഷം തരുന്ന ചില കാര്യങ്ങൾ നഷ്ടപ്പെട്ടതിൽ ഞങ്ങൾക്ക് സങ്കടമുണ്ടായി എന്നത് സത്യമാണ്. എന്നിരുന്നാലും, ചില ഘട്ടങ്ങളിൽ, നമുക്ക് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾക്ക് നന്ദി പറയുന്നതിൽ ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചു. നമ്മുടെ കർത്താവായ ക്രിസ്തുവിലൂടെ നമുക്ക് ലഭിക്കുന്ന ഓരോ അവസരത്തിനും നന്ദിയുള്ളവരായിരിക്കുക. നന്ദി പറയുവാൻ എന്തെല്ലാം അനുഗ്രഹങ്ങൾ കർത്താവു തന്നു? യാക്കോബ് 5: 15 - 16 വിശ്വാസത്തിൽ ചെയ്യുന്ന പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും; കർത്താവ് അവരെ ഉയർത്തും. അവർ പാപം ചെയ്തിട്ടുണ്ടെങ്കിൽ, അവർ ക്ഷമിക്കപ്പെടും. അതിനാൽ നിങ്ങളുടെ പാപങ്ങൾ പരസ്പരം ഏറ്റുപറയുകയും നിങ്ങൾ സുഖം പ്രാപിക്കാൻ വേണ്ടി പരസ്പരം പ്രാർത്ഥിക്കുകയും ചെയ്യുക. നീതിമാനായ വ്യക്തിയുടെ പ്രാർത്ഥന ശക്തവും ഫലപ്രദവുമാണ്.

മത്തായി 15: 30 മുടന്തർ, അന്ധർ, അംഗവൈകല്യമുള്ളവർ, തുടങ്ങി അനേകരെ കൊണ്ടുവന്ന് അവന്റെ കാൽക്കൽ കിടത്തി; അവൻ അവരെ സുഖപ്പെടുത്തി. ഈ ഭാഗം വീണ്ടും നമുക്കെല്ലാവർക്കും ധൈര്യം പകരുന്നതാണ്. രോഗശാന്തി ആവശ്യമുള്ളവരെ യേശുവിലേക്ക് കൊണ്ടുപോകാനുള്ള അവസരമാണ് ഇത് നമുക്ക് നൽകുന്നത്.

എന്തിനെപ്പറ്റിയാണ് നാം ഇപ്പോൾ ഭാരപ്പെടുന്നത്? ഒരു കുട്ടിയെ നഷ്ടപ്പെട്ടോ? ഒരു രക്ഷിതാവിനെ നഷ്ടപ്പെട്ടോ? ഒരു സഹോദരനെ നഷ്ടപ്പെട്ടോ? വിവാഹ പ്രശ്നങ്ങൾ? വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നുണ്ടോ? സമപ്രായക്കാരുടെ സമ്മർദ്ദം? സമാധാനം ആഗ്രഹിക്കുന്നുണ്ടോ? ആരോഗ്യം? നിലവിലെ ജോലി? ഒരു ജോലി അന്വേഷിക്കുന്ന? സാമ്പത്തിക? പഠനങ്ങൾ? പ്രായമാകുമോ എന്ന ഭയം? ചെറുപ്പമായിരിക്കുമോ എന്ന ഭയം? കുട്ടികളെ വളർത്തൽ? കുട്ടികളെ വേണോ? കുട്ടി നടക്കുന്നില്ലേ? കുട്ടി സംസാരിക്കുന്നില്ലേ? ആസക്തി? തകർന്ന ബന്ധങ്ങൾ? ഒരേ ഒരു കാര്യം ഞങ്ങളുടെ അനുഭവത്തിലൂടെ പറയട്ടെ. നമ്മെ ഉള്ളതിൻവണ്ണം അറിയുന്ന ഒരു ദൈവമുണ്ട്. ദൈവത്തിന്റെ ആ വാഗ്ദാനം ഉണ്ട്. നമുക്ക് ദൈവവചനം ഉണ്ട്. ഞങ്ങളുടെ ജീവിത വെളിച്ചത്തിൽ അത്യുച്ചത്തിൽ വളരെ സന്തോഷത്തോടെ ഞങ്ങൾക്കിതു പറയാൻ കഴിയും.

എന്ത് പ്രശ്നമാണെങ്കിലും യേശുവിന് പാദത്തിൽ വയ്ക്കുക. കർത്താവ് അത് നിവർത്തിയാക്കി തരും. ഇതാണ് ഞങ്ങളുടെ സാക്ഷ്യം ഞങ്ങളുടെ ഉറപ്പ്.







Mariamma Thomas

Article

# ദൈവത്തിന്റെ അത്ഭുത സൗഖ്യവും നടത്തിപ്പും

ദൈവം നടത്തിയ വഴികളെപ്പറ്റി, രോഗശാന്തിയെപ്പറ്റി എഴുതാൻ ആരെങ്കിലും എന്നോട് ചോദിച്ചാൽ എന്റെ എഴുതാനുള്ള പരിമിതികളെ ഒക്കെ ഞാൻ മറക്കും. കാരണം അത്ര മാത്രം അനുഗ്രഹങ്ങളും രോഗ ശാന്തിയും ഞാൻ പ്രാപിച്ചിട്ടുണ്ട്. അവയിൽ ചിലതൊക്കെ മാത്രം ഈ കുറിപ്പിൽ രേഖപ്പെടുത്തട്ടെ.

മദ്ധ്യ തിരുവിതാംകൂറിൽ നിന്നും മലബാറിലേക്ക് കുടിയേറിപ്പാർത്ത കുടുംബങ്ങളിൽ ഒന്നാണ് ഞങ്ങളുടേത്. സ്കൂൾ, ഹോസ്പിറ്റൽ സൗകര്യം, പള്ളികൾ മുതലായവ പൊതുവെ കുറവായ ആ പ്രദേശങ്ങളിൽ മറ്റു പല പരിമിതികളിൽ കൂടിയാണ് ജീവിതം മുന്നോട്ടു നീങ്ങിയത്. അവിടെ ഒരു റബ്ബർ എസ്റ്റേറ്റിൽ എന്റെ പിതാവ് ആദ്യകാലങ്ങളിൽ ജോലി ചെയ്തിരുന്നു. അധികം ദൂരത്തല്ലാതെ എട്ടാം ക്ലാസ് വരെയുള്ള ഒരു സ്കൂൾ ഉണ്ടായിരുന്നു. എന്റെ നിർബന്ധ പ്രകാരം മൂത്ത സഹോദരിയോടൊപ്പം എന്നെയും സ്കൂളിൽ ചേർത്തു.

എന്റെ ജീവിതത്തിലെ ആദ്യത്തെ രോഗശാന്തി ആരംഭിക്കുന്നത് ഈ സമയത്താണ്. ക്ലാസിൽ തനിയെ പോകാനുള്ള എന്റെ പേടി കാരണം ചേച്ചിയോടൊപ്പം രണ്ടാം ക്ലാസ്സിൽ ഞാൻ ഇരിക്കുവാൻ നിർബന്ധം പിടിച്ചു. അത് ഇഷ്ടപ്പെടാത്ത ടീച്ചർ, എന്നെ അടിക്കുകയും വളരെയധികം ഭയപ്പെടുകയും, എങ്ങനെയോ പനി ബാധിച്ചു ഞാൻ വീട്ടിൽ എത്തുകയും ചെയ്തു. അന്ന് തന്നേ രാത്രിയിൽ പനി കൂടുതലായി അത് ടൈഫോയിഡ് ആയി മാറി. വേണ്ട രീതിയിലുള്ള ചികിത്സാ സൗകര്യം അടുത്തെങ്ങും ഇല്ലായിരുന്നു. ഈ വിവരം മനസ്സിലാക്കിയ എസ്റ്റേറ്റ് ഉടമ പിതാവിനെ നിർബന്ധിച്ചു തന്റെ ജീപ്പിൽ മകളെ ഏതെങ്കിലും നല്ല ഹോസ്പിറ്റലിൽ എത്തിക്കുവാനായി ആവശ്യപ്പെട്ടു. അങ്ങനെ എന്റെ മാതാവിന്റെ വീടിന്റെ അടുത്ത്, കോട്ടയത്ത് വാഴൂരുള്ള ഒരു ആശുപത്രിയിൽ എന്നെ പ്രവേശിപ്പിച്ചു. നാൽപതു ദിവസം ഞാൻ അമ്മയോടൊപ്പം അവിടെ കഴിഞ്ഞു. അമ്മ ഉപവാസമെടുത്ത് എന്റെ സൗഖ്യത്തിനായി പ്രാർത്ഥിച്ചു. കർത്താവിന്റെ കരുണയാൽ എനിക്ക് സൗഖ്യം ലഭിച്ചത് ഞാൻ നന്ദിയോടെ ഓർക്കുന്നു. അതാണെന്റെ ആദ്യത്തെ രോഗ സൗഖ്യം.

ജീവിതത്തിലെ ദൈവിക സാന്നിധ്യം പിന്നീട് അനുഭവിച്ചത് നഴ്സിംഗ് പഠനവുമായി ബന്ധപ്പെട്ടാണ്. അസുഖമൊക്കെ ഭേദമായ ശേഷം ഞങ്ങൾ മലബാറിലേക്ക് മടങ്ങി. ആരോഗ്യം കുറെയൊക്കെ വീണ്ടു കിട്ടിയശേഷം സ്കൂളിൽ പോകാനും പഠനം തുടരുവാനും ദൈവം സഹായിച്ചു. ഹൈസ്കൂൾ പാസ്സായതിനു ശേഷം നഴ്സിങ്ങിന് Gwalior- ലേക്ക് പോയി. അപ്പോഴേക്കും ആ വർഷത്തെ ബാച്ച് സെലെക്ഷൻ എല്ലാം പൂർത്തിയായി; ക്ലാസും തുടങ്ങിയിരുന്നു. ദൈവ കൃപയാൽ ആ ബാച്ചിൽ തന്നെ പൊടുന്നനവേ ഒരു ഒഴിവ് ഉണ്ടാവുകയും പ്രത്യേക അനുമതിയോടെ ആ ബാച്ചിൽ തന്നെ പ്രവേശിക്കാനും കഴിഞ്ഞു. നഴ്സിംഗ് പഠനം നല്ല രീതിയിൽ പൂർത്തിയാക്കാനും തുടർന്ന് അവിടെത്തന്നെ നഴ്സിംഗ് സ്കൂളിൽ ജോലി ചെയ്യാനും ദൈവം സഹായിച്ചു.

ഇന്ത്യയ്ക്ക് വെളിയിൽ എവിടെയെങ്കിലും ജോലിക്കായി പോകണമെന്ന് എനിക്ക് ഒരു ആഗ്രഹം ഉണ്ടായിരുന്നു. അതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരുന്നപ്പോൾ വിവാഹക്കാര്യം ശരിയാകുകയും, 1973 ഏപ്രിലിൽ ഞങ്ങളുടെ വിവാഹം നടക്കുകയും ചെയ്തു. അതിനുശേഷം രണ്ടു വർഷത്തോളം കോൺട്രാക്ട് അടിസ്ഥാനത്തിൽ Saudi Arabia- ൽ സ്റ്റാഫ് നേഴ്സ് ആയി പോകുവാനുള്ള അവസരവും ലഭിച്ചു. ആ സമയം ക്യാനഡയിലുള്ള ബന്ധുക്കൾ എന്നെ അമേരിക്കയിലേക്ക് കൊണ്ടുവരുന്നതിനുള്ള വിസയുടെ ക്രമീകരണങ്ങൾ ചെയ്യുന്നുണ്ടായിരുന്നു. അങ്ങനെ വിസ ലഭിക്കയും ഫെബ്രുവരിയിൽ Houston-ൽ എത്തിച്ചേരുകയും ചെയ്തു. പുതിയ സാഹചര്യം വളരെയധികം വെല്ലുവിളികൾ ഉള്ളതായിരുന്നെങ്കിലും ദൈവ കൃപയാൽ താമസിയാതെ തന്നെ സ്റ്റാഫ് നേഴ്സ് ആയി ജോലി ലഭിക്കയും ഭർത്താവിന്റെ വിസയ്ക്കായി ഫയൽ ചെയ്കയും ചെയ്തു. 1975-ൽ തന്നെ ഞങ്ങൾക്ക് ഒരുമിച്ചായിരിപ്പാൻ ദൈവം മുഖാന്തിരങ്ങളെ അനുകൂലമാക്കിത്തന്നു; ദൈവത്തിനു സ്തോത്രം.

ഞങ്ങളുടെ ജീവിതത്തിലെ വലിയൊരു ദൈവിക ഇടപെടലും രോഗശാന്തിയെപ്പറ്റിയും ഇനി പറയാം. സ്റ്റേറ്റ് ബോർഡ് എക്സാം എടുക്കുന്നതിനു സൈക്കോളജി ക്ലാസ് ആവശ്യമായതുകൊണ്ട് അതെടുക്കുന്നതിനായി ഞങ്ങൾ Corpus Christi -ൽ 6 ആഴ്ചത്തേക്ക് പോയി. ദൈവകൃപയാൽ രണ്ടു പേർക്കും അവിടെ ജോലി കിട്ടുകയും, ക്ലാസ് പൂർത്തിയാക്കി സ്റ്റേറ്റ് ബോർഡ് പാസ്സാവുകയും ചെയ്തു. പിന്നീട് Houston-ലേക്ക് തിരികെ വന്നു. ഞങ്ങൾക്ക് കുഞ്ഞുണ്ടാകാൻ താമസിച്ചതുകൊണ്ട് ഡോക്ടർമാരെ കാണുകയും പല ചികിത്സകളും നടത്തുകയും ചെയ്തു. Endometriosis- കാരണം അവർ വലിയ പ്രതീക്ഷ ഒന്നും തന്നിരുന്നില്ല. എന്നാൽ പതിനൊന്നു വർഷത്തെ നീണ്ട പ്രാർഥനാ നിർഭരമായ കാത്തിരിപ്പിനു ശേഷം എല്ലാ ഡോക്ടർമാരുടെയും വിധിക്കപ്പുറമായി, പ്രാർത്ഥനയുടെ ഫലമായി, പൂർണ ആരോഗ്യമുള്ള ഒരു ആൺ കുഞ്ഞിനെ ദൈവം തമ്പുരാൻ തന്നു. അത് എന്റെ ജീവിതത്തിലെ വലിയ രോഗശാന്തിയായിത്തന്നെ ഞാൻ വിശ്വസിക്കയും ദൈവത്തിനു സ്തോത്രം കരേറ്റുകയും ചെയ്യുന്നു.

അടുത്തതായി ബലഹീനരായ നമ്മുടെ ഹൃദയത്തിന്റെ ആഗ്രഹങ്ങളെ കർത്താവ് മാനിക്കുന്നു എന്നതിന് എന്റെ ജീവിതത്തിൽ നടന്ന ഒരു കാര്യം പറയാം. ആ സമയത്തു ഞങ്ങളുടെ കൊച്ചു കുഞ്ഞിനെ നോക്കാനായി എന്റെ അമ്മയും സഹോദരങ്ങളും നാട്ടിൽ നിന്ന് വന്നിരുന്നു. അതോടൊപ്പം നേഴ്സ് മാനേജർ ആയി ജോലി കിട്ടാനായി ഡിഗ്രി ആവശ്യമായി വന്നു. അങ്ങനെ ഞാൻ ജോലിയോടൊപ്പം ക്ലാസ്സുകൾ എടുക്കുകയും ഡിഗ്രി കിട്ടയതോടെ നേഴ്സ് മാനേജർ ആയി പ്രമോഷൻ കിട്ടുകയും ചെയ്തു. 1996 ൽ Early Retirement Program പ്രകാരം ഞാൻ മുഴു സമയ ജോലിയിൽ നിന്ന് വിരമിക്കയും ചെയ്തു. ദൈവ കൃപയാൽ നോർത്ത് അമേരിക്ക Diocese- മാ

യി ബന്ധപ്പെട്ടു ചില ചുമതലകൾ നിർവഹിക്കുവാൻ ദൈവം എനിക്ക് അവസരം തന്നു. ഞാൻ Diocesan Council അംഗം ആയിരിക്കുന്ന സമയത്താണ് കാലം ചെയ്ത അഭിവന്ദ്യ Dr. Zachariahs Mar Theophilos- തിരുമേനിയുടെ നേതൃത്വത്തിൽ അമേരിക്കൻ diocese- ൽ നിന്ന് ചെറുപ്പക്കാരെയും കൊണ്ട് ഇന്ത്യയിൽ മാർ തോമാ സഭയുടെ Mission Field- കൾ സന്ദർശിക്കുന്ന ഒരു പ്രോഗ്രാം കൗൺസിൽ ആയി തീരുമാനിക്കുന്നത്. അങ്ങനെ ആ ചുമതല എന്നെ ഏല്പിക്കയും പല പ്രാവശ്യം High School- ൽ പഠിക്കുന്ന കുഞ്ഞുങ്ങളോടൊപ്പം, ജോലി ചെയ്യുന്നവരെയും ഉൾപ്പെടുത്തിക്കൊണ്ട് പല മിഷൻ ഫീൽഡുകൾ സന്ദർശിക്കുന്നതിനും അവസരം ലഭിച്ചു. ഈ കാലങ്ങളിലൊക്കെ പല തരത്തിലുള്ള ശാരീരികമായ അസ്വസ്ഥതകളാൽ ഞാൻ ഭാരപ്പെട്ടിട്ടുണ്ട്. ഏഴു പ്രാവശ്യം General Anesthesia എടുക്കേണ്ടി വന്നിട്ടുണ്ട്. ഏഴു സർജറിയിൽ കൂടെ കടന്നു പോയി. പല Allergy പ്രശ്നങ്ങൾ എനിക്കുണ്ടായിരുന്നു. കുറെ തവണ Emergency- ൽ പോകേണ്ടി വന്നിട്ടുണ്ട്. അവിടെയെല്ലാം സ്വർഗ്ഗത്തിലെ ദൈവം കൂടെയിരുന്നു. ഇന്നുവരെ സുഖത്തോടും ബലത്തോടും കൂടി നടത്തിയ ദൈവത്തിന് സ്തോത്രം ചെയ്യുന്നു. കാലേബ് പറയുന്നതുപോലെ ഇന്നും കിളക്കുവാനും വെട്ടിയെടുക്കുവാനും ഉള്ള ബലം ദൈവം തരുന്നു, സ്തോത്രം! ഇത്ര വലിയവനായ ദൈവത്തെ എന്റെ ജീവിതത്തിൽ കാണിച്ചു തന്ന മാതാപിതാക്കൾക്കായി ഞാൻ ദൈവത്തിന് ആയിരമായിരം സ്തോത്രം ചെയ്യുന്നു. മാത്രമല്ല, കഷ്ടങ്ങളിൽ കൂടി കടത്ത ിവിട്ട്തുകൊണ്ട് ദൈവത്തോട് കൂടുതൽ അടുക്കുവാൻ പഠിപ്പിച്ച ദൈവത്തിന് കോടാനുകോടി സ്തോത്രം കരേറ്റുന്നു. അതിനെല്ലാം അപ്പുറമായി ദൈവത്തെ സ്നേഹിക്കയും, മാനിക്കയും അനേക മണിക്കൂറുകൾ തിരുവചനം ധ്യാനിക്കയും, അത് പഠിച്ചു ജീവിതത്തിൽ പ്രയോഗികമാക്കയും ചെയ്യുന്ന ഒരു ദൈവ ദാസനെ എന്റെ ജീവിതത്തിന്റെ പങ്കാളിയായി തന്ന ദൈവത്തെ എത്ര സ്തുതിച്ചാലും മതിയാവുകയില്ല. എല്ലാ മാനവും, മഹത്വവും, പുകഴ്ചയും ദൈവത്തിനു കരേറ്റുന്നു.

ഒന്നാം ക്ലാസ് മുതൽ ഇന്നുവരെ അത്ഭുതകരമായ വിടുതൽ ലഭിച്ചതും കർത്താവെന്നെ നടത്തിയതുമായ കാര്യങ്ങൾ നിങ്ങൾക്കായി എഴുതിയത്, വായിക്കുന്ന ആരെങ്കിലും ജീവിതത്തിലെ കഷ്ടതകളിലൂടെ കടന്നു പോകുന്നെങ്കിൽ ഒട്ടും ചഞ്ചലപ്പെടേണ്ട എന്നും, കർത്താവിൽ പൂർണമായി ആശ്രയിക്കാനും ധൈര്യപ്പെടുത്താനും മാത്രമാണ്. ദൈവത്തിനു എല്ലാത്തിനെപ്പറ്റിയും ഒരു ഉദ്ദേശമുണ്ട്. ധൈര്യത്തോടെ എല്ലാം അവനിൽ സമർപ്പിച്ചു മുമ്പോട്ടു പോകാം.

“

എന്റെ ദൈവമായ യഹോവേ, ഞാൻ നിന്നോടു നിലവിളിച്ചു; നീ എന്നെ സൗഖ്യമാക്കുകയും ചെയ്തു. യഹോവേ, നീ എന്റെ പ്രാണനെ പാതാളത്തിൽനിന്നു കരേറ്റിയിരിക്കുന്നു; ഞാൻ കുഴിയിൽ ഇറങ്ങിപ്പോകാതിരിക്കേണ്ടതിന്നു നീ എനിക്കു ജീവരക്ഷ വരുത്തിയിരിക്കുന്നു.

സങ്കീർത്തനങ്ങൾ 30: 2





Shiju Thachanalil Article



# ദൈവകൃപയുടെ DBS

ജോർജ് എന്താ ഒരു stress? ഈ ഇടയായി ഞാൻ ശ്രദ്ധിക്കുന്നു. ബാസ്കർജി എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ടി. കെ. ബാസ്കർ എന്ന അബുദാബിയിലെ കമ്പനിയുടെ ബോസ് ഇങ്ങനെ പരാമർശിച്ചപ്പോൾ ഞാൻ അത്രയും കാര്യമായി ഗൗനിച്ചില്ല. പല പ്രാവശ്യം ഇടത കൈകളിലുള്ള ചെറിയ വിറയൽ എന്തെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല എന്നു മാത്രമല്ല, വീട്ടിൽ ടി. വി. കണ്ടുകൊണ്ടിരിക്കുമ്പോൾ ഞങ്ങളുടെ വീട്ടിലെ സഹായിയായ രമ ആന്റി പലപ്പോഴും കൈകളുടെ നിയന്ത്രണാതീതമായ ചലനത്തെപ്പറ്റി പലപ്രാവശ്യം ഓർമ്മിപ്പിച്ചെങ്കിലും കാര്യഗൗരവം അത് മനസ്സിലാക്കിയിരുന്നില്ല. അതിനു ശേഷം അബുദാബി എന്ന മഹാ നഗരത്തെ വിട്ട് അമേരിക്കൻ ഐക്യനാടുകളിലേക്കുള്ള യാത്രാ ഒരുക്കങ്ങൾക്കായി എന്റെ കൊച്ചു കേരളത്തിലേക്കു കടന്നുചെന്നപ്പോൾ ഡോക്ടറിനെ കാണിക്കണം എന്ന രമ ആന്റിയുടെ ഉപദേശം കൈക്കൊണ്ട്, കോട്ടയം പട്ടണത്തിലെ ഒരു പ്രമുഖ ഡോക്ടറെ ചെന്നു കണ്ടു. എന്നെ ആശ്വസിപ്പിക്കുവാൻ എന്നവണ്ണം ഇതൊക്കെ അമേരിക്കയിൽ പോകുന്നതിന്റെ ടെൻഷൻ ആണ്. അവിടെ ചെല്ലുമ്പോൾ ഇതൊക്കെ മാറ്റുമെന്നും പറഞ്ഞു.

ആദ്യ കാലങ്ങളിൽ അമേരിക്കയിൽ എത്തിയപ്പോൾ എന്റെ യുവത്വത്തിന്റെ പ്രസരിപ്പു മൂലം ഈ രോഗം എന്നെ അധികം ബുദ്ധിമുട്ടിച്ചില്ല. എന്നാൽ സർപ്പം എലിയെ വിഴുങ്ങുന്നതുപോലെ ക്രമേണ ഈ രോഗം എന്നെ വിഴുങ്ങുവാൻ തുടങ്ങി. രോഗത്തിന്റെ പിടിയിൽ അമർന്ന് ഞാൻ ദൈനംദിന ജീവിതത്തിൽ പ്രയാസങ്ങൾ നേരിടാൻ തുടങ്ങി. ദൈവിക പദ്ധതിപ്രകാരം ഡോ. ആനി ലിങ്കൻ ആന്റിയെ ലബ്ബക്ക് മാർത്തോമ്മാ പള്ളിയിൽ വച്ച് പരിചയപ്പെടാൻ ഇടയായത് ജീവിതത്തിലെ ഒരു വഴിത്തിരിവായി മാറി. അനേക വർഷത്തെ പ്രവർത്തി പരിചയമുള്ള ഡോക്ടർ ആനി ക്ളിനിക്കിൽ വരുവാൻ നിർദ്ദേശിക്കുകയും അവിടെ വച്ച് ആ സത്യം എന്നോട് തുറന്നു പറഞ്ഞു. ഷിജുവിന് പാർക്കിൻസൺസ് ഡിസീസ് ആണെന്നു പറഞ്ഞപ്പോൾ ഞാൻ തകർന്നുപോയി. ദൈവം വഴിനടത്തും എന്നു പറഞ്ഞ് ആന്റി അശ്വസിപ്പിച്ചത് നന്ദിയോടെ ഓർക്കുന്നു. മരുന്നുകളുടെ എണ്ണം കൂട്ടി കൈകളുടെ ചലനം കുറയ്ക്കുവാൻ ശ്രമിച്ചപ്പോൾ പാശ്വഫലങ്ങൾ പലപ്പോഴും ജീവിതം പ്രതിസന്ധിയിൽ ആക്കി. എന്നാൽ ഇതിനിടയിൽ ദൈവിക കൃപയാൽ റേഡിയോളജി കോഴ്സ് പൂർത്തിയാക്കുവാൻ ദൈവം എന്നെ ശക്തനാക്കി. എല്ലാ മഹത്വവും ദൈവത്തിനു കരേറ്റുന്നു. അതിനു ശേഷം ഹ്യൂസ്റ്റൺ പട്ടണത്തിൽ എത്തിയപ്പോഴേയ്ക്കും ഈ രോഗം എന്നെ ഒരു പരിധി വരെ കാർന്നു തിന്നുവാൻ തുടങ്ങി. എന്റെ നല്ലവരായ സ്നേഹിതരും, സഹപ്രവർത്തകരും. ബന്ധുക്കളും പാർക്കിൻ

**അനന്തരം യേശു അവനെ ദൈവാലയത്തിൽവെച്ചു കണ്ടു അവനോടു: "നോകൂ, നിനക്കു സൗഖ്യമായല്ലോ; അധികം തിന്മയായതു ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുതു" എന്നു പറഞ്ഞു. ആ മനുഷ്യൻ പോയി തന്നെ സൗഖ്യമാക്കിയതു യേശു എന്നു യെഹൂദന്മാരോടു അറിയിച്ചു..**

യോഹന്നാൻ 5: 14,15



സൺസ് ഡിസിസ് സർജറിയെപ്പറ്റി പറയുകയും അതിനു വേണ്ടി പ്രോൽസാഹിപ്പിക്കുകയും ചെയ്തു. ഇതെല്ലാം ദൈവകൃപയുടെ അനന്തമായ സ്നേഹവും കരുതലും ആണെന്നു വിശ്വസിക്കുന്നു. അപ്രകാരം എന്റെ ഡോക്ടറോടു സംസാരിക്കുകയും, ഡോക്ടറിന്റെ നിർദ്ദേശപ്രകാരം പല ടെസ്റ്റുകൾ ചെയ്ത് ഒടുവിൽ Deep Brain Stimulator (D B S) install ചെയ്യുവാൻ തീരുമാനിച്ചു.

Operation Room- ൽ ജോലി ചെയ്യുന്ന എനിക്ക് സർജറികൾ ജോലിയുടെ ഭാഗമായി ദിവസേന കാണുന്നതു കൊണ്ട് എന്റെ ഈ സർജറിയും വലിയതായി കണക്കിലെടുത്തില്ല. എന്നാൽ എന്നെ stretcher-ൽ കിടത്തി surgery room-ലേക്ക് ഉരുട്ടിക്കയറ്റുമ്പോൾ ഈ അനുഭവം തികച്ചും വ്യത്യസ്തമാണെന്ന സത്യം ഞാൻ തിരിച്ചറിഞ്ഞു. എനിക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുന്ന വിശ്വാസസമൂഹത്തിന്റെ പ്രാർത്ഥനയുടെ, കൃപയുടെ ബലം surgery table-ൽ ഞാൻ അനുഭവിച്ചു. ഏകദേശം എട്ടു മണിക്കൂറോളം സുബോധത്തോടെ പിടിച്ചു നിൽക്കുവാൻ കഴിഞ്ഞത് ദൈവാനുഗ്രഹം ആണെന്നുള്ളത് ഞാൻ രുചിച്ചറിഞ്ഞു.

അപ്പോഴും എനിക്കുവേണ്ടി ഒരു പ്രാർത്ഥനാക്കൂട്ടം പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. എന്റെ തലയോട്ടി കിഴിക്കുവാനായി ഡോക്ടർ തുടങ്ങി. എന്നാൽ കതിനാ വെടിയെക്കാൾ ശക്തിയുള്ള കരിങ്കൽ തുളയ്ക്കുന്നതു പോലെയുള്ള drilling machine തലയോട്ടിയിലേക്കു തുളച്ചു കയറിയപ്പോൾ അൽപം നിയന്ത്രണം വിട്ടു പൊട്ടിക്കരഞ്ഞപ്പോൾ എന്റെ neologist-കെട്ടിപ്പിടിച്ചു. കൊണ്ടു പറഞ്ഞു "Yes, George, you can do it! സർജറിക്കു ശേഷം ബന്ധുമിത്രാദികളോടും ദൈവത്തോടും കണ്ണുനീരോടെ നന്ദി പ്രകാശിപ്പിച്ചു.

സർജറിയുടെ വേദനകൾ ദൈവകൃപയാൽ കുറഞ്ഞ് സാധാരണ ജീവിതത്തിലേക്ക് മെല്ലെ കടന്നുവരുവാൻ ദൈവം ഇടയാക്കി. ഏകദേശം ഒരു മാസത്തിനുശേഷം ശരീരത്തിന്റെ ചലന നിയന്ത്രണം Deep Brain Stimulator എന്ന device ഏറ്റെടുക്കുന്ന ആ സുദിനം എത്തി. ദൈവകൃപയിൽ ആശ്രയിച്ച് പ്രാർത്ഥനയോടുകൂടി ആ യന്ത്രം ഓൺ ആക്കിയപ്പോൾ ദൈവകൃപയാൽ എന്റെ tremor ഇല്ലാതാവുകയും ചെയ്തു. എന്നാൽ ക്രമേണ എന്റെ സംസാരശേഷി നഷ്ടമാകുന്ന ഒരു ഘട്ടം എത്തി. ഞാൻ പറയുന്നത് മറ്റുള്ളവർക്ക് മനസ്സിലാക്കുവാൻ ബുദ്ധിമുട്ടായി തുടങ്ങി. അന്ന് കമ്മ്യൂണിക്കേഷൻ എന്ന വാക്കിന്റെ അർത്ഥം എനിക്കു മനസ്സിലായി. അത് മൂർദ്ധന്യ അവസ്ഥയിൽ ആവുകയും പക്ഷെ ദൈവകൃപയാൽ ഒരു പരിധിവരെ അതു വീണ്ടെടുക്കുവാൻ ദൈവം കൃപ തന്നു. മേലു ദ്യോഗസ്ഥരും സഹപ്രവർത്തകരും ദൈവകൃപയാൽ നാളിതുവരെ എന്നെ സഹായിക്കുകയും സപ്പോർട്ടു ചെയ്യുന്നതും ദൈവാനുഗ്രഹം ആണ്. ഇത്രയും അനുഗ്രഹം കൈക്കൊള്ളുവാൻ എനി എനിക്ക് ഒരു യോഗ്യതയുമില്ല. ഈ എളിയ സാക്ഷ്യം ശ്രവിക്കുന്ന ആരെങ്കിലും ജീവിത സാഹചര്യത്തിന്റെ പ്രയാസങ്ങളിൽ കൂടി കടന്നുപോകുന്നെങ്കിൽ യേശുവിൽ ജീവിതത്തെ പൂർണ്ണമായി സമർപ്പിക്കുക. നിശ്ചയമായും സൗഖ്യം നൽകിത്തരുവാൻ മതിയായവനാണ്. ഇതു ദൈവനാമ മഹത്വത്തിനായി മാത്രം സമർപ്പിക്കുന്നു. റാന്നിയിൽ നിന്ന് റിവർസ്റ്റോണിൽ (ഹ്യൂസ്റ്റൺ) എത്തിച്ച ദൈവത്തിനു നന്ദി കരേറ്റുന്നു. തുടർന്നും പ്രാർത്ഥനയിൽ എളിയവനെയും കുടുംബത്തെയും ഓർത്തു പ്രാർത്ഥിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട്, Praise the Lord, Amen,



# കാൻസർ അതിജീവനം, 
# വിശ്വാസത്തിലൂടെ



**Jimmy Thomas** Article



അപ്രതീക്ഷിതമായി എത്തി, ഇവിടെയും ആ ഡോക്ടറുടെ വിളി. കാര്യങ്ങൾ എല്ലാം ശരിയായി പോകുന്നു എന്ന് തോന്നുമ്പോൾ. എന്നാൽ ഈ വലിയ വിഷമ ഘട്ടത്തെ, ക്യാന്സറിനെ, തരണം ചെയ്യാനുള്ള ശക്തി എങ്ങനെ ലഭിച്ചു എന്ന് വിവരിക്കുന്നതിനാണ് ഞാൻ ശ്രമിക്കുന്നത്.

***ഞാൻ നിങ്ങളോടു പറയുന്നു, മനുഷ്യരുടെ മുമ്പിൽ ആരെങ്കിലും എന്നെ ഏറ്റുപറഞ്ഞാൽ അവനെ മനുഷ്യപുത്രനും ദൈവദൂതന്മാരുടെ മുമ്പാകെ ഏറ്റുപറയും. 9 മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെ ദൈവദൂതന്മാരുടെ മുമ്പിൽ തള്ളിപ്പറയും.***

***(ലൂക്കോസ് 12: 89)***

എന്റെ പേര് ജിമ്മി തോമസ്. ഞാൻ ഇന്ത്യയിലെ മധ്യപ്രദേശിൽ ജനിച്ചു വളർന്നതാണ്. 2002 ൽ മോജിയെ ഞാൻ കണ്ടു മുട്ടുകയും പിന്നീട്, വിവാഹം കഴിക്കയും ചെയ്തു. 2003 ൽ ഞാൻ അമേരിക്കയിലേക്ക് കുടിയേറിപ്പാർത്തു. യുഎസിലെ ജീവിതം ആരംഭിച്ചപ്പോൾ, എനിക്ക് ഒരുപാട് ഉയർച്ചകളും താഴ്ചകളും ഉണ്ടായിരുന്നു, എന്നാൽ ദൈവം ഉടനീളം വിശ്വസ്തനായിരുന്നു. 2007 ൽ, ഞങ്ങൾക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ അനുഗ്രഹങ്ങളിലൊന്നായ ഞങ്ങളുടെ പ്രിയ മകളെ, റേച്ചലിനെ ദൈവം ഞങ്ങൾക്ക് തന്നു.

പക്ഷേ, 2009 ൽ എന്റെ ജീവിതം മാറിമറിഞ്ഞു. ഞാൻ പതിവായി ചെക്കപ്പിനായി പോയ ഒരു ദിവസം, ഡോക്ടർ എന്റെ വയറിനടുത്തുള്ള ഒരു ചെറിയ മുഴ ശ്രദ്ധിച്ചു, പക്ഷേ എന്നെ സംബന്ധിച്ചിടത്തോളം ആ മുഴ കൊണ്ട് വലിയ വേദന ഒന്നും ഇല്ലായിരുന്നു. പക്ഷേ, ആ മുഴ അവഗണിക്കാതെ നീക്കം ചെയ്യുന്നതാണ് നല്ലതെന്ന് സർജൻ എന്നോട് പറഞ്ഞു. മുഴ നീക്കം ചെയ്ത് സാമ്പിൾ ബയോപ്സി ചെയ്യാൻ അയയ്ക്കാൻ അവർ തീരുമാനിച്ചു. അപ്ഡേറ്റിനായി ഞാൻ കാത്തിരിക്കുമ്പോൾ, എനിക്ക് കാൻസർ ഉണ്ടെന്ന് ഡോക്ടർ എനിക്ക് ഒട്ടും പ്രതീക്ഷിക്കാത്ത, ഹൃദയഭേദകമായ ആ വാർത്ത നൽകി.

ഇത് കേട്ടപ്പോൾ എന്റെ മനസ്സ് നിറയെ പല ചിന്തകൾ കാട് കയറി, റേച്ചൽ വളരുന്നത് എനിക്ക് കാണാൻ കഴിയുമോ, ഞാൻ എന്റെ മാതാപിതാക്കളെ ഇനി കാണുമോ, എങ്ങനെ ആയിരിക്കും എന്റെ ജീവിതം അവസാനിക്കുക. ഡോക്ടറുമായി സംസാരിക്കുമ്പോൾ അദ്ദേഹം ഞങ്ങളോട് പറഞ്ഞു, ഞങ്ങൾക്ക് ഇനീം കുട്ടികൾ ഉണ്ടാകാൻ സാധ്യത വളരെ കുറവാണെന്ന്. എനിക്ക് പിന്നീട് മനസ്സിലായി, ദൈവത്തിന് എല്ലാത്തിനും ഒരു ഉദ്ദേശ്യമുണ്ട്, നമ്മുടെ പോരാട്ടങ്ങളിലുടനീളം ദൈവം നമ്മോടൊപ്പമുണ്ടാകും, അവ അതിജീവിക്കാൻ അവൻ നമുക്ക് ശക്തി നൽകും. എന്റെ ഭാഗത്തുനിന്ന് ഒരു കാര്യം മാത്രം എനിക്ക് ചെയ്യാൻ കഴിഞ്ഞു. അത് സകലതും കർത്താവിൽ ഭരമേല്പിക്കുക എന്നത് മാത്രം. അത് മാത്രമേ എനിക്ക് ചെയ്യാൻ കഴിഞ്ഞുള്ളു താനും.

പിന്നീട്, ഞങ്ങൾ കാൻസർ വിദഗ്ധന്റെ അടുത്ത് പോയി, അദ്ദേഹം എനിക്ക് ഒരു ചികിത്സ ആസൂത്രണം ചെയ്തു. വളരെ പെട്ടെന്ന് വ്യാപിക്കുന്ന ട്യൂമർ ആയതുകൊണ്ട് തീവ്രമായ ചികിത്സ വേണ്ടി വന്നു. ചികിത്സയ്ക്കിടെ, എനിക്ക് ഒന്നും പ്രത്യേകിച്ച് അനുഭവപ്പെട്ടില്ല. എനിക്ക് കാൻസർ ഉണ്ടെന്നുപോലും ഞാൻ കരുതിയില്ല. എന്നാൽ കീമോ ചികിത്സ തുടങ്ങിയതോടെ, ഞാൻ ദുർബലമാകാൻ തുടങ്ങി, എന്റെ WBC കുറഞ്ഞു, എനിക്ക് അണുബാധയുണ്ടാകാൻ തുടങ്ങി. എനിക്ക് അനുദിന ജീവിത ചര്യകൾ സാധിക്കില്ലെന്ന് കരുതിയ ദിവസങ്ങളിൽ പോലും ദൈവം എനിക്ക് അതിനുള്ള ശക്തി നൽകി. ഈ അവസരത്തിൽ ഞാൻ പലതവണ ദൈവത്തെ ചോദ്യം ചെയ്തു. പക്ഷേ എല്ലാം ശരിയാകുമെന്ന് അറിഞ്ഞുകൊണ്ട് എന്റെ കർത്താവ് എനിക്ക് പ്രതീക്ഷയും സ്ഥിരോത്സാഹവും നൽകി. എന്റെ കുടുംബത്തിന്റെ പൂർണ പിന്തുണ ഉണ്ടായിരുന്നത്കൊണ്ട് എനിക്ക് വിശ്വാസം നഷ്ടപ്പെട്ടില്ല. മാസങ്ങൾക്കുശേഷം, തീവ്രമായ കീമോതെറാപ്പിക്ക് ശേഷം ഞാൻ സി. ടി. സ്കാൻ ചെയ്യാൻ ഡോക്ടർമാരുടെ അടുത്തേക്ക് പോയി. അവർ എന്നോട് പറഞ്ഞു, ഞാൻ പൂർണമായും ക്യാൻസർ മുക്തനാണെന്ന്!

ഏതു വൻ പോരാട്ടങ്ങൾക്കിടയിലും ദൈവം നമ്മോട് കരുണ കാണിക്കും. അവനിൽ ആശ്രയിക്കുക, അവനിൽ മാത്രം. 2012 ൽ ദൈവം ഞങ്ങൾക്ക് മറ്റൊരു മകൾ സോഫിയയെ നൽകി അനുഗ്രഹിച്ചു.

ഈ ദിവസം വരെ ദൈവം എനിക്ക് നല്ലവനായിരുന്നു, ഇപ്പോൾ 12 വർഷമായി ഞാൻ കാൻസർ മുക്തനായിട്ട്. ദൈവം ഇപ്പോഴും തന്റെ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. രോഗം, ഭാരം, തോൽവികൾ ഇവയുടെ മദ്ധ്യേ ദൈവം നമ്മോടു കൂടെ ഉണ്ട്. ഇത് വായിക്കുന്നവർ ആരെങ്കിലും എന്തെങ്കിലും അസുഖങ്ങളിൽ കൂടെ കടന്നു പോകുന്നെങ്കിൽ യേശുവിൽ വിശ്വസിക്കുക അവൻ സകലതിനും മതിയായവൻ ആണ്.



## പ്രശ്നങ്ങളുടെ തീവണ്ടി യാത്ര;

# ഒപ്പം യേശുവും

Thankamma Thomas

Article

***ഡോക്ടർ: "നിങ്ങൾ Terminal ആണ്." രോഗി:"അല്ല ഞാൻ യേശുവിൽ eternity-യുടെ ടെർമിനലിൽ ആണ്."***

നമ്മുടെ ജീവിതം ഒന്നിനുപുറകെ ഒന്നായി വരുന്ന ഉയർച്ച താഴ്ചകളുടെ ഒരു ഘോഷയാത്രയാണ്. എല്ലായ്പ്പോഴും അതി വേഗതയിൽ മാത്രം ഓടാൻ ദൈവം നമ്മെ സൃഷ്ടിച്ചിട്ടില്ല. ഈ ഓട്ടത്തിനിടയിൽ അസുഖം, അപകടങ്ങൾ, മരണങ്ങൾ എന്നിവ പോലുള്ള ദുരന്തങ്ങൾ ഉണ്ടാവുന്നത് എപ്പോഴാണെന്ന് നമുക്ക് ഒട്ടു അറിയുകയുമില്ല. എന്നാൽ ഈ ദുരന്തങ്ങളോടൊക്കെ നാം എങ്ങനെ പ്രതികരിക്കുന്നു എന്നതാണ് നമ്മുടെ വിശ്വാസത്തിന്റെ കാതൽ. സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്കു നമ്മെ നടത്തുന്ന ദൈവം ചിലപ്പോൾ നമ്മെ കലങ്ങിയ വെള്ളത്തിലേക്ക് കൊണ്ടുപോകുന്നു. അത് നമ്മെ മുക്കിക്കളയാനല്ല, ശുദ്ധീകരിക്കാനാണ്; യഥാർത്ഥ സ്വസ്ഥത കാണിച്ചു തരുന്നതിനാണ്.

എനിക്ക് അസുഖം വരുമെന്ന് ഞാൻ ഒരിക്കലും കരുതിയിരുന്നില്ല. 1991 നവംബർ അവസാനത്തോടെ എനിക്ക് ജലദോഷവും കുറഞ്ഞ ഗ്രേഡ് പനിയും ഉണ്ടായി. രണ്ടാഴ്ചയ്ക്കുശേഷം എന്റെ താഴത്തെ കഴുത്തിലും (ഡനെക്ക് ഏരിയ), നെറ്റിയുടെ മുകൾ ഭാഗത്തും വേദനയേറിയ എരിതീമിയ (erythema) പ്രത്യക്ഷപ്പെട്ടു. സ്കിൻ ബയോപ്സി ചെയ്യുകയും സ്വീറ്റ് സിൻഡ്രോം എന്ന അസുഖം ആണെന്ന് സ്ഥിരീകരിക്കുകയും ചെയ്തു. ഉടനെ അതിനുള്ള ചികിത്സ ആരംഭിച്ചു. പക്ഷേ സുഖം പ്രാപിക്കുന്നതിനു പകരം, എന്റെ പേശികൾക്ക് ബലഹീനത അനുഭവപ്പെട്ടു തുടങ്ങി. പടികൾ കയറാനും നടക്കാനും കസേരയിൽ നിന്ന് എഴുന്നേൽക്കാനും എനിക്ക് പ്രയാസമായിത്തുടങ്ങി. ക്രമേണ കൈകളുടെ ബലം കുറഞ്ഞു വന്നു, വളരെ ചെറിയ വസ്തുക്കൾ പോലും ഉയർത്താനും വസ്ത്രം ധരിക്കാനും എന്തിനധികം മുടി ചീകാൻ പോലും എനിക്ക് കഴിഞ്ഞില്ല. കഴുത്തിന്റെ ബലക്കുറവ് മൂലം കട്ടിലിൽ കിടക്കുമ്പോൾ തലയിണയിൽ നിന്ന് തല ഉയർത്താൻ കഴിയാതെയായി.

ഓരോ ദിവസവും പുതിയ പ്രശ്നങ്ങൾ ഉടലെടുത്തുകൊണ്ടിരുന്നു. കലശലായ മസിൽ വേദന, കാലുകൾക്ക് ഭാരം തോന്നുക, അങ്ങനെ വീഴാനുള്ള പ്രവണത എനിക്കുണ്ടായിരുന്നു. 89 മാസത്തിനുള്ളിൽ പത്ത് ഡോക്ടർമാരെ സന്ദർശിച്ച ശേഷം വീണ്ടും മസിൽ ബയോപ്സി റിപ്പോർട്ട് തിരികെ വന്നു തീവ്രമായ പേശി വീക്കം അല്ലെങ്കിൽ, Inflammatory മയോപ്പതി. കഠിനവും ഏതാണ്ട് അവസാനവുമായ ഘട്ടം! അതോടൊപ്പം വീക്കം, വാസ്കുലൈറ്റിസ്, എന്നിവയുടെ തെളിവുകളും. രോഗനിർണയം: autoimmune കണക്റ്റീവ് ടിഷ്യു രോഗം, ഒരു ദശലക്ഷത്തിൽ അഞ്ച് പേർക്ക് മാത്രം വരുന്ന അപൂർവ രോഗം. രോഗനിർണയ തീയതി മുതൽ ആറ് മുതൽ ഏഴ് വർഷം വരെ 50% അതിജീവന നിരക്ക്.

ബയോപ്സിക്കായി ഞാൻ മെത്തഡിസ്റ്റ് ആശുപത്രിയിൽ പോയി. എന്റെ ഡോക്ടറെ സഹായിക്കുന്ന ഒരു ഇൻറേൺ എനിക്ക് നടപടിക്രമങ്ങൾ വിശദീകരിക്കുന്നതിനിടയിൽ, എന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകുന്നത് കണ്ടിട്ടാവണം ആ ഡോക്ടർ എന്നോട് പറഞ്ഞു, ഈ ബയോപ്സി ചെയ്യാൻ നിങ്ങൾക്ക് അത്ര പ്രയാസമാണെങ്കിൽ, വീട്ടിൽ പോയി മരിക്കുക. എന്തായാലും നിങ്ങൾ ടെർമിനലാണ്! ആ ഇൻറേൺ വിചാരിച്ചു എനിക്ക് ബിയോപ്സി എടുക്കുന്നത് പേടിയാണ് എന്ന്.

ബയോപ്സി റിപ്പോർട്ടിന് ശേഷം എന്നെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു, ഉയർന്ന അളവിൽ കോർട്ടിസോൺ ഉപയോഗിച്ച് ചികിത്സിക്കുകയും കീമോതെറാപ്പി ആരംഭിക്കുകയും ചെയ്തു. പിന്നീട് ഫിസിക്കൽ, ഒക്കുപ്പേഷണൽ തെറാപ്പികളിലൂടെ പേശികളുടെ ശക്തി വീണ്ടെടുക്കാൻ തുടങ്ങി. ഇരിക്കാൻ എനിക്ക് എന്റെ കസേര ക്രമീകരിക്കേണ്ടിവന്നു; എനിക്ക് ത്രീവേ എലവേറ്റഡ് കമ്മോഡും വീൽ കസേരയും ഉണ്ടായിരുന്നു. ഞാൻ ഭയപ്പെട്ടതു എന്റെ മേൽ വന്നു; ഞാൻ ഭയപ്പെട്ടതു എനിക്കു സംഭവിച്ചു (ഇയ്യോബ് 3: 25). പണ്ടൊക്കെ പ്രമേഹ രോഗികളോട് എനിക്ക് സഹതാപം തോന്നിയിരുന്നു. അവരിൽ ചിലർക്കൊക്കെ വളരെയധികം ഷോട്ടുകളും, സൂചി സ്റ്റിക്കുകളും എടുക്കേണ്ടതുണ്ട് എന്നു ഞാൻ പറയാറുണ്ടായിരുന്നു, ദൈവമേ എനിക്ക് പ്രമേഹമോ ഉയർന്ന രക്തസമ്മർദ്ദമോ മറ്റേതെങ്കിലും രോഗമോ വന്നാൽ ഞാൻ എന്തു ചെയ്യും? എന്ന് ഞാൻ സ്വയം ചോദിച്ചിട്ടുണ്ട്.

ഇപ്പോൾ എനിക്ക് പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, മുഖത്ത് ഇരുണ്ട പാടുകൾ എന്നിവയുണ്ട്. എന്റെ പ്രമേഹം നിയന്ത്രിക്കാൻ എന്നെ പല തവണ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. ER-ൽ പോകുന്നതൊരു നിത്യ സംഭവമായി മാറി. ഒരിക്കൽ ഒരു പാർക്കിംഗ് സ്ഥലത്ത് ഞാൻ തല കറങ്ങി വീണു. ഈ പ്രശ്നങ്ങൾക്കെല്ലാം പുറമേ, ഞങ്ങളുടെ ജീവിതത്തിലെ ഏറ്റവും പ്രയാസകരമായ ചില ഘട്ടങ്ങളും ഞങ്ങൾ നേരിട്ടു. ഞങ്ങളുടെ കസിൻ, എന്റെ ഉറ്റ ചങ്ങാതി, സർജറി ചെയ്യുന്നതിനിടെ ഈ ലോകത്തിൽനിന്നു കടന്നു പോയി. കൂടാതെ വളരെ സങ്കീർണമായ ശസ്ത്രക്രിയ എന്റെ പ്രിയ ഭർത്താവ് ജോയിയും തരണം ചെയ്യേണ്ടി വന്നു. ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്ത ശേഷം, നാല് ദിവസത്തിന് ശേഷം ശ്വാസതടസ്സം കാരണം ജോയിയെ വീണ്ടും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 2012 ൽ എനിക്ക് കടുത്ത തലവേദന ഉണ്ടായിരുന്നു, ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവർ holter monitor ഘടിപ്പിച്ചു കുറെ ദിവസം പരിശോധന നടത്തി. അങ്ങനെ അവസാനം ഏട്രിയൽ ഫൈബ്രിലേഷൻ (Atrial Fibrillation) ഉണ്ടെന്നു കണ്ടുപിടിച്ചു. 2016 ൽ ഞങ്ങൾ ഇന്ത്യയിലായിരുന്നപ്പോൾ എനിക്ക് വളരെ കലശലായ ക്ഷീണം അനുഭവപ്പെട്ടു. ഒരു വിധത്തിലാണ് അമേരിക്കയിൽ എത്തിയത്. അതിനു ശേഷം ആശുപത്രിയിൽ പോയി അപ്പോഴാണ് മനസ്സിലായത് എനിക്ക് ഹൈപ്പോ തൈറോയ്ഡ് ഉണ്ടെന്ന്. ഒരു വർഷം കഴിഞ്ഞു 2017 ൽ എനിക്ക് മാമോഗ്രാമിൽ ഒരു ചെറിയ spot ഡോക്ടർമാർ കണ്ടെത്തി, ഭാഗിക മാസ്റ്റെക്ടമി (Mastectomy) നടത്തി. ഞാൻ രോഗങ്ങളുടെ ഒരു പാക്കേജാണെന്ന് വായനക്കാർ ചിന്തിച്ചേക്കാം. ഒരു ഫാർമസിയിലെ മിക്കവാറും എല്ലാ മരുന്നുകളും ഞാൻ കഴിച്ചിട്ടുണ്ട്.



എന്നാൽ ഇന്നെനിക്കു പറയാൻ കഴിയും ഞാൻ ദൈവകൃപയുടെ ഒരു അത്ഭുത കൂമ്പാരമാണെന്നു. അതെ, ഞാൻ ദൈവത്തിന്റെ കൃപ യുടെ ജീവിക്കുന്ന ഒരു ഒരു തെളിവാണ്. അത്ഭുതകരമായി ദൈവം എന്നെ ഓരോ ദിവസവും നടത്തുന്നു. ഞങ്ങളുടെ ആവശ്യനുസരണം, ഞങ്ങളെ സഹായിക്കാൻ ദൈവം അനേകം സുഹൃത്തുക്കളെ തക്ക സമയത്തു ക്രമീകരിച്ചു, ധാരാളം ആളുകൾ പ്രാർത്ഥിച്ചു. മാത്രമല്ല, ദൈവത്തിന്റെ ആന്തരിക സമാധാനം എനിക്ക് അനുഭവപ്പെട്ടു. ദൈവം സമാധാനം നൽകിയതിനാൽ എനിക്ക് വലിയ ഒരു ഭീതി ഒന്നും ഇല്ലാ യിരുന്നു എല്ലാം സന്തോഷത്തോടെ അഭിമുഖീകരിക്കാൻ കഴിഞ്ഞു! ഞാൻ ആശുപത്രിയിൽ ആയിരുന്നപ്പോൾ, ഒരു ഡോക്ടർ മുറിയിൽ വന്ന് എന്നോട് ചോദിച്ചു, മിസിസ് തോമസിന് ചിരിക്കാൻ അല്ലാതെ എന്തെങ്കി ലും അറിയാമോ എന്ന്?

ഈ കഷ്ടതകൾ എന്നെ പല കാര്യങ്ങൾ പഠിപ്പിച്ചു.  അതിലൊന്ന് സമാ ധാനം ഒരു അവസ്ഥാ വിശേഷം ആണെന്നുള്ളതാണ് . കർത്താവിന്റെ ഹിതവുമായി ഞാൻ മൽപിടിക്കുമ്പോൾ അത് അതിശയകരമാംവിധം ആശ്വാ സം നൽകാറുണ്ട്. ആർക്കും തരാനും ആർക്കും എടുത്തു കളയാനും പറ്റാത്ത തായ ഈ സമാധാനം നമ്മുടെ അവസ്ഥ പൂർണമായി മനസ്സിലാക്കി നമുക്ക് വേണ്ടി മാത്രം പ്രത്യേകം തരുന്നതായ ആ സമാധാനം ഞാൻ അനുഭവിച്ചു. അതാണ് ഞാൻ നേരത്തെ പറഞ്ഞ യഥാർത്ഥ സ്വസ്ഥതയുള്ള വെള്ള ത്തിന്റെ അരിക്. നീ ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയിൽ ചോദ്യം ചെയ്യാതെ എന്നെ വിശ്വസിക്കൂ എന്ന് പറയുന്ന ദൈവത്തിന്റെ ശബ്ദ ത്തിനു നാം കൊടുക്കുന്ന മറുപടിയുടെ ലഭിക്കുന്ന സാന്ത്വനമാണത്, ശാന്തതയാണത്. ദൈവമേ, അങ്ങ് കുശവൻ, ഞാൻ കളിമണ്ണ്. അങ്ങ് യജമാനനാണ്, ഞാൻ ദാസി. നാം എത്ര വിദ്യാസമ്പന്നരാണെങ്കിലും, നമു ക്ക് എത്ര ശക്തിയും സ്വാധീനവുമുണ്ടെന്ന് വിചാരിച്ചാലും, എത്രനാൾ നാം ദൈവത്തോടൊപ്പം നടന്നിട്ടുണ്ടെങ്കിലും, നാം അവന്റെ പദ്ധതികളി ലാണെന്ന് എത്രത്തോളം സങ്കൽപ്പിച്ചാലും, അവയൊന്നും ഈ ചോദ്യത്തിന് മുൻപിൽ ഒരു യോഗ്യത ആയി വരുമെന്ന് തോന്നുന്നില്ല.

ഇത്ര ദൃഢമായ വിശ്വാസം ഉണ്ടായിട്ടും പലപ്പോഴും ഏകാന്തതയും വി ഷാദവും ഒക്കെ ഞാൻ അനുഭവിച്ചിട്ടുണ്ട്. പോയ നാളുകളിൽ ഞാ ൻ വളരെ സജീവമായൊരു ജീവിത ശൈലി കൈക്കൊണ്ടിരുന്നത്. ചെയ്യാൻ ഇഷ്ടപ്പെടുന്ന കാര്യങ്ങൾ ചെയ്തിരുന്നു. പെട്ടെന്ന് എന്റെ കഴിവ് പരിമിതമാവുന്നു. എന്നാൽ അസുഖത്തോടെ എന്റെ പ്രവർത്ത നങ്ങൾ പലതും മുടങ്ങി നാളെ എന്ത് സംഭവിക്കുമെന്ന് എനിക്കറിയില്ല. നിങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുന്നവനാണെങ്കിൽ, അവൻ നിങ്ങളെ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്ന അവന്റെ വാഗ്ദാനം ഓർക്കുക (എബ്രായർ 13: 5). പരിശുദ്ധാത്മാവ് നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു എന്ന ശ്രദ്ധേയമായ സത്യം മനസ്സിലാക്കുക (റോമ. 8:26). നിങ്ങളുടെ ബുദ്ധിമുട്ടുകൾ പ്രകടിപ്പിക്കാൻ പോലും കഴിയാത്തപ്പോൾ അത് ആത്മാവ് മനസ്സിലാക്കുന്നു എന്നറിയുക. അതിനാൽ എന്ത് സംഭ വിച്ചാലും എന്റെ ജീവിതാന്ത്യത്തോളവും ദൈവം എപ്പോഴും എന്റെ കൂടെയുണ്ട്. വിട്ടു മാറാത്ത ദൈവ സാന്നിധ്യം അതുമാത്രം സ്ഥാ യി. മരിക്കുന്ന പ്രക്രിയയെക്കുറിച്ചുള്ള ഉത്കണ്ഠ സാധാരണമാണ്, എങ്കിലും ദൈവകൃപയാലും പരിശുദ്ധാത്മാവിന്റെ ആശ്വാസത്താലും എനിക്ക് അതിനെ ധൈര്യത്തോടെ നേരിടാൻ ഇപ്പോൾ കഴിയും. കർത്താവു നമ്മുടെ സങ്കേതവും ബലവും ആകുന്നു; പ്രശ്നങ്ങൾ ആഞ്ഞു അടിക്കുമ്പോൾ, നിങ്ങളുടെ ഹൃദയത്തെ ശാന്തമാക്കാൻ അവൻ നിങ്ങളോടൊപ്പമുണ്ട് (സങ്കീ. 46: 12).

എന്താണ് നമ്മുടെ ജീവിതം? കുറച്ച് സമയത്തേക്ക് പ്രത്യക്ഷപ്പെടുക യും തിളങ്ങി നിൽക്കുകയും പിന്നീട് മങ്ങി തുടങ്ങുകയും അപ്രത്യ ക്ഷമാവുകയും ചെയ്യുന്ന ഒരു നീരാവി പോലും (യാക്കോബ് 4: 14). ഞങ്ങളെ പരീക്ഷിക്കുകയും നീട്ടുകയും കാത്തിരിക്കാൻ നിർബ ന്ധിക്കുകയും നമ്മുടെ ജീവൻ നീട്ടി തരുകയും ചെയ്യുമ്പോൾ നന്ദി പറയുക. നമ്മൾ പഠിക്കുന്ന ക്ഷമയ്ക്ക് നന്ദി പറയുക. പരീക്ഷണങ്ങ ളിലൂടെ ദൈവം നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുന്ന രീതിക്ക് നന്ദി പറയുക.

എനിക്ക് ലഭിച്ച ഈ അനുഗ്രഹങ്ങളിൽ ഒന്നിന് പോലും ഞാൻ യോഗ്യനല്ലെങ്കിലും, ദൈവത്തിന്റെ കൃപയുടെയും കരുണയുടെയും ജീവനുള്ള സാക്ഷികളിൽ ഒരാളാണ് ഞാൻ എന്ന് പറയാം. ദൈവമേ, എന്റെ എല്ലാ പാപങ്ങളും ക്ഷമിച്ച് എന്നെ ശുദ്ധീകരിക്കണേ. എന്റെ ആത്മാവേ, കർത്താവിന്ന് സ്തോത്രം ചെയ്‌വിൻ അവന്റെ എല്ലാ ഉപ കാരങ്ങൾ ഒന്നും മറക്കരുത് (സങ്കീ. 103: 2). എന്റെ ജീവിതത്തിലെ അവിടുത്തെ അനുഗ്രഹങ്ങളെക്കുറിച്ച് ഞാൻ എഴുതുകയാണെങ്കിൽ, എത്ര പുസ്തകങ്ങൾ എഴുതേണ്ടി വരുമെന്ന് എനിക്കറിയില്ല. കരു ണാ സമ്പന്നനായ ദൈവം നീട്ടി തന്ന ഈ ആയുസ്സു കർത്താവിനു വേണ്ടി മാത്രം ജീവിക്കാൻ എന്നെ മറ്റുമായി ഒരിക്കൽക്കൂടി സമർപ്പി ക്കുന്നു. അതിനായി എല്ലാവരുടെയും പ്രാർഥന അഭ്യർത്ഥിക്കുന്നു. ഞങ്ങൾക്കുവേണ്ടി പ്രാർഥിച്ച എല്ലാർക്കും വീണ്ടും നന്ദി പറയുന്നു.





Swedan George

Article

# ഒരു നാളും ഉപേക്ഷിക്കാത്ത യേശു



എന്റെ പേര് സ്വീഡൻ ജോർജ്. എനിക്ക് ഇപ്പോൾ 15 വയസ്സുണ്ട്, ഏകദേശം 10 വർഷം മുമ്പ് ക്രിസ്തുവിനോടുള്ള എന്റെ യാത്രയെ രൂപപ്പെടുത്തിയ ഒരു സന്ദർഭം ഉണ്ടായതു നിങ്ങളുമായി പങ്കുവയ്ക്കാം. ഇത് ഞാൻ എഴുതുന്നത് ഈ സംഭവം യേശുവുമായുള്ള ബന്ധത്തെ എങ്ങനെ ദൃഢീകരിച്ചു എന്ന് പറയുവാനാണ്. എന്റെ അഞ്ചാം പിറന്നാളിന് ഏതാനും ആഴ്ചകൾക്കുമുമ്പ്, ട്രാഫിക് സിഗ്നലിൽ മദ്യപിച്ച ഒരു ഡ്രൈവർ എന്നെയും എന്റെ കുടുംബത്തെയും വന്ന് ഇടിച്ചു. എന്റെ വല്യമ്മച്ചിയുടെ മൂന്ന് കാൽ വിരലുകൾ ഒടിഞ്ഞു. എന്റെ സഹോദരിയുടെ  കാലും ഒടിഞ്ഞു; ശസ്ത്രക്രിയ ആവശ്യമായി വന്നു. ഡാഡിക്ക് പല മുറിവുകളും ഉണ്ടായി. എന്നെ സംബന്ധിച്ചിടത്തോളം, തകർച്ചയുടെ അഘാദം എന്നെ അബോധാവസ്ഥയിലാക്കി. എന്റെ ശ്വാസകോശം തകർന്ന് എന്തോ fluid കൊണ്ട് നിറഞ്ഞു. ക്രാഷ് സൈറ്റിൽ നിന്ന് ഹ്യൂസ്റ്റൺ  മെഡിക്കൽ സെന്ററിലെ മെമ്മോറിയൽ ഹെർമനിലേക്കാണ് എന്നെ ആംബുലൻസിൽ കൊണ്ടുപോയത്. അവിടെയാണ് ഞാൻ എന്റെ നീണ്ട രോഗശാന്തി പ്രക്രിയ ആരംഭിച്ചത്.

മൂന്ന് ദിവസം കഴിഞ്ഞു ബോധം വീണ്ടെടുത്തപ്പോൾ എനിക്ക് ഒന്നും ഓർമയില്ലായിരുന്നു.. ഞാൻ അപകടം ഓർക്കുകയോ കൃത്യമായി എന്താണ് സംഭവിച്ചതെന്ന് മനസ്സിലാക്കുകയോ ചെയ്തില്ല. എനിക്കറിയാവുന്നത് കുറെ ആളുകൾ ഞങ്ങളെ സന്ദർശിക്കാൻ വന്നു എന്നതാണ്. അവർ പ്രാർത്ഥിക്കയും സമ്മാനങ്ങൾ തരുകയും ഒക്കെ ചെയ്തത് ഓർക്കുന്നു. അവരുടെ പ്രാർത്ഥനയും കൈത്താങ്ങും ഞങ്ങളുടെ രോഗശമന പ്രക്രിയയെ സഹായിച്ചതിന്റെ ഒരു പ്രധാന ഘടകമായിരുന്നു. ദൈവം നമ്മോടൊപ്പമുണ്ടായിരിക്കുമെന്നും പ്രയാസകരമായ സമയങ്ങളിൽ ഞങ്ങളെ എങ്ങനെ സഹായിക്കുമെന്നും ഉള്ള പ്രോത്സാഹജനകമായ വാക്കുകൾ ധൈര്യപ്പെടുത്തി. കാർ അപകടത്തിൽപ്പെട്ട ഞങ്ങളിൽ ഓരോരുത്തരെയും ദൈവം പൂർണ്ണമായും സുഖപ്പെടുത്തി. എന്റെ അനിയത്തിയുടെ ശസ്ത്രക്രിയയ്ക്ക് ശേഷം അവൾ സൗഖ്യം പ്രാപിക്കുകയും മുമ്പത്തേതിനേക്കാൾ ശക്തമാവുകയും ചെയ്തു, എന്റെ വല്യമ്മച്ചിക്കു പ്രശ്നങ്ങളില്ലാതെ നടക്കാൻ കഴിഞ്ഞു, എന്റെ ശ്വാസകോശത്തിന്റെ പ്രവർത്തനം പുനസ്ഥാപിക്കപ്പെടുകയും സാധാരണ ശേഷിയിൽ ശ്വസിക്കാൻ തുടങ്ങുകയും ചെയ്തു. എന്റെ ശ്വാസകോശത്തിലെ ദ്രാവകം എടുത്തു കളയുന്നതിനു കൃത്രിമ ശ്വാസം തരേണ്ടി വരും എന്ന് അറിഞ്ഞു.



ഞങ്ങളെക്കുറിച്ച് വിഷമിക്കുകയും കരുതുകയും ചെയ്യുന്ന  എല്ലാ ആളുകളുടെയും പ്രാർത്ഥന ദൈവം കേൾക്കുന്നുണ്ടെന്നും അവരുടെ പ്രാർത്ഥനകൾക്ക് അവൻ ഉത്തരം നൽകി എന്നും ഞാൻ വിശ്വസിക്കുന്നു.

ഒരു കൊച്ചുകുട്ടിയായിരിക്കെ, ഒരു സമൂഹം മുഴുവൻ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെ പ്രാധാന്യം ഈ വലിയ ആപത്തിലൂടെ ഞാൻ മനസ്സിലാക്കി. അതാണ് ഞങ്ങളുടെ രോഗശാന്തിക്ക് കാരണമായതെന്ന് ഞാൻ എപ്പോഴും വിശ്വസിക്കുന്നു. ദൈവം എന്റെ ചെറുപ്പം മുതൽ എന്നും  എന്നോടൊപ്പം ഉണ്ടായിരുന്നെന്ന് എനിക്കറിയാം. ഞാൻ അനുഭവിക്കുന്ന ഏത് പ്രശ്നവും നമ്മുടെ സ്വർഗ്ഗീയ പിതാവിന് പരിഹരിക്കാൻ കഴിയാത്തതല്ല. അവൻ ഒരിക്കലും എന്നെ ഉപേക്ഷിക്കുകയോ അനാഥയായി കൈവിടുകയോ  ചെയ്യില്ലെന്ന് എനിക്കറിയാം. ഈ തിരിച്ചറിവുകൾ എനിക്കുണ്ടായതിനുശേഷം, ക്രിസ്തുവുമായുള്ള എന്റെ ബന്ധം വളരുകയും കുറേക്കൂടെ അർത്ഥവത്താവുകയും ചെയ്തിട്ടുണ്ട്.  യേശു തമ്പുരാൻ എപ്പോഴും എന്റെ അരികിൽ ഉണ്ടാകുമെന്ന് അവൻ എനിക്ക് കാണിച്ചുതന്നു, അത് നിങ്ങൾക്ക് നമ്മൾക്ക് എല്ലാവർക്കും സമാധാനം തരുന്ന ഒരു വാഗ്ദത്തമാണ്.



# ക്രിസ്തുവിനോടൊപ്പമുള്ള എന്റെ കാൻസർ യാത്ര



Deenamma Mathew

Article

Cancer എന്നു കേൾക്കുമ്പോൾ തന്നെ എല്ലാവരും പേടിക്കുന്ന ഒരു രോഗമാണ്. മറ്റുള്ളവർക്ക് cancer വരുമ്പോൾ നമുക്ക് അവരോട് അനുകമ്പ തോന്നും. പക്ഷെ നമുക്കു തന്നെയാകുമ്പോൾ ഒരു മരവിപ്പിന്റെ അനുഭവമാണ്. Life ന്റെ അവസാനത്തിൽ നമ്മൾ എത്തിച്ചേർന്നു എന്നുള്ള ഒരു തോന്നലാണ്. എന്നാൽ വേദപുസ്തകത്തിൽ പറയുന്നതുപോലെ നമ്മുടെ വിചാരങ്ങളല്ലല്ലോ ദൈവത്തിന്റെ വിചാരങ്ങൾ.

എനിക്ക് Cancer diognoലെ ചെയ്യുന്നത് 2011ൽ ആണ്. മാമോഗ്രാമും ചെക്കപ്പും എല്ലാ വർഷവും ചെയ്യുന്നുണ്ടായിരുന്നു. ജൂലൈയിൽ ആയിരുന്നു മാമോഗ്രാം ചെയ്തത്. റിസൽട്ട് വന്നപ്പോൾ എല്ലാം നോർമൽ ആണെന്നു ഡോക്ടർ പറഞ്ഞു. അതിനുശേഷം രണ്ടാഴ്ച കഴിഞ്ഞപ്പോൾ mid-night-ൽ breast-നു വേദന ഉണ്ടായി. കുറച്ചു സമയമെ അതുണ്ടായിരുന്നുള്ളു. അടുത്ത ദിവസം ജോലിക്കു പോയി. ഒരു കുഴപ്പവും ഇല്ലായിരുന്നു. അടുത്ത രാത്രിയിൽ വീണ്ടും ഇതേ പ്രയാസം ഉണ്ടായി. രാവിലെ ഡോക്ടറെ (PCP) വിളിച്ചു. ഒരു ultra-sound ചെയ്യാനുള്ള appointment തന്നു. അതിന്റെ result വന്നപ്പോൾ സംശയം ഉണ്ടായി. ഉടനെ തന്നെ biopsy-ക്കായി appointment എടുത്തു. റിസൽട്ട് വന്നപ്പോൾ Stage II ductal carcinoma എന്നായിരുന്നു. അതു കേട്ടപ്പോൾ പല ചിന്തകൾ മനസ്സിൽ കൂടി കടന്നുപോയി. ഞങ്ങളുടെ തന്നെ അടുത്ത ബന്ധുക്കളും സ്നേഹിതരും ഈ രോഗത്തിൽ കൂടി കടന്നുപോയ അനുഭവമാണ് ഓർമ്മ വന്നത്. എന്നാൽ ചെറുപ്പം മുതലെ നല്ല ദൈവ വിശ്വാസവും മനോധൈര്യവും ഉണ്ടായിരുന്നു. അതുകൊണ്ട് എന്തുവന്നാലും അഭിമുഖീകരിക്കുവാനുള്ള ബലം ദൈവം തരുമെന്നു വിശ്വസിച്ചു. ഇത് എന്നെ മാത്രമല്ല affect ചെയ്യുന്നത്. family- യെ കൂടി ബാധിക്കുന്ന കാര്യമാണല്ലോ എന്നൊക്കെ ചിന്തിച്ചു. എന്നാൽ husband-ൽ നിന്നും മക്കളിൽ നിന്നും നല്ല support ആണ് ലഭിച്ചത്.

Primary Doctor-ടെ നിർദ്ദേശപ്രകാരം Oncologist-ന്റെ appointment എടുത്തു. ഞങ്ങൾ family ആയിട്ടാണ് ഡോക്ടറുടെ office-ൽ പോയത്. അവർ treatment procedure എല്ലാം explain ചെയ്തു. Indian Lady Doctor ആയിരുന്നു. എനിക്ക് സംശയം ഉണ്ടായിരുന്നു. എന്തുകൊണ്ട് mammogram-ൽ diagnose ചെയ്തില്ല എന്നുള്ളത്. എന്റെ tissue densed ആയതുകൊണ്ടാണ് എന്നായിരുന്നു result വന്നത്. Surgery, Chemo, Radiation അങ്ങനെ ആയിരുന്നു treatment procedure. Petscan ചെയ്തപ്പോൾ lymph node നെും ബാധിച്ചിട്ടുണ്ടെന്നായിരുന്നു result. അതുകൊണ്ട് എത്രയും വേഗം surgery ചെയ്യാൻ തിരുമാനിച്ചു. Surgeon-ന്റെ appointment എടുത്തു. അദ്ദേഹം surgery യെപ്പറ്റി എല്ലാം explain ചെയ്തു. ഡോക്ടർ പറഞ്ഞത് ഇപ്പോൾ breast cancer നെല്ലാം തക്കതായ treatment ഉണ്ട്. അതുകൊണ്ട് പേടിക്കാനൊന്നുമില്ല എന്നായിരുന്നു. Chemo എടുക്കുന്നതിന്റെ പ്രയാസങ്ങൾ പറഞ്ഞു കേട്ടിട്ടുണ്ട്. അത്ഭുതം എന്നു പറയട്ടെ എനിക്കു chemo എടുത്തപ്പോൾ വലിയ പ്രയാസങ്ങൾ ആദ്യം ഒന്നുമില്ലായിരുന്നു.

Surgery കഴിഞ്ഞു result വന്നപ്പോൾ ആദ്യം diagnoലെ ചെയ്തതിലും worse ആയിരുന്നു. Stage III ductal carcinoma എന്നായിരുന്നു result. ഒരു മാസത്തോളം വിശ്രമം എടുത്തതിനു ശേഷം chemo തുടങ്ങി. ആദ്യത്തെ 12 chemo ഒരോ week-ൽ ആയിരുന്നു. അതിനുശേഷം 4 chemo alternate week-ൽ ആയിരുന്നു. ആ മരുന്ന് കുറച്ചുകൂടി strong ആയിരുന്നു. ഇതിനിടയിൽ blood count കൂട്ടാനുള്ള മരുന്നും ഉണ്ടായിരുന്നു. അതു വളരെ ക്ഷീണവും neck pain- ഉണ്ടാക്കി. chemo തുടങ്ങി 2 weeks ആയപ്പോഴേയ്ക്കും മുടി എല്ലാം പോയി. ഭക്ഷണം കഴിക്കാൻ വളരെ ബുദ്ധിമുട്ടായിരുന്നു. ഒന്നിനും ഒരു രുചിയും തോന്നിയില്ല. Mashed potato- യും പാലുമാണ് പ്രധാനമായും കഴിച്ചത്. Oncologist ന്റെ clinic- ൽ തന്നെയാണ് chemo എല്ലാം എടുത്തത്. രാവിലെയായിരുന്നു chemo. ദിവസവും പോയി വരികയായിരുന്നു. Doctor- staff നല്ലവണ്ണം പരിചരിച്ചു. ഈ സമയത്തൊക്കെയും ഞാനും കുറച്ചൊക്കെ active ആയിരുന്നു. കൂടുതൽ സമയം വേദപുസ്തകം വായിക്കുവാനും പഠിക്കുവാനുമൊക്കെ ശ്രമിച്ചു.

Cancer survivors ന്റെ ഒരു മീറ്റിങ്ങ് ഞാൻ chemo therapy എടുക്കുന്ന clinic-ൽ തന്നെ എല്ലാ മാസവും ഉണ്ടായിരുന്നു. എന്നെയും അതിലേക്കു വിളിച്ചു. അതിൽ രണ്ടുമൂന്നു പ്രാവശ്യം cancer വന്ന, 80 വയസ്സിലേറെ പ്രായമുള്ളവരുണ്ടായിരുന്നു. അവരുടെ അനുഭവങ്ങൾ കൂടുതൽ ധൈര്യം പകർന്നുതന്നു. ചിലരൊക്കെ എന്നെ ഫോണിൽ വിളിച്ച് ഉപദേശങ്ങൾ തരുമായിരുന്നു. മീറ്റിങ്ങിൽ motivational speakers വന്ന് encourage ചെയ്യുമായിരുന്നു. ഇതെല്ലാം ജീവിതത്തിൽ നല്ല experience ആയിരുന്നു.

ക്രിസ്തുവിലുള്ള വിശ്വാസവും ആശയവുമാണ് ക്ളേശങ്ങൾ വരുമ്പോഴും നമുക്ക് പ്രത്യാശ നൽകുന്നത്. Cancer കഴിഞ്ഞുള്ള ജീവിതം ഒരു പുതിയ അദ്ധ്യായമാണ്. ജീവിതത്തിൽ തളർന്നു പോകാതെ മുന്നേറുവാൻ ദൈവം വീണ്ടും അവസരങ്ങൾ തന്നുകൊണ്ടിരിക്കുന്നു. സ്വയമായിട്ട് ഒന്നും പ്രശംസിക്കാനില്ല. അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അത് പുതിയതാണ്.

നാം ജീവിച്ചിരിക്കുന്നു എന്നതും സന്തോഷത്തോടെ ആയിരിക്കുവാൻ കഴിയുന്നു എന്നതും കർത്താവിന്റെ വലിയ കാരുണ്യത്തിന്റെ തെളിവാണ്.



Rosamma Chacko Article

# അത്ഭുതകരമായ രോഗ വിമുക്തി

***ഞാൻ എന്റെ കണ്ണ് പർവ്വതങ്ങളിലേക്കു ഉയർത്തുന്നു, എനിക്ക് സഹായം എവിടെ നിന്ന് വരും. എന്റെ സഹായം ആകാശത്തേയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയിങ്കൽ നിന്ന് വരുന്നു.*** Psalms 121:1-2

ദൈവ നാമം മഹത്വ പ്പെടുമാറാകട്ടെ. റോസമ്മ അഥവാ, അച്ചാമ്മ ചാക്കോ എന്ന എന്നെ, മാരകമായിരുന്ന രോഗങ്ങളിൽ നിന്നും, അത്ഭുതകരമായി ദൈവം വിടുവിച്ച സാക്ഷ്യത്തെ നിങ്ങളുടെ മുൻപിൽ സമർപ്പിക്കുന്നു. എന്റെ ഭർത്താവു സോമൻ എന്ന നെല്ലിക്കൽ ചാക്കോ; ഞങ്ങൾക്ക് മൂന്നു മക്കളും ഒരു കൊച്ചു മകളും ഉണ്ട്. മൂത്ത മകൾ 'സുമ', അവളുടെ ഭർത്താവു Timmins, മകൾ Anjali, രണ്ടാമത്തെ മകൻ 'സുനിൽ'. ഇളയ മകൾ 'സുജ', ഭർത്താവു Stephen.

ഞാൻ 'ബ്രെസ്റ്റ്ക്യാന്സറിനെ' അതിജീവിച്ചവൾ ആണ്. എന്റെ അസുഖം ചൂണ്ടി കാട്ടിയതു ആരാണെന്നുള്ളത് അതിശയകരമായി തോന്നാം. കാരണം ഞങ്ങളുടെ പ്രീയപ്പെട്ട 'ബിയോവോൾഫ്' എന്ന വളർത്തു നായ ആണ്. ഞാൻ കസേരയിലോ സോഫയിലോ ഇരിക്കുമ്പോൾ, എന്റെ അടുത്ത് വന്നിരുന്ന്, അവന്റെ മുഖം എന്റെ ഇടത്തെ മാറത്തു അമർത്തിയിട്ടു പ്രയാസത്തോടെ എന്റെ മുഖത്തേക്ക് നോക്കും. ദുഃഖം സ്പുരിക്കുന്ന അവന്റെ ഇതേ ഭാവം പല പ്രാവശ്യം ആവർത്തിച്ചപ്പോൾ ഞാനും സംശയാലുവായി. പിന്നെ കുളിക്കുമ്പോൾ എന്റെ ഇടത്തെ 'ബ്രെസ്റ്റ് പാൽപ്പേറ്റ് ' ചെയ്തു നോക്കിയപ്പോൾ ഒരു മുഴ തൊട്ടറിയാൻ കഴിഞ്ഞു. ഇത് സംഭവിക്കുന്നത് 2018 ഒക്ടോബർ മാസത്തിലാണ്. 2018 ജനുവരിയിൽ ചെയ്ത 'മാമ്മോഗ്രാം' പരിശോധനയിൽ അസാധാരണമായി ഒന്നും തന്നേ കണ്ടിരുന്നില്ല. എന്നാൽ എന്റെ രോഗം ആരംഭത്തിലേ കണ്ടുപിടിക്കാൻ, ദൈവംതമ്പുരാൻ എന്റെ പ്രീയപ്പെട്ട നായയെത്തന്നെ ഉപയോഗിച്ചു എന്ന് ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.

2018 നവംബറിൽ തന്നെ വൈദ്യ പരിശോധനക്കെത്തിയപ്പോൾ, ഈ വിവരം ഞാൻ ഡോക്ടറെ അറിയിച്ചു. കഴിഞ്ഞ ജനുവരിയിൽ എല്ലാം 'നോർമൽ' ആയിരുന്നല്ലോ, എന്ന് പറഞ്ഞു പരിശോധിച്ച ഡോക്ടർക്കും എന്റെ ഇടത്തെ ബ്രേസ്റ്റിൽ മുഴ ഉള്ളതായി അനുഭവപ്പെട്ടു. നവംബർ 13 നു 'അൾട്രാസൗണ്ട് ' പരിശോധന നടത്തുകയും ഇടത്തെ മാറിടത്തിന് മുകൾ ഭാഗത്തായി 'മുഴ' സ്ഥിരീകരിക്കുകയും ചെയ്തു. നവംബർ 20 നു 'അൾട്രാസൗണ്ട് ഗൈഡഡ് ബയോപ്സി', സൗത്ത് വെസ്റ്റ് മെമ്മോറിയൽ ഹെർമൻ ആശുപത്രിയിൽ വെച്ച് നടത്തി, ക്യാൻസറിന്റെ ആരംഭം ഉണ്ടെന്നു പറയുകയും ചെയ്തു.

എം.ഡി.ആൻഡേഴ്സൺ ആശുപത്രിയിലെ ഡോക്ടറും ആയി ബന്ധപ്പെടാൻ, സ്തനാർബുദ ചികിത്സയിലൂടെ കടന്നു പോയ എന്റെ ഒരു സുഹൃത്ത്, എന്നെ സഹായിച്ചു. 1-8-2019 ൽ എം.ഡി.ആൻഡേഴ്സൺ കാൻസർ സെന്ററിൽ വെച്ച് എന്റെ ഇടതു ബ്രെസ്റ്റിലെ മുഴയും 3 'സെന്റിനാൽ ലിംഫ് നോട്സ്' ഉം നീക്കം ചെയ്തു. ബയോപ്സി റിപ്പോർട്ടിൽ, കാൻസർ മറ്റൊരിടത്തേക്കും വ്യാപിച്ചിട്ടില്ല എന്ന് കണ്ടിരുന്നു. ശാസ്ത്ര ക്രീയക്ക് ശേഷം 10 റേഡിയേഷൻ ട്രീറ്റ്മെന്റ് ഉം എടുത്തു, ഇന്നും മരുന്നുകൾ കഴിച്ചു കൊണ്ടിരിക്കുന്നു.

എനിക്ക് കാൻസർ തന്നെ എന്ന് ഡോക്ടർ സ്ഥിരീകരിച്ചപ്പോൾ വലിയ പ്രയാസം ഒന്നും അനുഭവപ്പെട്ടില്ല. കാരണം, ദൈവം അറിയാതെ നമ്മുടെ ജീവിതത്തിൽ ഒന്നും സംഭവിക്കില്ല എന്ന് എനിക്ക് നല്ല ഉറപ്പുണ്ടായിരുന്നു. പ്രാർത്ഥന കേൾക്കുന്ന തമ്പുരാൻ സൗഖ്യം തരുമെന്ന് ഞാൻ പൂർണ്ണമായി വിശ്വസിച്ചു. ചെറു പ്രായം മുതൽ, പ്രാർത്ഥന നൽകുന്ന രോഗ ശാന്തി ഞങ്ങളുടെ വീട്ടിൽ തന്നെ ഞാൻ കണ്ടു അനുഭവിച്ചിട്ടുള്ളതാകുന്നു. എന്റെ മാതാപിതാക്കൾ വളരെ പ്രാർഥിക്കുന്നവരും, തീഷ്ണമായ ദൈവ വിശ്വാസം ഉള്ളവരും ആയിരുന്നു, അതിലൂടെ ആണ് ഞങ്ങളും വളർന്നത്. ഉദാഹരണമായി, വടക്കേ ഇന്ത്യയിൽ സൈന്യ സേവനത്തിൽ ഏർപ്പെട്ടിരുന്ന എന്റെ സഹോദരൻ 'മെനഞ്ചൈറ്റിസ്' രോഗബാധിതനായി, ബോധം നഷ്ടപ്പെട്ടു, 14 ഓളം ദിവസങ്ങൾ ആശുപത്രിയിൽ കഴിഞ്ഞുകൂടി. വളരെ ഗുരുതരമാണെന്നുള്ള കമ്പിസന്ദേശങ്ങൾ വീട്ടിൽ എത്തിക്കൊണ്ടിരുന്നു. ഞങ്ങളുടെ അപ്പച്ചനും അമ്മച്ചിയും ഉപവസിച്ചു പ്രാർത്ഥിച്ചു. അപ്പച്ചന്റെ ആവശ്യപ്രകാരം, പള്ളിയിലെ കുർബാനയ്ക്കിടയിൽ, എന്റെ സഹോദരന്റെ രോഗാശ്വസത്തിനായി , അന്നത്തെ അച്ചനും പ്രാർത്ഥിക്കുക ഉണ്ടായി. അങ്ങനെ എന്റെ സഹോദരൻ രോഗവിമുക്തനായി, ഇന്ന് 83 ആം വയസ്സിലും ആരോഗ്യത്തോടെ ജീവിക്കുന്നു.

ഏതു രോഗങ്ങളെയും മാറ്റി ത്തരുവാൻ ദൈവം തമ്പുരാന് സാധിക്കുമെന്നുള്ള പൂർണ്ണ വിശ്വാസത്തോടെ ഞാൻ ഇപ്പോഴും പ്രാർത്ഥിക്കും. എന്റെ പരിപൂർണ്ണ രോഗ ശാന്തിക്കായി, കുടുംബമായിട്ടു അന്നും ഇന്നും പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു. ഞങ്ങളുടെ രണ്ടു പേരുടെയും സഹോദരങ്ങളും, അവരുടെ കുടുംബങ്ങളും, എന്റെ കാൻസർ അസുഖം മാറുന്നതിനായി മുട്ടിപ്പായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എല്ലാ ഞായറാഴ്ചയും പള്ളി ആരാധനയിൽ, അച്ചൻ യേശുവിന്റെ ശരീര രക്തങ്ങളായി, അപ്പം വീഞ്ഞുകളെ വാഴ്ത്തി, പടിഞ്ഞാറേക്ക് വരുമ്പോൾ, കൂപ്പിയ കൈകളുമായി എന്റെ സഹോദരി 'ജോളി കോശി പണിക്കർ',

കണ്ണ് നീരോടെ എന്റെ രോഗ ശമനത്തിനായി എന്നും പ്രാർത്ഥിക്കുമായിരുന്നു. അതുപോലെ, എന്റെ സഹോദരനായ റവ.ഫാദർ.കുര്യൻ വർഗീസ് കോർ എപ്പിസ്കോപ്പ, കുർബാനസമയത്തും കുടുംബ പ്രാർത്ഥനയിലും ഇപ്പോഴും, എന്നെ ഈ രോഗത്തിൽനിന്നും വിടുവിക്കുന്നതിനായി പ്രാർത്ഥിച്ചു കൊണ്ടിരുന്നു.

യാക്കോബ് ശ്ലീഹായുടെ ലേഖനത്തിൽ ഇങ്ങനെ വായിക്കുന്നു, നീതിമാന്റെ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദൈവം കേൾക്കും, രോഗിക്ക് സൗഖ്യം കൊടുക്കും. പിറവിയിലെ കുരുടനായ മനുഷ്യനെ യേശു സുഖപ്പെടുത്തുന്നു. അവനോ അവന്റെ അമ്മയപ്പന്മാരോ പാപം ചെയ്തത് കൊണ്ടല്ല, അവൻ കുരുടനായി തീർന്നത്. പിന്നയോ ദൈവത്തിന്റെ മഹത്വം വെളിപ്പെടേണ്ടതിനു തന്നെ. സഭയുടെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന ദൈവം കേട്ട് ദീനക്കാർക്കു സൗഖ്യം കൊടുക്കുന്നു. ആ വിശ്വാസം അനുസരിച്ചു, ഞാൻ ആദ്യമായി പള്ളിയിലെ പട്ടക്കാരോടെ എനിക്കുവേണ്ടി പ്രാർഥിക്കണമെന്ന് അപേക്ഷിച്ചു. എനിക്ക് ബ്രെസ്റ്റ് കാൻസർ ആണെന്ന് ഞാൻ എല്ലാവരെയും അറിയിച്ചു. അച്ചന്മാർ കുർബാന മദ്ധ്യേ എന്റെ പേര് പറഞ്ഞു പ്രാർത്ഥിച്ചു. ഭദ്രാസനാധിപൻ റൈറ്റ്. റവ.ഡോ. ഐസക് മാർ ഫീലക്സിനോസ് തിരുമേനി ഇടവകയിൽ വന്നപ്പോൾ, എന്റെ തലയിൽ കൈ വെച്ച് പ്രാർത്ഥിച്ചു. ഹീലിങ് ഹാർട്ട് സംഘടനാ അംഗങ്ങളും സേവികാ സംഘാങ്ങളും നിത്യവും എന്റെ രോഗ ശമനത്തിനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കൂടാതെ ഐ.പി.എൽ., യൂ സി.ഫ്. എന്നീ സംഘടനകളുടെ അംഗങ്ങളും എനിക്ക് വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. അങ്ങനെ അനേക കൂട്ടായ്മകളുടേയും, എന്റെ സഭാംഗങ്ങളുടെയും, എന്റെ കുടുംബത്തിന്റെയും, ബന്ധു സഹോദര സുഹൃത്തുക്കളുടെയും പ്രാത്ഥനയുടെയും അപേക്ഷയുടെയും ഫലമായി എനിക്ക് പരിപൂർണ്ണ രോഗ ശമനം ലഭിച്ചു.

ഈ അസുഖങ്ങൾ ഒക്കെ വരുന്നതിനു വർഷങ്ങൾക്കു മുമ്പേ 1981 ൽ അതിഭയങ്കരമായ തല വേദനയും ഛർദ്ദിയും കാരണമായി ഞാൻ വലിയ പ്രയാസത്തിൽ കൂടെ പോകേണ്ടി വന്നു. പല പ്രാവശ്യം MRI ഉം CAT Scan ഉം ചെയ്ത ശേഷം എന്നെ ഹൂസ്റ്റണിലെ മെതഡിസ്റ്റ് ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു . പിന്നീട് അവർ സെറിബ്രൽ ആൻജിയോഗ്രാം ചെയ്തു. ഈ പരിശോധനകൾക്കിടയിലെല്ലാം ഞാൻ 91 ആം സങ്കീർത്തനം ഉരുവിട്ട് കൊണ്ടിരുന്നു. 'ദൈവം ആശ്വാസം തരും' എന്ന് തന്നെ ഞാൻ വിശ്വസിച്ചു. എല്ലാവരും എനിക്ക് ബ്രെയിൻ ടൂമർ ഉണ്ടാവാമെന്നും ശസ്ത്രക്രിയ വേണ്ടി വരുമെന്നും സംശയിച്ചു. ഞാൻ ഈ വിവരങ്ങൾ നാട്ടിൽ അറിയിച്ചു. എന്റെ അപ്പച്ചന്റെ മറുപടി, എന്റെ സഹോദരന് സൗഖ്യം കൊടുത്തത് പോലെ എനിക്കും സൗഖ്യം ലഭിക്കുമെന്നും അതിനായി എല്ലാവരും പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു, എന്നുമാണ്. റവ. ജേക്കബ് ജോർജ് അച്ചൻ ഞങ്ങളുടെ ഭവനത്തിൽ എത്തി പ്രാർത്ഥിച്ചു. UCF പ്രാർത്ഥനാ ഗ്രൂപ്പിൽ, എന്നെ നാടുവിലിരുത്തി, ബൈബിൾ എന്റെ തലയിൽ വെച്ച് കൊണ്ട് പ്രാർത്ഥിച്ചു. എല്ലാവരുടെയും പ്രാർത്ഥനാ ഫലമായി, എന്റെ തലവേദനയും ഛർദ്ദിയും ഭേദമായി. അടുത്ത പരിശോധനയിൽ, ' ഒരു സർജറിയും ആവശ്യമില്ലെന്നും, തലച്ചോറിന് ഒരു കുഴപ്പവുമില്ലെന്നും ' ഉള്ള നിഗമനത്തി ലെത്തിച്ചേർന്നു. യാക്കോബു സ്ലീഹാ പറയും പോലെ, വിശ്വാസത്തോട് കൂടിയുള്ള പ്രാർത്ഥന രോഗിയെ സൗഖ്യമാക്കുന്നു.

നമ്മുടെ ദൈവം തമ്പുരാന്റെ കൃപയും കരുണയും അനുഗ്രഹവും, വിശ്വാസത്തോടു കൂടിയുള്ള എന്റെയും കുടുംബത്തിന്റെയും, മറ്റെല്ലാവരുടെയും പ്രാർത്ഥനയും ആണ്, എനിക്ക് സൗഖ്യ കാരണമായത്. പ്രാർത്ഥന നമുക്ക് ബാഹ്യമായ മാറ്റങ്ങൾ ഒന്നും വരുത്തിയില്ലെങ്കിലും, ദൈവം അന്തരീകമായും ആത്മീയമായും മാറ്റങ്ങൾ വരുത്തുകയും നമ്മെ രോഗങ്ങളിൽ നിന്നും ആപത്തുകളിൽ നിന്നും രക്ഷിക്കുകയും ചെയ്യുന്നു. ആ ദൈവം ശക്തിയും സുഖവും സമാധാനവും തന്നു എല്ലാവരെയും കാത്തു സൂക്ഷിക്കട്ടെ! എന്ന. ഈ പ്രാർത്ഥന എവിടെയും മുഴങ്ങു മാറാകട്ടെ.

» **ജോളി കോശി പണിക്കർ**

എന്റെ സഹോദരി റോസമ്മയ്ക്കുണ്ടായ അസുഖത്തെക്കുറിച്ചും അതുമൂലം ശാരിരികമായും മാനസികമായ പ്രയാസങ്ങളെ തരണം ചെയ്തതിനെക്കുറിച്ചും ഞാൻ ഓർത്തു പോവുകയാണ്. റോസമ്മയ്ക്ക് ചെറുപ്പം മുതൽ വീട്ടിൽ വളർത്തുന്ന പക്ഷിമൃഗാദികൾക്കുണ്ടാകുന്ന അസുഖങ്ങളെപ്പോഴും വളരെ കരുണയോടും മനസ്സലിവോടും പരിപാലിക്കുന്ന സ്വഭാവമായിരുന്നു. മറ്റുള്ളവരുടെ വേദനകളിൽ വളരെ മനസ്സലിവുള്ള വ്യക്തിയായിട്ടാണ് എനിക്ക് അനുഭവമായിട്ടുള്ളത്. റോസമ്മയ്ക്ക് നേഴ്സിങ്ങ് പഠനത്തിനു പോകുവാൻ വളരെ ആഗ്രഹമായിരുന്നു. തൻമൂലം നേഴ്സിങ്ങ് പഠനത്തിനു പേകുകയും പിന്നിട് അമേരിക്കയിൽ ടെക്സാസിൽ ഒരു ഹോസ്പിറ്റലിൽ ജോലി ലഭിക്കുകയും ചെയ്തു. ഇതുമൂലം ശാരിരികമായും മാനസികവുമായി പ്രയാസപ്പെടുന്നവരെ ശുശ്രൂഷിക്കുവാനും സഹായിക്കുവാനുമുള്ള ഒരു നല്ല മനസ്സിന്റെ ഉടമയായിത്തിരുകയും ചെയ്തു. 1981ൽ റോസമ്മയ്ക്ക് ബ്രയൻ ടൂമർ ഉണ്ടായി. സ്വല്പം കൂടുതലായിരുന്നു ഓപ്പറേഷൻ ദിവസം നിശ്ചയിച്ചു. എന്നാൽ അതിന്റെ രണ്ടു ദിവസം മുമ്പ് മാർത്തോമ്മാ സഭയിലെ അംഗമായ റോസമ്മയുടെ തലയിൽ യൂണിയൻ ക്രിസ്റ്റ്യൻ ഫെലോഷിപ്പ് അംഗങ്ങൾ വേദപുസ്തകം വച്ച് പ്രാർത്ഥന നടത്തി. അത്ഭുതമെന്നു പറയട്ടെ ഓപ്പറേഷനുവേണ്ടി പരിശോധനയ്ക്ക് ഹോസ്പിറ്റലിൽ പോയപ്പോൾ ബ്രയ്ൻ ടൂമർ ഇല്ല എന്നു ഡോക്ടർ പറഞ്ഞു. യാക്കോബ് സ്ളിഹായുടെ ലേഖനത്തിൽ വായിക്കുന്നതുപോലെ വിശ്വാസത്തോടു കൂടിയുള്ള പ്രാർത്ഥന രോഗിയെ സൗഖമാക്കും എന്നതിൽ സംശയമില്ല. അത്ഭുതങ്ങളെ പ്രവർത്തിക്കുന്ന ദൈവത്തിനു സാധിക്കാത്തത് യാതൊന്നുമില്ല എന്ന്

അനുഭവം കൊണ്ട് നമ്മളെ മനസ്സിലാക്കുന്നുണ്ട്. രണ്ടു വർഷമായി റോസമ്മയ്ക്ക് ബസ്കാൻസറിന്റെ തുടക്കം കാണാനിടയായി. മാമോഗ്രാം ചെക്കപ്പ് നടത്തിക്കൊണ്ടിരുന്ന റോസമ്മയ്ക്ക് വീട്ടിൽ വളർത്തുന്ന നായയുടെ റോസമ്മയോടുള്ള പെരുമാറ്റത്തിൽ കൂടിയാണ് ബെസ്റ്റ് കാൻസർ ഉണ്ടെന്നു മനസ്സിലാക്കാൻ സാധിച്ചത്. നമ്മൾ പലപ്പോഴും നായ എന്നു പരിഹാസപൂർവ്വം ചിലപ്പോഴെങ്കിലും വിളിക്കുന്നത് കേൾക്കാറുണ്ട്. എന്നാൽ

നമ്മളിലുണ്ടാകുന്ന ശാരീരിക അസ്വാസ്ഥ്യം വളർത്തു നായ്ക്കൾക്കും മനസ്സിലാക്കാൻ സാധിക്കുമെന്ന് റോസമ്മയുടെ അസുഖം വെളിപ്പെടുത്തുന്നു. അസുഖത്തെക്കുറിച്ച് റോസമ്മ എല്ലാവരോടും പറഞ്ഞു. അന്നുമുതൽ എപ്പോഴും ബ്രയിൻ ട്യൂമർ മാറ്റിക്കൊടുത്ത ദൈവത്തിന് റോസമ്മയുടെ ഈ അസുഖവും മാറ്റി തരുവാൻ സാധിക്കുമെന്നുള്ള വിശ്വാസത്തോടു കൂടി ഞാൻ എപ്പോഴും പ്രാർത്ഥിക്കും.സുഹൃത്തുക്കളോടും പ്രാർത്ഥന സംഘടനകളോടും എല്ലാം ഞാൻ പറയും പ്രത്യേകം പ്രാർത്ഥിക്കണം എന്ന്.



Aidan Tobin Varghese

Article

# യേശു അപ്പച്ചന്റെ കൃപ

എന്റെ പേര് ഐഡൻ ടോബിൻ വർഗീസ്. എനിക്ക് 12 വയസ്സായി. ഞാൻ പിറന്നു 6 ആഴ്ച കഴിഞ്ഞപ്പോൾ ഉണ്ടായ ചില കാര്യങ്ങൾ എന്റെ മാതാപിതാക്കളിൽനിന്നും അപ്പച്ചൻ, അമ്മച്ചിമാരിൽ നിന്നും അറിഞ്ഞു. ആദ്യമൊക്കെ ഞാൻ വിചാരിച്ചു ഇത് ഒരു കഥ മാത്രമാണെന്ന്. പക്ഷെ പിന്നീട് എനിക്ക് മനസ്സിലായി അതൊക്കെ ശരിയാണെന്നു. അവയൊക്കെ ശരിയാണെങ്കിൽ ഞാൻ ജീവിച്ചിരിക്കുന്നത് യേശു അപ്പച്ചന്റെ കരുണ മാത്രമാണെന്ന് ഞാൻ വിശ്വസിക്കുന്നു. അതേപ്പറ്റിയാണ് ഞാൻ എഴുതുന്നത്. ഞാൻ മാനസിക വൈകല്യം ഇല്ലാതിരുന്നതും ജീവിച്ചിരിക്കുന്നതും യേശു അപ്പച്ചന്റെ കൃപ മാത്രം. അതെങ്ങനെ മറ്റുള്ളവരോട് പറയാതിരിക്കും.

2009 ഫെബ്രുവരിയിലെ ഒരു സാധാരണ ദിവസമായിരുന്നു, എനിക്ക് 6 ആഴ്ച പ്രായമുണ്ടായിരുന്നു. എന്റെ മാതാപിതാക്കൾ പതിവുപോലെ അവരുടെ നവ ജാത ശിശുവിനെ, എന്നെ, പരിപാലിക്കുകയായിരുന്നു. പക്ഷേ എന്തോ ഒരു പന്തിയില്ലായ്മ. കഴിഞ്ഞ 12 മണിക്കൂറുകളായി ഞാൻ നന്നായി ഉറങ്ങുകയോ ഭക്ഷണം കഴിക്കുകയോ ചെയ്തിരുന്നില്ല. ശ്വാസോച്ഛ്വാസത്തിൽ എന്തോ തടസ്സം ഉള്ളപോലെ അവർക്കു തോന്നി. എന്റെ മാതാപിതാക്കൾ എന്നെ ഒരു ഡോക്ടറുടെ അടുത്തേക്ക് കൊണ്ടുപോയി. ഡോക്ടറുടെ നിർദേശപ്രകാരം എന്നെ അടിയന്തിര പരിചരണത്തിലേക്ക് കൊണ്ടുപോയി. അങ്ങനെ എന്നെ ഹ്യൂസ്റ്റണിലെ ടെക്സാസ് ചിൽഡ്രൻസ് ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. ഉടൻ തന്നെ അവിടത്തെ ഐ.സി.യു.വിൽ പ്രവേശിപ്പിച്ചു. വെന്റിലേറ്ററിലും നിരവധി ഐ.വി. ലൈനുമായി ബന്ധിച്ച എന്റെ കിടപ്പ് അത്യന്തം ഹൃദയഭേദകമായിരുന്നു എന്ന് പറഞ്ഞു കേട്ടു. അത്യന്തം തീവ്രവും ആപൽക്കരവുമായ 'മെനിഞ്ചൈറ്റിസ്' ആയിരുന്നു എനിക്ക്. വിവരങ്ങൾ അറിഞ്ഞ എന്റെ മാതാപിതാക്കൾ തകർന്നു, അവർ തകർന്നു പോയി. Spinal ടാപ്പുകൾക്കും, വൈദ്യ ശാസ്ത്രപരമായി എന്നെ പലവട്ടം അബോധാവസ്ഥയിൽ ആക്കേണ്ടി വന്നു. പലവട്ടം sedation വിധേയനായി. എന്നാൽ അതിനിടയിൽ ആശ്വാസമായി എല്ലാ രാത്രിയും, ട്രിനിറ്റി മാർത്തോമയിലെ റവ. തോമസ്കുട്ടി അച്ചൻ ആശുപത്രിയിൽ വന്ന് എനിക്കുവേണ്ടി പ്രാർത്ഥിക്കുമായിരുന്നു. ബഹുമാനപ്പെട്ട അച്ചൻ പള്ളിയിലെ എല്ലാവരോടും എനിക്കുവേണ്ടി പ്രാർത്ഥിക്കാനും ആവശ്യപ്പെട്ടു. നിങ്ങളുടെ എല്ലാവരുടെയും പ്രാർത്ഥനകൊണ്ടാണ് ഞാൻ ഇന്ന് പരിപൂർണ്ണ ആരോഗ്യത്തോടെ ജീവിച്ചിരിക്കുന്നത്. ഇതെല്ലാം എന്റെ കേട്ടറിവാണ്. എന്നാൽ നിങ്ങൾക്ക് പലർക്കും ഈ കാര്യം അറിയാം, കാരണം നിങ്ങൾ എല്ലാരും പ്രാർഥിച്ചിട്ടുണ്ടാവും. അതിനു ഞാൻ എന്നെന്നും യേശുഅപ്പച്ചനോടും നിങ്ങളോടും നന്ദിയുള്ളവനായിരിക്കും.



യഹോവേ, എന്നെ സൗഖ്യമാക്കേണമേ, എന്നാൽ എനിക്കു സൗഖ്യം വരും; എന്നെ രക്ഷിക്കേണമേ, എന്നാൽ ഞാൻ രക്ഷപ്പെടും; നീ എന്റെ പുകഴ്ച യല്ലോ.

യിരെമ്യാവ് 17: 14



Sosamma Abraham (Gracie)

Article

# രോഗശാന്തിയുടെ അത്ഭുത നാൾവഴികൾ

ഞാൻ ജനിച്ചതും വളർന്നതും കുമ്പനാട് പൂഴിക്കാലായിൽ കുടുംബത്തിലാണ്. എന്റെ വല്യച്ഛനും വല്യമ്മയും അമ്മാച്ചന്മാരുമെല്ലാം എന്റെ കുട്ടിക്കാലത്തെ ജീവിതത്തെ വളരെ സ്വാധീനിച്ചിട്ടുണ്ട്. എന്റെ അപ്പച്ചൻ എപ്പോഴും ക്രിസ്ത്യാനികളല്ലാത്തവർക്ക്, പ്രത്യേകിച്ച് സമൂഹത്തിന്റെ താഴേത്തട്ടിലുള്ള ആളുകൾക്ക് സുവിശേഷ ട്രാക്കുകൾ വിതരണം ചെയ്തു. ആ ദിവസങ്ങൾ മങ്ങിക്കൊണ്ടിരുന്ന ജാതി വ്യവസ്ഥയുടെ ചെറു കാണികൾ അങ്ങിങ്ങായി കണ്ടിരുന്നു. എന്നാൽ എന്റെ അപ്പച്ചന്മാർ അവർക്കു കിട്ടിയ ദൈവിക വെളിച്ചം ജാതിയും മതവും നോക്കാതെ എല്ലാവരോടും അറിയിച്ചിരുന്നു.

ഞാൻ ജൂൺ 22, 1975 ൽ അമേരിക്കയിലെത്തി.അപ്പോൾ ഞാൻ എന്റെ ആദ്യത്തെ കുട്ടിയുമായി ഗർഭിണിയായിരുന്നു. എന്റെ ഭർത്താവ് ഇന്ത്യയിലായിരുന്നു. 1975 ഒക്ടോബറിൽ അദ്ദേഹം അമേരിക്കയിലെത്തി. ഞങ്ങളുടെ മൂത്ത മകൻ സോണി 1976 ജനുവരി 24 ന് ജനിച്ചു. ജനന സമയത്തെ മോന്റെ ബില്ലിറൂബിൻ നില വളരെ ഉയർന്നതായിരുന്നു. അതുകൊണ്ട് ജനിച്ച ആശുപത്രിയിൽ 12 ദിവസം കൂടി അഡ്മിറ്റ് ചെയ്തു. എന്റെ കുഞ്ഞില്ലാതെ വീട്ടിൽ വരുന്നത് വളരെ വിഷമകരമായ ഒരു കാര്യമായിരുന്നു. എന്റെ രക്ത ഗ്രൂപ്പ് Rh-O നെഗറ്റീവ് ആണ്. 1977ഏപ്രിലിലാണ് സോബി ജനിച്ചത്. 1989 ജൂണിൽ സന്ദീപും. ആരോഗ്യമുള്ള കുട്ടികൾ ഞങ്ങൾക്ക് നൽകിയതിന് ഞാൻ എന്റെ കർത്താവായ യേശുവിനോട് നന്ദി പറയുന്നു.

ട്രിനിറ്റി മാർത്തോമ്മാ സഭയുടെ Healing Heart ശുശ്രൂഷയിൽ ഞാൻ അഭിമാനിക്കുന്നു. 2003 മാർച്ച് 15ന് ഹൃദയാഘാതമുണ്ടായ എന്റെ സുഹൃത്ത് ലീലാമ്മയുടെ ഭർത്താവ് ജോർജ് യോഹന്നാനുവേണ്ടി ആയിരുന്നു എന്റെ ആദ്യത്തെ പ്രാർത്ഥനാ അഭ്യർത്ഥന. അദ്ദേഹം ന്യൂയോർക്കിൽ 16 ദിവസം വെന്റിലേറ്ററിലായിരുന്നു. നിരവധി ആരോഗ്യപ്രശ്നങ്ങളാൽ 7 മാസം ആശുപത്രിയിൽ കഴിയേണ്ടി വന്ന അദ്ദേഹത്തെ ക്രമേണ വീട്ടിലേക്കു ഡിസ്ചാർജ് ചെയ്തു. 2 വർഷത്തിനു ശേഷം അയാൾക്ക് ഡ്രൈവ് ചെയ്യാൻ കഴിഞ്ഞു. അവർ ഇപ്പോഴും ന്യൂയോർക്കിലാണ്. ഇപ്പോൾ ലീലാമ്മയ്ക്ക് 73 വയസ്സും ജോർജ്കുട്ടിക്ക് 75 വയസ്സുമാണ്. അവർ രണ്ടുപേർക്കും ഇപ്പോൾ ചില ആരോഗ്യപ്രശ്നങ്ങൾ ഉള്ളതിനാൽ നിങ്ങളുടെ പ്രാർത്ഥനയിൽ അവരെ ഓർക്കണേ. എന്റെ സഹോദരൻ ഷിബു/ഷിബിയുടെ മകൻ ഷോണും 2007 ഫെബ്രുവരി 7ന് അപ്രതീക്ഷിതമായ സങ്കീർണതകളോടെ ജനിച്ചു. അവൻ യേശുനാഥന്റെ അത്ഭുത രോഗശാന്തിയുടെ സാക്ഷിപത്രമാണ്.

1990ൽ എനിക്ക് കടുത്ത നെഞ്ചുവേദന അനുഭവപ്പെടുകയും Cholesystitis രോഗനിർണയം നടത്തുകയും കോളിസിസ്റ്റെക്ടമി നടത്തുകയും ചെയ്തു. 1991 ൽ ഗർഭപാത്രം നീക്കം ചെയ്യുകയും ചെയ്തു. 2002 ജൂലൈയിൽ എന്റെ ഭർത്താവ് എബ്രഹാം (കുഞ്ഞുമോൻചായൻ) പ്രൊസ്റ്റക്ടമി ചെയ്തു, സുഖം പ്രാപിച്ചു. എനിക്ക് വളരെക്കാലമായി ഡൈവേർട്ടിക്കുലിറ്റിസ് ഉണ്ട്. ദീർഘ നാളുകളായി അതിനുള്ള മരുന്നുകൾ കഴിച്ചുകൊണ്ടിരിക്കുന്നു, ആന്റിബയോട്ടിക് എടുക്കുന്നതിനായി മൂന്നോ നാലോ തവണ അഡ്മിറ്റ് ചെയ്യേണ്ടി വന്നിട്ടുണ്ട്. 2019 ഒക്ടോബർ 2 ന് എനിക്ക് കോളെക്ടമി ചെയ്തു. ദൈവകൃപയാൽ വേദന കുറഞ്ഞു. മരുന്നുകളോടൊപ്പം ഭക്ഷണം ക്രമീകരിച്ചു ശ്രദ്ധാപൂർവ്വം നിരീക്ഷിച്ചു മുന്നോട്ടു പോകുന്നു.

2020 ജനുവരി 24 ന് ഞങ്ങളുടെ പ്രിയപ്പെട്ട അച്ചായന്റെ തൊണ്ണൂറ്റെട്ടാം (98) ജന്മദിനം ആഘോഷിക്കാൻ കേരളത്തിലേക്ക് പോയി. 2020 ജനുവരി 29 ന് ഞങ്ങളുടെ വീട്ടിൽ ഒരു കുടുംബസ്തോത്ര പ്രാർത്ഥന യോഗം ഉണ്ടായിരുന്നു. ഞങ്ങൾ ഏകദേശം 130 കുടുംബാംഗങ്ങൾ ആ പ്രാർത്ഥനയിൽ പങ്കെടുത്തു. ജനുവരി 31 ന് രാവിലെ 7.30ന്, എന്റെ പ്രിയപ്പെട്ട അച്ചായൻ തൻ പ്രിയം വച്ച കർത്ത്യ സന്നിധിയിലേക്കു ചേർക്കപ്പെട്ടു. ചുറ്റും നിന്ന 6 മക്കളുടെ സാന്നിധ്യത്തിൽ, പ്രാർത്ഥനയോടെ ഞങ്ങൾ അച്ചായനെ യാത്ര അയച്ചു. ഇത്രയും കാലം ഞാൻ എന്റെ മനസ്സിൽ സൂക്ഷിച്ചിരുന്ന ഏറ്റവും വലിയ പ്രാർത്ഥനയായിരുന്നു അത്. ദൈവം എപ്പോഴും എന്റെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകി. വലിയ ശബ്ദമുണ്ടാക്കാതെയുള്ള നമ്മുടെ നെടുവീർപ്പുകളും, ദീർഘ നിശ്വാസങ്ങളും പ്രാർത്ഥനയായി ദൈവ സന്നിധിയിൽ എത്തും.

തിരിച്ചു അമേരിക്കയിൽ എത്തിയ ശേഷം 2021 ഫെബ്രുവരിയിൽ ഞങ്ങൾ പതിവ് പോലെ നടക്കാൻ പോയി. അല്പം കഴിഞ്ഞു കുഞ്ഞുമോൻചായൻ തനിക്കു ശ്വാസം മുട്ടുന്നതായി പറഞ്ഞു. ഒരു റൗണ്ട് നടത്തത്തിന് ശേഷം ഞങ്ങൾ തിരികെ വീട്ടിലേക്കു പോയി. ഉടൻ തന്നെ ഞാൻ ഒരു ചെക്കപ്പ് നടത്താൻ ഒരു അപ്പോയിന്റ്മെന്റ് എടുത്തു. മാർച്ച് 1 ന് അദ്ദേഹത്തെ ER ലേക്ക് കൊണ്ട് പോയി. സെന്റ് ലൂക്കിലേക്ക് പ്രവേശിപ്പിച്ചു. മാർച്ച് 8 ന് heart-ൽ 2 ബ്ലോക്കുകളുണ്ടെന്ന് കണ്ടെത്തി. മാർച്ച് 17 ന് ഓപ്പൺ ഹാർട്ട് സർജറി ഷെഡ്യൂൾ ചെയ്തുകൊണ്ട് മാർച്ച് 10 ന് ഡിസ്ചാർജ് ചെയ്തു. സർജറി ദിവസം അവർ കുഞ്ഞുമോൻചായനെ 7.30 ന് ഓപ്പറേറ്റിംഗ് റൂമിലേക്ക് കൊണ്ടുപോയി. ശസ്ത്രക്രിയ വൈകുന്നേരം 3.30 വരെ നീണ്ടു. ഡോക്ടർമാരുടെ അഭിപ്രായത്തിൽ, Atrial Septal Defect- നോടൊപ്പം 3 പ്രധാന ബ്ലോക്കുകൾ ഉണ്ടായിരുന്നു. എല്ലാം നന്നാക്കി. ബ്ലോക്കേജ് എല്ലാം മാറ്റി. എന്നാൽ കുഞ്ഞുമോൻചായൻ വെന്റിലേറ്ററിലായിരുന്നു. ശസ്ത്രക്രിയ നീണ്ടതിനാൽ കുറച്ച് ദിവസത്തേക്ക് വെന്റിലേറ്ററിൽ കഴിയേണ്ടിവരുമെന്നു അടുത്ത ദിവസം രാവിലെ അവർ എന്നോട് പറഞ്ഞു. സന്ദർശന സമയം 1 മണിക്കൂർ മാത്രമായിരുന്നു.



ഞാൻ നിന്റെ പ്രാർത്ഥന കേട്ടു നിന്റെ കണ്ണുനീർ കണ്ടിരിക്കുന്നു; ഞാൻ നിന്നെ സൗഖ്യമാക്കും; മൂന്നാം ദിവസം നീ യഹോവയുടെ ആലയത്തിൽ പോകും.

2 രാജാക്കന്മാർ 20: 5

വെന്റിലേറ്ററിന് പുറത്തായിരുന്ന സമയങ്ങളിൽ മക്കളോട് Face Time ഉപയോഗിച്ച് സംസാരിച്ചിരുന്നു.

രണ്ടു ദിവസം കഴിഞ്ഞു 19 ന് സന്ദർശന സമയത്ത് ഏകദേശം 8.30 ന് ശാരീരികമായി വലിയ വ്യത്യാസം ഒന്നും കണ്ടില്ലെങ്കിലും, അദ്ദേഹത്തിന്റെ സംസാരം മന്ദഗതിയിലായതായി ഞാൻ ശ്രദ്ധിച്ചു. ഞാൻ ഡോക്ടറെയും നഴ്സുമാരെയും ഈ വിവരം ഉടനെ അറിയിച്ചു. ഒരു ഫിസിക്കൽ തെറാപ്പിസ്റ്റ് കസേരയിൽ ഇരുത്താൻ വന്നു. നിർദ്ദേശിച്ച തെറാപ്പികൾ ചെയ്തു. ഞാൻ, അദ്ദേഹത്തിന്റെ സംസാരം അവ്യക്തമാണെന്നും ഇന്നലത്തേതിൽ നിന്ന് വ്യത്യസ്തനാണെന്നും പറഞ്ഞു. കാലുകളും കൈകളും ചലിപ്പിക്കാൻ അവർ ആവശ്യപ്പെട്ടു. വലതുവശത്ത് (കാലും കൈയും) ചലനം കുറയുന്നത് അദ്ദേഹം ഉടൻ ശ്രദ്ധിച്ചു. അവർ ഉടനെ സ്ട്രോക്ക് ടീമിനെ വിളിച്ചു; ഓപ്പറേറ്റിംഗ് റൂമിലേക്ക് കൊണ്ടുപോയി. തലച്ചോറിന്റെ ഇടതുവശത്തുള്ള blood clot നീക്കം ചെയ്തു. ഏപ്രിൽ 3 വരെ അദ്ദേഹം ആശുപത്രിയിൽ തുടർന്നു. ഡോക്ടർമാർ MRI ഉൾപ്പെടെ നിരവധി പരിശോധനകൾ നടത്തി. എന്നാൽ thrombectomy ശേഷം അദ്ദേഹത്തിന്റെ അവസ്ഥ കൂടുതൽ ഗുരുതരമായിരുന്നു. ഹീലിംഗ് ഹാർട്ട്സ് ശുശ്രൂഷയുടെ വിലമതിക്കാനാവാത്ത പ്രാർത്ഥനകളോടെ, ട്രിനിറ്റി കുടുംബവും സുഹൃത്തുക്കളും ലോകമെമ്പാടുമുള്ള അഭ്യുദയകാംക്ഷികളും അദ്ദേഹത്തിനും ഞങ്ങളുടെ കുടുംബത്തിനും വേണ്ടി പ്രാർഥിക്കുന്നുണ്ടായിരുന്നു. ഞങ്ങളുടെ ഈ പ്രതികൂല ജീവിത സാഹചര്യങ്ങളിൽ നിങ്ങളെല്ലാവരും നൽകിയ സ്നേഹത്തിനും കരുതലിനും എല്ലാറ്റിനും ഉപരിയായി ആത്മാർത്ഥമായ പ്രാർത്ഥനയ്ക്കും നന്ദി.

PT/OT, സ്പീച്ച് തെറാപ്പി എന്നിവ ക്രമമായി ചെയ്ത് കുഞ്ഞുമോൻ ചായൻ വളരെയധികം മെച്ചപ്പെട്ടു. വാസ്തവത്തിൽ ഞാൻ ഇതെഴുതുമ്പോൾ PT/OT ഈ ആഴ്ച (ആഗസ്റ്റ് 1 ആഴ്ച) ഇനിയും ആവശ്യമില്ല എന്ന് ഡോക്ടർ അറിയിച്ചു, ദൈവത്തിനു സ്തോത്രം. സ്പീച്ച് തെറാപ്പി മാത്രമാണ് ഇപ്പോൾ തുടരുന്നത്. കുഞ്ഞുമോൻചായൻ പൂർണമായി സുഖം പ്രാപിക്കാൻ നിങ്ങളുടെ പ്രാർത്ഥനയിൽ ഉറച്ചുനിൽക്കണമെന്ന് ഞാൻ നിങ്ങളോട് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു. നിങ്ങളുടെയും ട്രിനിറ്റിയിലെ എല്ലാ അംഗങ്ങളുടെയും പ്രാർത്ഥന മൂലം കുഞ്ഞുമോൻച്ചായൻ ഇത്രത്തോളം സുഖം പ്രാപിച്ചു. സ്വർഗ്ഗസ്ഥനായ പിതാവിന് എല്ലാ സ്തുതിയും മഹത്വവും. സർവ ശക്തനായ ദൈവത്തിന്റെ കരങ്ങളിൽ നാമെല്ലാവരും ഭദ്രമാണ്. ദൈവം നമ്മെ എല്ലാവരെയും കാക്കട്ടെ.





Kuruvilla Abraham

Article

# ഇതാണ് എന്റെ കഥ, ഇതാണ് എന്റെ പാട്ട്



മറ്റുള്ളവരുടെ പ്രാർത്ഥനയും അകമഴിഞ്ഞ പിന്തുണയും എങ്ങനെ പ്രശ്ങ്ങൾ തരണം ചെയ്യാനുള്ള ശക്തി തരുന്നു എന്നത്. ഈ ലേഖനത്തിലൂടെ, ജീവിതത്തെ മാറ്റി മറിച്ച രണ്ടു സംഭവങ്ങളുടെ, വെളിച്ചത്തിൽ  വായനക്കാർക്കായി വിവരിക്കുന്നു.

ഒരു കരുതലുള്ള  കുടുംബത്തിലും സ്നേഹ സമ്പന്നമായ ഇടവക/സഭയിലും വളർന്നു വന്നതു പ്രതികൂല സാഹചര്യങ്ങൾ അതിജീവിക്കാൻ ഞങ്ങൾക്ക് വലിയ പ്രചോദനവും ശക്തിയുമായി ഭവിച്ചു. അങ്ങനെ, മാനസികമായും ആത്മീയമായും ജീവിതത്തിൽ പതറാതെ മുന്നേറാൻ കർത്താവു ഞങ്ങളെ സഹായിച്ചു.

1974 ൽ ഞാൻ സി. എം. സി. ലുധിയാനയിൽ ജോലി ചെയ്യുകയായിരുന്നു, ഞങ്ങളുടെ കുടുംബത്തെ സഹായിക്കാൻ അമ്മ ഞങ്ങളോടൊപ്പം താമസിക്കാൻ വന്നു. കുറെ നാളുകൾക്കു ശേഷം അമ്മയ്ക്കു മാരാമണ്ണിലേക്കു മടങ്ങേണ്ട സമയമായപ്പോൾ അമ്മയ്ക്കു ചില ശാരീരിക പ്രശ്നങ്ങൾ ഉടലെടുത്തു, അതിന് വിശദമായ ചികിത്സ ആവശ്യമാണെന്നും അതിനുള്ള പരിശാധന നടത്തുകയും ചെയ്തു. അതിൽ നിന്ന് ഞങ്ങളുടെ അമ്മയ്ക്കു സ്തനാർബുദം ഉണ്ടെന്ന് കണ്ടെത്തി. പൊടുന്നനവെ ഉള്ള ഈ വാർത്ത ഞങ്ങളെ തീർത്തും തളർത്തി. പലപ്പോഴും നമ്മുടെ ജീവിതം ഒരു വിധം നന്നായി നടക്കുന്നു എന്ന് തോന്നുമ്പോഴാണ് വളരെ ആശ്ചര്യകരമായ സംഭവങ്ങൾ നടക്കാറുള്ളത്. അമ്മയുടെ ഈ അസുഖത്തെപ്പറ്റിയുള്ള അറിവ് വളരെ അധികം ഞെട്ടിക്കുന്ന വാർത്തയായിരുന്നു. എന്നാൽ എല്ലായ്പ്പോഴും എന്നപോലെ, നമുക്ക് മനസ്സിലാക്കാൻ കഴിയാത്ത, വളരെ വലുതായ, മെച്ചപ്പെട്ട പദ്ധതി കർത്താവിനുണ്ട് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങനെ 'അമ്മ ഞങ്ങളോടൊപ്പം താമസിച്ച് ചികിത്സ ആരംഭിച്ചു.

തിരിഞ്ഞു നോക്കുമ്പോൾ അന്ന് ഉണ്ടായിരുന്നതിൽ വച്ച് ഏറ്റവും മികച്ച ചികിത്സ അമ്മയ്ക്ക് നൽകാൻ കഴിഞ്ഞു എന്നോർത്ത് ദൈവത്തിനു സ്തോത്രം ചെയ്യുന്നു. അമ്മയുടെ ചികിത്സയുടെ ആദ്യ ഭാഗം പൂർത്തിയായ ശേഷം, മാരാമണ്ണിലേക്കു മടങ്ങാനും പ്രിയപ്പെട്ട കുടുംബത്തോടും സുഹൃത്തുക്കളോടും ഒപ്പം കുറച്ചു സമയം ചെലവഴിക്കാനും അമ്മ ആഗ്രഹിച്ചു. 1975 ഫെബ്രുവരിയിൽ ഞങ്ങൾ മാരാമണ്ണിലേക്കു മടങ്ങി, മാരാമൺ കൺവെൻഷനിൽ പങ്കെടുക്കാൻ ഞാൻ തീരുമാനിച്ചു, കാരണം കുട്ടിക്കാലം മുതലേ എന്നെ ഏറ്റവും സ്വാധീനിക്കയും കുറെ വർഷങ്ങളായി ഞാൻ ആഗ്രഹിക്കയും ചെയ്തിരുന്ന ഒരു കാര്യം ആണ്. വിശുദ്ധ ലൂക്കോസ് 5-ാം അധ്യായത്തിൽ നാം വായിക്കുന്നതുപോലെ, യേശു സുഖപ്പെടുത്തുന്നതിനായി ആളുകൾ ഒരു പക്ഷപാതക്കാരനെ (പാരപ്ലെജിക് രോഗിയെ) മേൽക്കൂരയിലൂടെ കൊണ്ടുവരുന്നു. ഈ മനുഷ്യന്റെ സുഹൃത്തുക്കളുടെ വിശ്വാസമാണ് യേശു കണ്ടത്, തളർവാതരോഗിയോട്, മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്ന് പറഞ്ഞു. അവൻ സുഖം പ്രാപിച്ചു. കൺവെൻഷനിൽ, എന്റെ അമ്മയുടെ പേര് അമ്മയുടെ സുഹൃത്തുക്കൾ സംഘാടകർക്കും പ്രാർഥനക്ക് നേതൃത്വം നല്കുന്നവർക്കും കൊടുത്തിരുന്നു. അവരുടെ വിശ്വാസവും ധാരാളം പ്രാർത്ഥനകളുമാണ് അമ്മയുടെ രോഗനിർണയത്തെ സമാധാനത്തോടെ നേരിടാൻ ശക്തിപ്പെടുത്തിയത്. പ്രാർഥനക്കുള്ള മറുപടി ഇങ്ങനെയും ആവാം. രോഗങ്ങളെ, പ്രശ്നങ്ങളെ, അഭിമുഖീകരിക്കാൻ ലഭിക്കുന്ന ദൈവശക്തി തീർച്ചയായും പ്രാർഥനക്കുള്ള മറുപടി തന്നെയാണ്.

ജീവിതത്തെ മാറ്റിമറിക്കുന്ന മറ്റൊരു പ്രധാന സംഭവം, എന്റെ ഹൃ

ദയത്തിന്റെ ആർട്ടറിക്ക് ഒരു വലിയ ബ്ലോക്ക് ഉണ്ടെന്ന് കണ്ടെത്തിയതാണ്. ഒരു മേജർ ശസ്ത്രക്രിയ  വേണ്ടി വന്നു. അതിനു ശേഷമുള്ള എന്റെ ആരോഗ്യം വീണ്ടെടുക്കുന്നതിലും പുനരധിവാസത്തിലും എന്റെ കുടുംബവും സുഹൃത്തുക്കളും ഞങ്ങൾ ഉൾപ്പെട്ടു നിൽക്കുന്ന ട്രിനിറ്റി കുടുംബവും ഒരു പ്രധാന പങ്ക് വഹിച്ചു. എന്റെ ശസ്ത്രക്രിയയ്ക്ക് മുമ്പ്, റെവ. തോമസ്കുട്ടി അച്ചനും ഞങ്ങളുടെ പള്ളിയിൽ നിന്നുള്ള നാല് കുടുംബങ്ങളും ഞങ്ങളുടെ വീട്ടിൽ വന്ന് പ്രാർത്ഥിച്ചു, അവരുടെ പ്രാർത്ഥനയും പിന്തുണയും എനിക്ക് വളരെയധികം ധൈര്യവും ശക്തിയും നൽകി. ഈ സമയത്ത് ഞങ്ങൾ അംഗമായിരുന്ന ട്രിനിറ്റി ഇടവകയിലെ മലയാള ഗായകസംഘം ഞാൻ വേഗം സുഖം പ്രാപിക്കാൻ വളരെ സഹായിച്ചു. പള്ളി കഴിഞ്ഞ് ഒരു ഞായറാഴ്ച, എല്ലാ അംഗങ്ങളും അവരുടെ കുടുംബത്തോടൊപ്പം ഭക്ഷണവുമായി എത്തുകയും അവർ പഠിച്ച ഒരു പുതിയ ഗാനം ആലപിക്കയും ചെയ്തു. ഇത് മാനസികമായും ശാരീരികമായും ഞങ്ങളെ ധൈര്യപ്പെടുത്തി. നിങ്ങൾക്ക് ചുറ്റുമുള്ള ആളുകളിൽ നിന്ന് ഇത്തരം പ്രതികരണങ്ങൾ ലഭിക്കുമ്പോൾ, നിങ്ങൾക്ക് ചെയ്യാൻ കഴിയുന്നത് കർത്താവിന് നന്ദി പറയുക മാത്രമാണ്. വളരെ സന്തോഷത്തോടും കൃതജ്ഞതയോടും ഞങ്ങൾക്ക് പറയാൻ കഴിയും, കുടുംബവും സുഹൃത്തുക്കളും ഞങ്ങളുടെ ജീവിതത്തിൽ അനുഗ്രഹമാണെന്ന്.

മേല്പറഞ്ഞ രണ്ടു കാര്യങ്ങൾ ഞങ്ങളുടെ ജീവിതത്തിലെ രണ്ടു പ്രധാന സംഭവങ്ങളും അവയിലൂടെ ദൈവം പ്രവർത്തിച്ചതിന്റെ രണ്ടു ഉദാഹരണങ്ങൾ മാത്രമാണ്. മറ്റനവധി കാര്യങ്ങൾ ഇനീം പറയുവാനുണ്ട്. എന്നാൽ ഈ ചെറിയ ലേഖനത്തിൽ അവയൊന്നും പ്രദിപാദിക്കാൻ കഴിയില്ല. ഓർക്കുക, നാം എല്ലായ്പ്പോഴും അവിടുത്തെ അദൃശ്യമായ മാർഗനിർദേശത്തിലും പരിചരണത്തിലുമാണ്, അത് ചിലപ്പോൾ നാം മറക്കും. അപകടങ്ങളിൽ നിന്ന് നാം ഒരു തല നാരിഴയ്ക്കു നാം രക്ഷപ്പെട്ടാൽ പലപ്പോഴും നാം അത് വലിയ കാര്യമായി എടുക്കാറില്ല. ഡ്രൈവർ മിടുക്കനാണെന്നോ കാർ പുതിയതായതു കൊണ്ടാണെന്നോ ഒക്കെ ചിന്തിച്ചേക്കാം. മറിച്ചു,  അദ്ഭുതകരമായ വിടുതലിന്  നാം ദൈവത്തിന് നന്ദി പറയണം. നമ്മുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും നാം ദൈവത്തിന് നന്ദി പറയണം. അവന്റെ സ്നേഹം വർഷത്തിലെ 365 ദിവസവും, ഓരോ നിമിഷവും നമ്മിലുണ്ട്; നാം ജനിച്ച ദിവസം മുതൽ മരിക്കുന്ന ദിവസം വരെ. അതിനാൽ, മറ്റുള്ളവരിലേക്ക് ദൈവസ്നേഹം പ്രസരിപ്പിക്കുവാൻ നമുക്ക് കഴിയുമോ? ഒരു പുഞ്ചിരി, ഒരു ഫോൺ കോൾ അല്ലെങ്കിൽ ഒരു സന്ദർശനം മനസ്സ് വിഷമിച്ചിരിക്കുന്നവരിൽ വലിയ മാറ്റമുണ്ടാക്കുന്നു. സന്ദർശിക്കുന്നവരിലും സന്ദർശിക്കപ്പെടുന്നവരിലും ഒരു വലിയ സ്നേഹത്തിന്റെ പ്രഭാപൂരം ചൊരിയും. നിങ്ങളുടെ അനുഗ്രഹങ്ങളെ എന്നണുക, ഓരോന്നായി എണ്ണുക , സ്വസ്ഥമായി, എണ്ണുക. കാരണം ധൃതിയിൽ എണ്ണിയാൽ പല അനുഗ്രഹങ്ങളും നാം ഓർകുകയില്ല. അങ്ങനെ എണ്ണുമ്പോൾ നമുക്ക് മനസ്സിലാകും ദൈവം എത്ര നല്ലവൻ എത്ര വിശ്വസ്തൻ എന്ന്.







**John Abraham** Article

# ആരാധനയിലൂടെ സൗഖ്യം

ദൈവത്തിന്റെ അതി പരിശുദ്ധ നാമത്തിനു നന്ദിയോടെ സ്തോത്രം. തിരിഞ്ഞു നോക്കുമ്പോൾ കർത്താവ് എത്ര നല്ലവനെന്നു പറയുവാൻ മാത്രമാണ് ഞാൻ ഇതെഴുതുന്നത്. നമ്മുടെ പ്രാർത്ഥനകൾ ഉന്നതമായ തന്റെ സിംഹാസനത്തിൽ എത്തുമ്പോൾ അതിനു മറുപടി തരുന്ന ഒരു ദൈവമാണ് നമുക്കുള്ളത്. ആകയാൽ വിശ്വാസത്തോടെ നാം കൃപാസനത്തിന്റെ അടുത്തേക്ക് പോകണം.

2021 ഒമ്യ 8  വൈകിട്ട് എനിക്ക് ഒരു നെഞ്ചു വേദന അനുഭവപ്പെട്ടു. അത് ഗ്യാസിന്റെ പ്രശ്നം മാത്രമാണ് സാരമില്ല എന്ന് ഭാര്യയോട് പറഞ്ഞു, ഞാൻ കിടന്നുറങ്ങി. പിറ്റേന്ന് രാവിലെ വീണ്ടും അതുപോലെ വേദന ഉണ്ടായി. ഭാര്യ ഉടനെ ആശുപത്രിയിൽ പോകാം എന്ന് പറഞ്ഞു . ഞങ്ങൾ അങ്ങനെ ടെക്സസിലെ ക്ലിയർ ലെെക്ക് ഹോസ്പിറ്റലിൽ പോയി. അവിടെ ഉടനെ തന്നെ ഇ.കെ. ജി. തുടങ്ങിയ എല്ലാ ടെസ്റ്റുകളും നടത്തി. എന്നിട്ടു അവിടെ തന്നെ അഡ്മിറ്റ് ചെയ്തു. പിന്നീട് നടത്തിയ പല ടെസ്റ്റുകളിൽ നിന്ന് എനിക്ക് ഹൃദയത്തിന്റെ പ്രധാന artery- ൽ ബ്ലോക്ക് ഉണ്ടെന്നു കണ്ടുപിടിച്ചു. മെയ് പതിനൊന്നിന് ശസ്ത്രക്രിയ ചെയ്യുവാൻ ഡോക്ടേഴ്സ് എല്ലാവരും കൂടെ തീരുമാനിച്ചു. അന്ന് എന്റെ ജന്മദിനം കൂടി ആയിരുന്നു. ഏകദേശം രണ്ടു മണിയോടെ സ്റ്റെന്റ് ഇടുകയും നാല് മണിയോയുടെ റിക്കവറി റൂമിൽ എത്തുകയും ചെയ്തു. പിന്നീടുള്ള വേദനയാണ് സഹിക്കാൻ കഴിയാതിരുന്നത്. അനസ്തേഷ്യ തന്ന മരുന്ന് റിയാക്ഷന് ഉണ്ടാക്കി എന്നാണ് അറിയാൻ കഴിഞ്ഞത്. അസഹനീയമായ തലവേദനയും അതോടൊപ്പം ദേഹം മുഴുവനായും വേദന! എന്നെ പരിചരിച്ച ഡോക്ടർസ്, നേഴ്സസ്, എല്ലാരും അവരെക്കൊണ്ട് കഴിയുന്നപോലെ ശുശ്രൂഷിച്ചു. രാത്രി പന്ത്രണ്ടായിട്ടും വേദന വിട്ടു മാറിയില്ല.

അവസാനം ഉറങ്ങുവാൻ ഒരു ഗുളിക തന്നു, അതിനുശേഷമാണ് ഒന്നുറങ്ങിയത്. അമ്മുക്കുട്ടിയും ഷൈനിയും രാത്രി മുഴുവൻ എന്റെ കൂടെ കഴിഞ്ഞു. അവർ രണ്ടു പേരും പ്രാർത്ഥിക്കയും ആശ്വസിപ്പിക്കയും ചെയ്തുകൊണ്ടിരുന്നു. എന്റെ അസുഖവും വേദനയും അറിഞ്ഞു അനേകർ പ്രാർഥിച്ചു എന്നെനിക്കറിയാം. എന്നെ വിടുവിച്ച ദൈവത്തിനു ആയിരം സ്തോത്രങ്ങൾ അർപ്പിക്കുന്നു.

ഇതിനു മുമ്പ് പല ശാരീരിക പ്രശ്നങ്ങൾ ഞാൻ അനുഭവിച്ചപ്പോഴെല്ലാം നമ്മുടെ പള്ളിയിലെ വിശുദ്ധ കുർബാന മദ്ധ്യേ പ്രാർത്ഥിക്കയും സൗഖ്യം പ്രാപിക്കയും ചെയ്തിട്ടുള്ള കാര്യം ഞാൻ നന്ദിയോടെ ഓർക്കുന്നു. വിശുദ്ധ കുർബാനയിൽ വ്യാപരിക്കുന്ന ദൈവ ശക്തി നാം പലപ്പോഴും മറന്നു പോകാറുണ്ട്. പലപ്പോഴും പാപമോചനം മാത്രമായി നാം അതിനെ ചുരുക്കാറുണ്ട്.

ചെറുപ്പകാലം മുതൽ ദൈവ കൃപയിൽ ആശ്രയിച്ചു ജീവിക്കാൻ ദൈവം ഇടവരുത്തി. സ്കൂളിൽ വലിയ മിടുക്കനൊന്നും അല്ലെങ്കിലും എല്ലാ ക്ലാസും ജയിക്കയും നസ്സ് ഡിഗ്രി മൂന്ന് വർഷം സന്തോഷത്തോടെ പൂർത്തിയാക്കി ജയിക്കയും ചെയ്തു. അവസാന വർഷത്തെ സ്റ്റഡി ലീവിന് സംഭവിച്ച ഒരു കാര്യം പറയാം. ഞങ്ങൾ കൂട്ടുകാർടൊപ്പം ചങ്ങനാശ്ശേരിയിൽ താമസിക്കുന്ന കാലം. ഒരു അധ്യാപകനൊപ്പം പ്രഭാത ഭക്ഷണത്തിനായി പോയപ്പോൾ റോഡരികിൽ ഒരു മനുഷ്യൻ പാതി ബോധത്തിൽ കിടക്കുന്നതു കണ്ടു. കുപ്പി ചില്ലുകൾ പെറുക്കി ഉപജീവനം നടത്തുന്ന ഒരു സാധു മനുഷ്യൻ, മൂന്നു ദിവസത്തിലേറെ ആയി ഭക്ഷണം കഴിച്ചിട്ടെന്ന് അറിയാൻ കഴിഞ്ഞു. ഞാനും, സാറും മറ്റുള്ളവരും കൂടെ അദ്ദേഹത്തെ എഴുന്നേൽപ്പിച്ചു വെള്ളം കൊടുത്തു, അടുത്ത ഹോട്ടലിൽ നിന്ന് അല്പം ഭക്ഷണവും മേടിച്ചു കൊടുത്തു. എന്റെ കയ്യിലുണ്ടായിരുന്ന അമ്പതു പൈസ, സാറിന്റെ ഒരു രൂപയും കൂട്ടി ബസിൽ കയറ്റി വിട്ടു. ഞങ്ങൾക്ക് വലിയ ചാരിതാർഥ്യം തോന്നി. ഞാൻ ഈ കാര്യം പറഞ്ഞത് ദൈവം ആർക്കും കടക്കാരനല്ല എന്ന് സൂചിപ്പിക്കാൻ മാത്രമാണ്. അതിനു ശേഷം ഓരോ വഴികളിൽ കൂടെ എന്നെ ദൈവം നടത്തുമ്പോഴൊക്കെ ഇതോർക്കും. അതുകൊണ്ട് നമുക്ക് മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കാനും പ്രവർത്തിക്കാനും കഴിയുന്ന സമയം തക്കത്തിൽ ഉപയോഗിക്കണം എന്നും മാത്രം സൂചിപ്പിക്കുന്നു.

# യേശുവോടൊപ്പമുള്ള വിശ്വാസ യാത്ര



Joseph Chemmarapally Article

ഞങ്ങൾ 1975- ൽ അമേരിക്കയിലേക്ക് കുടിയേറിപാർത്തു. കേരളത്തിൽ കോട്ടയത്തിനടുത്തു മാങ്ങാനത്തെ ചെമ്മരപ്പള്ളി ബഥേൽ മാർത്തോമ പള്ളിയാണ് ഞങ്ങളുടെ മാതൃ ഇടവക. എന്റെ വിദ്യാഭ്യാസ പരിശീലനത്തിന് ശേഷം, ഞാൻ കുവൈറ്റിലേക്കും പിന്നീട് സാംബിയയിലേക്കും പോയി. ഞങ്ങളുടെ ജീവിതത്തിലുടനീളം, നിരവധി സന്ദർഭങ്ങളിൽ ദൈവകൃപ അനുഭവിച്ചിട്ടുണ്ട്. ഞാൻ ഈ കുറിപ്പ് എഴുതുന്നതിന്റെ ഏക ഉദ്ദേശം ജീവിതത്തിലെ സമാനമായ പോരാട്ടങ്ങളിലൂടെ കടന്നുപോകുന്നവരെ സഹായിക്കാനും കഴിഞ്ഞ കാലങ്ങളെ ഓർത്തു ദൈവത്തിന്ന് സ്തോത്രം ചെയ്യാനും മാത്രമാണ്.

1974- ൽ സാംബിയയിൽ ആയിരുന്നപ്പോൾ, ഒരു കാർ അപകടത്തിൽ ഞാൻ അകപ്പെട്ടു, എന്റെ കാർ ഒരു ട്രക്കുമായി കൂട്ടിയിടിച്ചു. ഗുരുതരമായ പരിക്കിൽ നിന്ന് ദൈവം എന്നെ രക്ഷിച്ചു. അപകടം നടന്ന സ്ഥലത്ത് നിന്ന് 15 മൈൽ അകലെയുള്ള ഒരു ആശുപത്രിയിലെ ഡോക്ടർമാരായ സുഹൃത്തുക്കളെ തക്ക സമയത്തു ദൈവം എത്തിച്ചതാണ് ഏറ്റവും വലിയ അത്ഭുതം. ഡോക്ടർ സുഹൃത്തുക്കൾക്ക് ഉടൻ തന്നെ അപകട സ്ഥലത്തു എത്താനും വൈദ്യ സഹായം ലഭ്യമാക്കാനും സാധിച്ചു. ഞാൻ ഒരാഴ്ച ആശുപത്രിയിൽ കിടന്നു, ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്ത ശേഷം താമസിയാതെ ജോലി പുനരാരംഭിക്കാൻ കഴിഞ്ഞു. ഗുരുതരമായ പരിക്കിൽ നിന്നുള്ള സംരക്ഷണം, സുഹൃത്തുക്കൾ വഴി ഉടനടി വൈദ്യസഹായം നൽകൽ, പെട്ടെന്നുള്ള രോഗശാന്തി എന്നിവ എന്നോടുള്ള ദൈവത്തിന്റെ സ്നേഹപൂർവകമായ കരുതലും ദയയും മാത്രമാണ്.

ദൈവത്തിന്റെ അളവില്ലാത്ത കരുണയുടെ മറ്റൊരു ഉദാഹരണം, ഞാൻ എന്റെ ഹൃദ്രോഗ വിദഗ്ദ്ധനെ പതിവായി സന്ദർശിച്ചപ്പോൾ സംഭവിച്ചതാണ്. എന്റെ ഋഗഏ എടുക്കുകയും അതിൽ ചില വ്യതിയാനങ്ങൾ കാണുകയും ചെയ്തു. എന്നാൽ എന്റെ കാർഡിയോളജിസ്റ്റ് ഇത് ഒരു വലിയ പ്രശ്നമായി അപ്പോൾ പരിഗണിച്ചില്ല. എന്റെ ഭാര്യയുടെ (ഗ്രേസി) നഴ്സിംഗ് പരിചയം വച്ച് എന്തോ പന്തികേടുണ്ടെന്ന് ഗ്രേസിക്ക് വീണ്ടും വീണ്ടും തോന്നുകയും കാർഡിയാക് കത്തീറ്ററൈസേഷൻ ശക്തമായി ശുപാർശ ചെയ്കയും ചെയ്തു. ഈ പരിശോധനയിൽ, അവർ എന്റെ നാല് രക്ത ധമനികളിലെ ബ്ലോക്കുകൾ കണ്ടെത്തി. ഇത് ഉടനടി പരിഹരിച്ചില്ലെങ്കിൽ, ഫലം പ്രതീക്ഷിക്കാത്ത സമയത്തു ഉണ്ടായേക്കാവുന്ന മാരകമായ ഹൃദയാഘാതം. പിന്നീടുള്ള കാര്യങ്ങൾ വളരെ വേഗത്തിലായിരുന്നു അതേ ദിവസം തന്നെ എന്നെ ശസ്ത്രക്രിയയ്ക് വിധേയനാക്കി. ഒരു മേജർ ബൈപാസ് ശസ്ത്രക്രിയയിൽ നിന്ന് ഞാൻ ക്രമേണ സുഖം പ്രാപിച്ചു, 2004 ഡിസംബർ 17 മുതൽ ഹൃദയസംബന്ധമായ പ്രശ്നങ്ങളൊന്നുമില്ല. ദൈവത്തിനു സ്തോത്രം.

ശസ്ത്രക്രിയയ്ക്കുശേഷം പൂർണമായും സുഖം പ്രാപിക്കാനും പിന്നീട് ഹൃദയാഘാതം ഉണ്ടാകാതിരിക്കാനും ദൈവത്തിന്റെ അളവറ്റതായ കാരുണ്യം, കൃപ, ഞങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഞങ്ങളുടെ കൊച്ചുമകൻ നിഖിലിന് ഒരു വയസ്സുള്ളപ്പോൾ നടത്തിയ ഒരു വലിയ ശസ്ത്രക്രിയയാണ് ഞങ്ങളുടെ ജീവിതത്തിലെ ദൈവകൃപയുടെ മറ്റൊരു പ്രധാന ഉദാഹരണം. നിഖിലിനെ നിരവധി തവണ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും, ഒരു വർഷത്തിനിടെ ഇടയ്ക്കിടെ ആശുപത്രിയിൽ പോകേണ്ടതായും വന്നിട്ടുണ്ട്. ഈ സമയത്ത് കുഞ്ഞു വളരെയധികം പ്രയാസപ്പെട്ടു. ദൈവജനത്തിന്റെ ആത്മാർത്ഥവും തീക്ഷ്ണവുമായ പ്രാർത്ഥനകൾ ഈ സമയങ്ങളിൽ ഞങ്ങൾക്ക് കോട്ടയായിരുന്നു, വലിയ അനുഗ്രഹമായിരുന്നു. ആ പ്രാർഥനകൾക്ക് കർത്താവ് മറുപടി തരികയും നിഖിലിനെ സൗഖ്യപ്പെടുത്തുകയും ചെയ്തത് നന്ദിയോടെ ഇപ്പോൾ ഓർക്കുന്നു.

ഞങ്ങൾക്ക് രണ്ടു പേർക്കും മറ്റ് ആരോഗ്യ പ്രശ്നങ്ങളും ഉണ്ടായിരുന്നു, എന്നാൽ അതിൽ നിന്നെല്ലാം വിടുവിക്കയും, ദൈവം ഞങ്ങളെ 47 വർഷത്തെ ദാമ്പത്യ ജീവിതത്തിലൂടെ ഇത്രത്തോളം എത്തിക്കുകയും ചെയ്തു. ഞങ്ങളെല്ലാവരും (Gracey, Juby, Anju, Nickhil, Belay, Julie) ദൈവത്തിന്റെ കരുണയുടെ ജീവിക്കുന്ന സാക്ഷ്യങ്ങളാണ്. ഞങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ കരുതലും സ്നേഹവും രുചിച്ചറിഞ്ഞു. മാതാപിതാക്കളുടെ പ്രാർത്ഥനകളും അവരുടെ മാതൃകാ ക്രിസ്തീയ ജീവിതവും, അവർ സഞ്ചരിച്ച വിശ്വാസ യാത്രയും ഞങ്ങളുടെ ജീവിതത്തെ ആഴത്തിൽ രൂപപ്പെടുത്തിയതായി ഞങ്ങൾ തിരിച്ചറിയുന്നു.

വലിയ വെല്ലുവിളികൾ നേരിടുന്ന സമയങ്ങളിൽ ഞങ്ങൾ ദൈവത്തെ ആശ്രയിക്കാനും അവനെ വിശ്വസിക്കാനും ശ്രമിക്കുന്നു; പ്രത്യേകിച്ച് ആരോഗ്യ വെല്ലുവിളികൾ നമ്മെ എല്ലാവരെയും തളർത്തും. ഞങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ അതിമഹത്തായ കൃപ ഞങ്ങൾ അനുഭവിച്ചിട്ടുണ്ട്. ജീവിതത്തിൽ ദൈവത്തിന്റെ അനുഗ്രഹങ്ങൾ അനുഭവിക്കുമ്പോൾ മറ്റുള്ളവർക്ക് ഒരു അനുഗ്രഹമാകുന്ന വിധത്തിൽ ജീവിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സങ്കീർത്തനക്കാരൻ നമ്മെ ഓർമ്മപ്പെടുത്തുന്നു: സങ്കീർത്തനം 100: 5, "യഹോവ നല്ലവനല്ലോ അവന്റെ ദയ എന്നേക്കുമുള്ളതു; അവന്റെ വിശ്വസ്തത തലമുറ തലമുറയായും ഇരിക്കുന്നു." ഈ മഹത്തായ സത്യം ഞങ്ങൾ ജീവിതത്തിലൂടെ അനുഭവിച്ചിട്ടുണ്ട്. വരും തലമുറകളിലൂടെ ദൈവത്തിന്റെ വിശ്വസ്തത തുടരണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ജീവിതത്തിൽ ഇത്തരം പ്രശ്നങ്ങളിൽ കൂടെ കടന്നു പോകുന്നവർ നിരാശപ്പെടേണ്ട. ദൈവത്തിൽ പൂർണമായി ആശ്രയിക്കുക, കർത്താവു വിടുതൽ തരും.

# ആകസ്മികതയിലെ
# ദൈവ പദ്ധതി



Savannah George

Article

എനിക്ക് ഇപ്പോൾ പതിനേഴ് വയസ്സായി. പക്ഷേ പത്ത് വർഷം മുമ്പ്, ഞാൻ ശരിക്കും അംഗഹീന ആയേക്കാമായിരുന്ന അവസ്ഥയിലൂടെ കടന്നു പോയി.. എന്റെ വല്യമ്മച്ചി, ഡാഡി, സഹോദരി, തുടങ്ങിയവരുടെ കൂടെ  ഞാൻ എന്റെ സ്കൂളിലെ റോഡിയോ ആർട്ട് എക്സിബിഷനിൽ നിന്ന് കാറിൽ തിരികെ വന്നപ്പോൾ ഒരു രാത്രിയിലാണ് അത് സംഭവിച്ചത്. വീട്ടിലേക്ക് പോകാനും ഉടൻ ഉറങ്ങാനും തയ്യാറായി; ഞങ്ങൾ ഒരു സ്റ്റോപ്പ് ലൈറ്റിൽ കാർ നിർത്തിയിരുന്നു.  പെട്ടെന്ന് ഒരു വലിയ ശബ്ദത്തോടെ  ഒരു വലിയ അഘാദം പുറകിൽ നിന്ന് ഞങ്ങളിലേക്ക് ഇരച്ചു കയറി. എന്റെ അടുത്തായി, എന്റെ സഹോദരി, ഡ്രൈവർ സീറ്റിലേക്ക് ഇടിച്ചുകയറുകയും അബോധാവസ്ഥയിൽ വീഴുകയും ചെയ്യുന്നത് ഞാൻ ഓർക്കുന്നു. ഇത് വളരെ വേഗത്തിൽ സംഭവിച്ചു, പക്ഷേ ആദ്യ മിനിറ്റിനുള്ളിൽ എന്റെ കാലിലൂടെ പടർന്ന മൂർച്ചയുള്ള വേദന ഞാൻ ഓർക്കുന്നു. മുന്നിലുള്ള എന്റെ ഡാഡിയും വല്യമ്മച്ചിയും ഒരു വിധത്തിൽ പുറത്തിറങ്ങി. പക്ഷേ അനിയത്തിയേ കാറിൽനിന്ന് വളരെ ബദ്ധപ്പെട്ടു വലിച്ചിറക്കുകയായിരുന്നു.

ആ വണ്ടിയിൽ നിന്ന് എന്നെ കൊണ്ടുവന്നത് ഒരു മാലാഖയാണെന്ന് എന്റെ വല്യമ്മച്ചി ഇന്നും പറയുന്നു. അവന്റെ മുഖമോ പേരോ നിറമോ ജാതിയോ എനിക്കറിയില്ല, പക്ഷേ അവൻ കണ്ണഞ്ചിക്കുന്ന പ്രകാശ പൂരിതമായ ജാക്കറ്റ് ധരിച്ച് എന്നെ കൈകളിൽ കൊണ്ടുപോയി. 'കർത്താവേ, ഈ പെൺകുട്ടിയെ രക്ഷിക്കൂ, ഈ പെൺകുട്ടിയെ രക്ഷിക്കൂ' എന്ന് ആംബുലൻസ് വരുന്നതുവരെ ആവർത്തിച്ച് കരഞ്ഞു. അതിനുശേഷം, ഞാൻ ഒരിക്കലും അദ്ദേഹത്തിന്റെ മുഖം ഓർത്തെടുക്കാൻ കഴിഞ്ഞിട്ടില്ല, എന്നെ രക്ഷിച്ചതിന് ഒരിക്കലും നന്ദി പറയേണ്ടി വന്നില്ല. ഞാൻ കരയുകയായിരുന്നില്ല, പക്ഷേ വേദന എന്റെ കണ്ണുകളിൽ പ്രകടമായിരുന്നു, എനിക്ക് എഴുന്നേറ്റു നിൽക്കാൻ കഴിയാഞ്ഞതിൽ നിന്ന്  എന്റെ കാൽ ഒടിഞ്ഞതായി വ്യക്തമായിരുന്നു. എന്നെ നിലത്ത് കിടത്തി, ഒരു പാരാമെഡിക്ക് എന്റെ മുറിവ് കെട്ടുന്നതിനായി എന്റെ യൂണിഫോം പാന്റുകൾ മുറിച്ചു, എന്റെ കാൽ ഒടിഞ്ഞുവെന്ന് വ്യക്തമാക്കിയ ശേഷം ആംബുലൻസിൽ കയറ്റി. തീർത്തും അനിശ്ചയത്വവും അതോടൊപ്പം വേദനയും കലർന്ന ആംബുലൻസ് യാത്ര!

ആസ്പത്രയിൽ എത്തി കുറെ കഴിഞ്ഞ്, എന്റെ ഇടത് ഇടുപ്പിലെ എല്ലിൽ ശസ്ത്രക്രിയ ചെയ്ത ശേഷം മുറിയിലേക്ക് മാറ്റി. തകർന്ന അസ്ഥി സുഖപ്പെടുത്താനും നേരെയാക്കാനും സഹായിക്കുന്നതിന് രണ്ട് കമ്പികൾ ഇട്ടു. ശസ്ത്രക്രിയ കഴിയുന്നതുവരെ, എന്താണ് സംഭവിക്കുന്നതെന്ന് ഞാൻ പ്രോസസ്സ് ചെയ്തിരുന്നില്ല. എന്റെ കാൽ ഒടിഞ്ഞുവെന്ന് എനിക്കറിയാമായിരുന്നു, പക്ഷേ സ്ഥിതിഗതികളുടെ ഗൗരവം എനിക്ക് മനസ്സിലായില്ല. ഞാൻ വെറും ആറ് വയസ്സുള്ള ഒരാളായിരുന്നു എങ്കിലും എല്ലാ സുഹൃത്തുക്കളും സന്ദർശിക്കയും എത്രയും ഭേദമാവട്ടെ എന്ന് ആശംസിക്കയും ചെയ്തുകൊണ്ടിരുന്നു. ഈ അത്യാഹിതത്തിൽ എന്റെ കാൽ പൂർണമായും തകരേണ്ടതായിരുന്നു. ഏതാനും ആഴ്ചകൾക്ക് ശേഷം ഞാൻ ക്ലാസുകളിൽ തിരിച്ചെത്തിയപ്പോൾ എന്റെ സ്കൂൾ ടീച്ചർ എനിക്കായി ഒരു പാർട്ടി സംഘടിപ്പിച്ചിരുന്നു. ആ ആദ്യ ദിവസങ്ങളിൽ വീൽചെയർ ഉപയോഗിച്ചിരുന്നു. എന്നെ സഹായിക്കാനും ഒപ്പം കൂടാനും സഹപാഠികൾ എല്ലാരും ഒരു മടിയും കാണിച്ചില്ല. സ്കൂളിൽ എല്ലാവരും വളരെ കരുതലോടെ ശ്രദ്ധിക്കുന്ന ഒരു നക്ഷത്രമായി ഞാൻ മാറി.

ഞാൻ എത്ര ഭാഗ്യവതിയാണെനന്നും എത്ര അനുഗ്രഹീതനാണെന്നും ദൈവത്തിന്റെ കരങ്ങളാൽ മാത്രമാണ് ആ തകർച്ചയ്ക്ക് ശേഷം ജീവിച്ചിരിക്കുന്നെന്നും  ഞാൻ മനസ്സിലാക്കി. അംഗഹീനയാവാതെ, അത്ഭുതകരമായി ആ വലിയ അപകടത്തെ കർത്താവിന്റെ കരുണയാൽ അതിജീവിച്ചു എന്ന് ഞാനിപ്പോൾ വ്യക്തമായും മനസ്സിലാക്കുന്നു. ഏകദേശം 2 മാസത്തിനുള്ളിൽ മുമ്പത്തെപ്പോലെ ഞാൻ എന്റെ കാലുകൾ നിലത്തു കുത്താൻ സാധിച്ചു. ഫിസിക്കൽ തെറാപ്പിയിലൂടെ പടിപടിയായി നടക്കുക, സാവധാനം പടികൾ കയറുക, ക്രമേണ പതുക്കെ ഓടുക ഇങ്ങനെ ഒരു അളന്നു തൂക്കിയ ഒരു പുരോഗതിയുടെ പാതയിലൂടെ ദൈവം എന്നെ കടത്തി വിട്ടു.

അക്കാലത്ത്, പള്ളിയിലും കുടുംബ പ്രാർത്ഥനയിലും വിശുദ്ധ കുർബാനയുടെ മദ്ധ്യസ്ഥ പ്രാർത്ഥനയിലും ആളുകൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടെന്ന് എനിക്കറിയാമായിരുന്നു. പോരാട്ടങ്ങളിലൂടെ എന്റെ വിഷമം കൂടാതെ നിലനിർത്താൻ ആവശ്യമായ പിന്തുണ എനിക്ക് ഉണ്ടായിരുന്നു. എന്റെ സഹപാഠികൾ മങ്കി ബാറുകളിൽ തൂങ്ങി അഭ്യാസങ്ങൾ കാണിക്കുമ്പോൾ  ആശുപത്രി കിടക്കയിൽ ഇരിക്കുകയോ ടീച്ചറുടെ അരികിൽ വിശ്രമിക്കുകയോ ചെയ്യുന്നത് എന്നിൽ പലപ്പോഴും ഒറ്റപ്പെടൽ ഉളവാക്കി. ഞാൻ ഇനി ഒരിക്കലും നടക്കില്ലെന്ന് ഞാൻ ഭയപ്പെട്ടില്ല, പക്ഷേ ഞാൻ മറ്റുള്ളവരിൽനിന്ന് വ്യത്യസ്ത ആയിപ്പോകുമോ എന്ന് ചിന്തിച്ചു.

ഞാൻ ചിന്തിച്ചത് ശരിയായിരുന്നു. ഇവിടെയാണ് ദൈവത്തിന്റെ ഇടപെടൽ ഞാൻ വീണ്ടും കണ്ടത്. യഥാർത്ഥത്തിൽ ആ അപകടത്തിന് ശേഷം ഞാൻ വ്യത്യസ്തനായി: ഞാൻ ശക്തയും മാനസീകമായി കൂടുതൽ കരുത്തുറ്റവളുമായി. എന്റെ കാലുകൾ എന്നെ ഒരു യൂണിവേഴ്സിറ്റി ഗോൾഫ് കളിക്കാരിയും നീന്തൽക്കാരിയുമാക്കി. അതുപോലെ ഫുട്ബോൾ മൈതാനങ്ങളിലൂടെ മാർച്ച് ചെയ്യാൻ കഴിയുന്ന ഒരു ബാൻഡ് അംഗവുമായി ഞാൻ. തീർച്ചയായും,

അതിനുമുമ്പ് ഞാൻ എന്റെ വിശ്വാസത്തെ പലതവണ ചോദ്യം ചെയ്തു. ഏറ്റവും വലിയ ചോദ്യം എപ്പോഴും 'എന്തുകൊണ്ട്?' എന്നതിന് ഒരു കാരണം ഉണ്ടായിരിക്കണം, എന്തുകൊണ്ടോ എനിക്ക് ഗ്രഹിക്കാൻ കഴിയുന്ന എന്തോ ഒന്നുണ്ടായിരുന്നു, കാരണം അതുവരെ തീവ്രവും ജീവിതത്തെ മാറ്റിമറിക്കുന്നതുമായ ഒന്നും എനിക്ക് സംഭവിച്ചിട്ടില്ല. ദൈവത്തെ അപ്രീതിപ്പെടുത്താൻ ഞാൻ ചെയ്തതോ ചെയ്യാത്തതോ ആയ എന്തെങ്കിലും ഉണ്ടായിരിക്കണം, അല്ലാത്തപക്ഷം അവൻ എന്നെ അത്തരത്തിലൊന്നിൽ എത്തിക്കുകയില്ല.

വർഷങ്ങൾക്കുശേഷം ഞാൻ തിരിച്ചറിഞ്ഞ ഒരു യാഥാർഥ്യം ദൈവത്തിന്റെ വഴികളെപ്പറ്റി നമുക്ക് വലിയ ധാരണ ഇല്ല എന്ന്നുള്ളതാണ്. കർത്താവ് എല്ലാം അറിയുന്നു, നമ്മുടെ ജീവിതത്തിൽ യാദൃച്ഛികമായി ഒന്നും സംഭവിക്കുന്നില്ല. ആ വസ്തുത പിന്നീടുള്ള വർഷങ്ങളിൽ എനിക്ക് വളരെയധികം ആശ്വാസം നൽകുകയും എന്റെ വിശ്വാസം വളരാൻ പ്രാപ്തമാക്കുകയും ചെയ്തു. തിരിഞ്ഞു നോക്കുമ്പോൾ ഞാൻ ഇന്ന് സന്തോഷത്തോടെ തിരിച്ചറിയുന്നു, ദൈവത്തിന്റെ മഹത്തായ പദ്ധതികളുടെ മുന്നിൽ എന്റെ കാൽ ഒടിഞ്ഞത് എത്ര നിസ്സാരമായിരുന്നു എന്ന്. അതോടൊപ്പം ഞാൻ എത്ര വേഗം സുഖം പ്രാപിച്ചു എന്നും. കർത്താവ് എന്നെ സംരക്ഷിക്കും എന്നുള്ള വാഗ്ദത്തം ഒരിക്കലും ലംഘിച്ചിട്ടില്ല, എന്നെ ഉപേക്ഷിച്ചിട്ടുമില്ല. അപകടം സംഭവിക്കുകയും എനിക്ക് നിൽക്കാൻ കഴിയാതിരിക്കുകയും ചെയ്തപ്പോഴും അവൻ എന്നെ വിട്ടുപോയില്ല. എന്റെ കാൽ ഒടിഞ്ഞ് ഞാൻ ആശുപത്രിയിൽ ആയിരുന്നപ്പോഴും അവൻ ഉപേക്ഷിച്ചില്ല. ശസ്ത്രക്രിയ കഴിഞ്ഞ് ഞാൻ സ്കൂളിൽ തിരിച്ചെത്തിയപ്പോഴും, അവൻ എന്നെ കൈവിട്ടില്ല. ഞാൻ എന്റെ യഥാർത്ഥ അവസ്ഥയിലേക്ക് തിരിച്ചെത്തിയെങ്കിലും ആശയക്കുഴപ്പത്തിലായപ്പോൾ പോലും, അവൻ എന്നെ ഉപേക്ഷിച്ചില്ല. അവൻ ഒരിക്കലും ഉപേക്ഷിച്ചു പോകില്ല, കാരണം നമ്മളോടുള്ള അവന്റെ സ്നേഹം നമ്മൾ സഹിക്കുന്ന കഷ്ടതകളേക്കാൾ വളരെ വലുതാണ്. എന്റെ സമൂഹത്തിലും പള്ളിയിലും ഉള്ളവരുടെ പ്രാർത്ഥനകൾ എന്നെ യേശുവുമായി അടുപ്പത്തിലാക്കി. ഒപ്പം ദൈവവും ഞാനും തമ്മിലുള്ള വ്യക്തിപരമായ ബന്ധം സ്ഥാപിക്കയും ചെയ്തു. ആ സംഭവത്തിന് ശേഷം എന്റെ ആത്മീയ ജീവിതവും ദൈവത്തോട് അടുക്കുന്നതിനുള്ള വഴിയും കൂടുതൽ വ്യക്തമായി.

ദൈവത്തിന്റെ സ്നേഹത്തിന്റെയും കൃപയുടെയും കരുണയുടെയും ശക്തിയും അനുഭവിക്കാൻ എനിക്കിപ്പോൾ സാധിക്കുന്നു. ആ പരിപാലനം എല്ലാവർക്കും ഉണ്ടാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അവന്റെ സാന്നിദ്ധ്യം നിങ്ങളെ എക്കാലവും സംരക്ഷിക്കും എന്നതിന്റെ ഒരു ജീവിക്കുന്ന സാക്ഷ്യമാണ് ഞാൻ.



എൻ മനമേ,
യഹോവയെ വാഴ്ത്തുക;
അവന്റെ ഉപകാരങ്ങൾ
ഒന്നും മറക്കരുതു.
അവൻ നിന്റെ അകൃത്യം
ഒക്കെയും മോചിക്കുന്നു;
നിന്റെ സകലരോഗങ്ങളെയും
സൗഖ്യമാക്കുന്നു;
അവൻ നിന്റെ ജീവനെ നാശത്തിൽനിന്നു വീണ്ടെടുക്കുന്നു; അവൻ ദയയും
കരുണയും നിന്നെ
അണിയിക്കുന്നു.

സങ്കീർത്തനങ്ങൾ 13: 2 4



# ഒരുപാട് അനുഭവിച്ച ദൈവ കൃപ

**Jaison V. Cherian**

Article

*ജീവിതത്തിലെ അനുഭവങ്ങളിൽ ദൈവിക കരം നാം ദർശിക്കുമ്പോൾ നമ്മെ ക്രിസ്തുവിലേക്കടുപ്പിച്ചവരെ നാം ഓർക്കാം. അവർ നമ്മുടെ മാതാപിതാക്കളോ, സഭയിലെ അച്ചന്മാരോ, നല്ല കൂട്ടുകാരോ അല്ലെങ്കിൽ ബന്ധുക്കളോ ആവാം. ദൈവത്തിന്റെ കൈ പ്രവർത്തിച്ച, അത്തരം ഒരു അനുഭവം ഇവിടെ പങ്കിടുന്നു.*

ഒരു ദിവസം രാവിലെ ഞാൻ ജോലിക്ക് പോകുമ്പോൾ, എന്റെ ജീവിതത്തിൽ ദൈവത്തിന്റെ കരുണയും കൃപയും ഞാൻ അനുഭവിച്ചു. എന്റെ ജീവിതത്തിന്മേൽ ദൈവത്തിന്റെ കൈ കണ്ടത് മനോഹരവും അത്ഭുതകരവുമായ ഒരു അനുഭവമായിരുന്നു. തലേദിവസം രാത്രി ഞാൻ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ (എന്റെ അമ്മാച്ചൻ) ഒന്നാം വർഷത്തെ അനുസ്മരണ യോഗം കാണുകയായിരുന്നു. ബസേലിയോസ് മാർത്തോമ പൗലോസ്, ബാവ തിരുമേനി, അനുസ്മരണ സന്ദേശം പങ്കിടുകയായിരുന്നു. അദ്ദേഹം 94 വർഷം ഈ ലോകത്ത് ജീവിച്ചു, തന്റെ ജീവിതത്തിലെ എല്ലാ ദിവസവും ദൈവത്തെ അനുഗമിച്ചു. ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശം പിന്തുടരുന്നതിന് അദ്ദേഹത്തിന്റെ ജീവിതം എനിക്ക് വലിയ പ്രചോദനമായിരുന്നു. അന്നു രാത്രി 12:30 വരെ ഞാൻ ബാവ തിരുമേനിയുടെ സന്ദേശം കേൾക്കുകയായിരുന്നു.

ഞാൻ രാവിലെ 5 മണിക്ക് ഉണർന്ന് ജോലിക്ക് പോകാൻ തയ്യാറായി. എല്ലാ ദിവസവും രാവിലെ ഞാൻ എവിടെയും പോകുന്നതിനുമുമ്പ്, ബൈബിളിൽ നിന്ന് കുറച്ച് വാക്കുകൾ വായിക്കാറുണ്ട്. ആ ദിവസം രാവിലെ ഞാൻ ബൈബിൾ തുറന്നപ്പോൾ ദൈവം എനിക്ക് സങ്കീർത്തനം 107: 3132 ൽ നിന്ന് ഒരു വാക്യം കാണിച്ചുതന്നു. "***അവർ യഹോവയെ അവന്റെ നന്മയെ ചൊല്ലിയും മനുഷ്യ പുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളെ ചൊല്ലിയും സ്തുതിക്കട്ടെ. അവർ അവനെ ജനങ്ങളുടെ സഭയിൽ ഉയർത്തുകയും മൂപ്പന്മാരുടെ മുൻപാകെ അവനെ പ്രശംസിക്കുകയും ചെയ്യട്ടെ.***" ഒരു പ്രാർത്ഥന കഴിഞ്ഞ് ഞാൻ വീട് വിട്ടിറങ്ങി. ഞാൻ എന്റെ എസ്യുവി എടുത്ത് ഫ്രീവേയിൽ ഡ്രൈവ് ചെയ്യാൻ തുടങ്ങി. പെട്ടെന്ന്, ഒരു കാർ മറിഞ്ഞ് എന്റെ അരികിലേക്ക് മറിയുന്നത് ഞാൻ കണ്ടു. എന്റെ പ്രാരംഭ പ്രതികരണം കാറിൽ ഇടിക്കുന്നതിനുമുമ്പ് വഴിയിൽ നിന്ന് മാറുക എന്നതായിരുന്നു. ഞാൻ നീങ്ങിക്കൊണ്ടിരിക്കെ, കാർ പെട്ടെന്ന് എന്റെ കാറിൻെറ പുറകിൽ ഇടിച്ചു തെരുവിലൂടെ തെറിച്ചുവീണു. എനിക്ക് പറയാൻ കഴിയുന്ന ഒരേയൊരു വാക്ക്, 'ദൈവമേ' എന്ന് മാത്രം. ഞാൻ എന്റെ കാറിൻെറ സ്റ്റിയറിംഗ് വീൽ മുറുകെ പിടിച്ചു. ആ ഫ്രീവേയിൽ അഞ്ച് ലയിനിൽ അധികം ഉണ്ടായിരുന്നു, ആ സമയത്ത് തിരക്ക് വളരെ കൂടുതലായിരുന്നു. വളരെയധികം കാറുകൾ ഇവിടെയുണ്ടെന്നും എന്റെ കാറിൽ അവർ ഇടിക്കാൻ പോവുകയാണെന്നും ഞാൻ സ്വയം ചിന്തിച്ച എന്റെ മനസ് പേടിച്ചു ഞാൻ ദൈവമേ എന്ന് വീണ്ടും വിളിച്ചു .

എന്റെ കാർ തലകീഴായി മറിഞ്ഞു. തലകീഴായി മറിയുന്നതിനാൽ എല്ലാ ട്രാഫിക്കും കണ്ടപ്പോൾ ഞാൻ ഭയപ്പെട്ടു. എന്റെ കാറു നിന്നപ്പോൾ തലകീഴായി കിടന്നു. ഞാൻ എന്റെ കാറിൽ നിന്ന് ഇറങ്ങാൻ ശ്രമിച്ചു, പക്ഷേ എനിക്ക് സീറ്റ് ബെൽറ്റ് അഴിക്കാൻ പോലും കഴിഞ്ഞില്ല. ഒരുപാട് ശ്രമങ്ങൾക്ക് ശേഷം ഞാൻ എന്റെ സീറ്റ് ബെൽറ്റ് നീക്കം ചെയ്ത് മുൻവാതിൽ തുറന്നു. ഞാൻ കാറിൽ നിന്നിറങ്ങി, റോഡരികിലേക്ക് പോയി. അപ്പോൾ ഒരാൾ വന്നു എന്നെ അത്ഭുതപ്പെടുത്തിയ ചില വിശദാംശങ്ങൾ തന്നു. അവൻ പറഞ്ഞു, നീ പല പ്രാവശ്യം മലക്കം മറിഞ്ഞെന്നും എന്നിട്ടും നീ ഭാഗ്യം കൊണ്ട് രക്ഷപ്പെട്ടു എന്നും. അത് കേട്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. ഇത്രയും വലിയ ട്രാഫിക്കിൽ എന്റെ കാർ 7 തവണ മറിഞ്ഞാൽ ഞാൻ എങ്ങനെ ഒരു പോറൽ പോലും ഇല്ലാതെ ആ കാറിൽ നിന്ന് പുറത്തിറങ്ങി രക്ഷപെട്ടു? ദൈവം ആ പ്രഭാതത്തിൽ എന്നെ കാണിച്ച ബൈബിൾ അപ്പോൾ മനസ്സിൽ തെളിഞ്ഞു വന്നു "അവർ യഹോവയെ അവന്റെ നന്മയെച്ചൊല്ലിയും മനുഷ്യ പുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളെ ചൊല്ലിയും സ്തുതിക്കട്ടെ". ദൈവത്തിന്റെ അചഞ്ചലമായ സ്നേഹത്തിനും നമുക്കുള്ള അത്ഭുതകരമായ പ്രവൃത്തികൾക്കും നമുക്ക് നന്ദി പറയാം. ആ നിമിഷം അത് എന്റെ ഭാഗ്യമല്ല, ദൈവത്തിന്റെ കൃപയാണെന്ന് ഞാൻ അവനോട് പറഞ്ഞു. ഇത് എന്റെ ജീവിതത്തിന്മേൽ ദൈവത്തിന്റെ കൈ മാത്രമാണെന്ന്





കരുതി ഞാൻ വളരെ ദൈവസന്നിധിയിൽ വിനയപ്പെട്ടു.
ആ ദിവസം തന്റെ  കാർ നിർത്തി എന്നെ ഒരു നല്ല ശമര്യക്കാരനെപ്പോലെ സഹായിക്കാൻ ഒരു അപരിചിതനെ ദൈവം അയച്ചു. ജോലിസ്ഥലത്തേക്ക് പോവുകയായിരുന്ന അദ്ദേഹം അപകടം കണ്ട് നിർത്തി. ഹൂസ്റ്റൺ ഫ്രീവേയിൽ രാവിലെ എല്ലാവരും ധൃതിയിൽ ജോലിക്കു  പോവുമ്പോൾ സാധാരണ അങ്ങനെ അപകടം കാണുമ്പോൾ വണ്ടി നിർത്താറില്ല. ചിലപ്പോൾ അത് മറ്റു അപകടങ്ങൾ വിളിച്ചു വരുത്താം. എങ്കിലും ഈ അപരിചിതൻ ഒരു റിസ്ക് എടുത്തു എന്ന് തന്നെ പറയാം.. ദൈവകൃപയാണ് എന്നെ രക്ഷിച്ചതെന്ന് ഞാൻ പറഞ്ഞപ്പോൾ, ഇത് തികച്ചും സത്യമാണെന്ന് അദ്ദേഹം എന്നോട് പറഞ്ഞു. പരിക്കുകളോ ഒരു തുള്ളി രക്തമോ വാർന്നു പോകാതെ ഞാൻ ആ കാറിൽ നിന്ന് പുറത്തുവന്നത് ഞങ്ങൾ രണ്ടുപേർക്കും വിശ്വസിക്കാനായില്ല. പിന്നീട്, 911 ലേക്ക് ഒരാൾ വിളിച്ചു, എല്ലാവരും രക്ഷപെട്ടത് ഒരു ഭാഗ്യം മാത്രമാണെന്ന് പറഞ്ഞുകൊണ്ടിരുന്നു. ഇത് എങ്ങനെ ഭാഗ്യമാകും? മറിച്ചു യേശുക്രിസ്തുവുമായുള്ള ബന്ധത്തിൽ എന്റെ അമ്മാച്ചൻ തിരുമേനി അപ്പച്ചന്റെ ഓർമകളും പ്രാർഥനകളുമാണ് ഈ അപകടസമയത്ത് ദൈവം എന്നെ രക്ഷിച്ചതെന്ന് ഞാൻ ചിന്തിച്ചു.
ഞാൻ വീട്ടിൽ തിരിച്ചെത്തിയപ്പോൾ, ഈ വലിയ അപകടത്തെക്കുറിച്ച് കേട്ടപ്പോൾ എന്റെ കുടുംബാംഗങ്ങളിൽ പലരും എന്നെ കാണാനും പ്രാർത്ഥിക്കാനും വന്നു. ഞാൻ എന്റെ ബൈബിൾ തുറന്നു, അന്ന് രാവിലെ ഞാൻ വായിച്ച വാക്യം ദൈവം വീണ്ടും കാണിച്ചു. ഞാൻ വളരെ വികാരാധീനനായി.
മറ്റൊരു വെല്ലുവിളിയിലൂടെയും എന്റെ ജീവിതത്തിൽ ഞാൻ കടന്നുപോയി. ഞാൻ ജോലിയിൽ ആയിരുന്നപ്പോൾ ഒരു വെടിവയ്പ്പ് സംഭവിക്കുകയും രണ്ട് പേർ മരിക്കുകയും ചെയ്തു. ആ അവസ്ഥയിൽ എന്നെ കാത്തു പാലിച്ചതിനു ഞാൻ ദൈവത്തോട് എന്നും നന്ദിയുള്ളവനാണ്. ആ ഞായറാഴ്ച ഞാൻ ജോയൽ ഓസ്റ്റീന്റെ പള്ളിയിൽ പോയി, അവരുടെ ഒരു പാസ്റ്ററുമായി സംസാരിക്കാൻ അവർ എനിക്ക് അവസരം നൽകി. ഞാൻ കടന്നുപോകുന്ന സാഹചര്യവും വെടിവയ്പ്പിൽ മൃതിയടഞ്ഞവരുടെ ശവസംസ്കാര ചടങ്ങിൽ സംസാരിക്കാൻ ദൈവം എന്നെ വിളിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു എന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. വിഷമിക്കേണ്ടെന്നും എന്റെ സന്ദേശം പങ്കിടാൻ എനിക്ക് അവസരം ലഭിക്കുമെന്നും അദ്ദേഹം എന്നോട് പറഞ്ഞു. പിന്നീട്, ശവസംസ്കാര ശുശ്രൂഷയ്ക്കായി ഞാൻ പള്ളിയിൽ പോയി.
ആ പള്ളിയിലെ പാസ്റ്ററെ അറിയിക്കാൻ ഞാൻ ഒരു വ്യക്തിയോട് പറഞ്ഞു, ഒരു സന്ദേശം പങ്കിടാൻ ഞാൻ ആഗ്രഹിക്കുന്നു. പക്ഷെ പല കാരണങ്ങളാൽ ഒരു സന്ദേശം പങ്കിടാൻ എനിക്ക് അവസരം ലഭിക്കില്ലെന്ന് ആ വ്യക്തി എന്നെ അറിയിച്ചു. പക്ഷേ അദ്ദേഹത്തിന്റെ പ്രതികരണത്തെക്കുറിച്ച് വിഷമിക്കേണ്ടെന്ന് എന്റെ ഭാര്യ എന്നോട് പറഞ്ഞു. പകരം, നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം, അവൻ എനിക്ക് ഒരു വാതിൽ തുറക്കും. ഞങ്ങൾ പോയി ഇരുന്നു ഞാൻ പ്രാർത്ഥിക്കാൻ തുടങ്ങി. ഷൂട്ടിംഗിൽ മരിച്ച വ്യക്തി ഞാൻ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും നല്ല ആളുകളിൽ ഒരാളാണ്. എന്റെ സന്ദേശത്തിലൂടെ അവരുടെ കുടുംബത്തെ പ്രോത്സാഹിപ്പിക്കാൻ ഞാൻ ശരിക്കും ആഗ്രഹിച്ചു. ഏതാനും മിനിറ്റുകൾക്കുള്ളിൽ ദൈവം എന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകി. ഒരാൾ വന്നു അടുത്ത അവസരം നിങ്ങൾക്കുള്ളതാണെന്ന് പറഞ്ഞു. ഞാൻ സ്റ്റേജിൽ പ്രവേശിക്കുമ്പോൾ പള്ളിയിൽ 1500 ൽ അധികം ആളുകൾ ഉണ്ടായിരുന്നു. ഇത്രയും വലിയ സദസ്സിനു മുന്നിൽ ഞാൻ ആദ്യമായി സംസാരിച്ചു. ഞാൻ  എന്റെ സന്ദേശം പങ്കുവെക്കുകയും മാതാപിതാക്കൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്തു. മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞിനെ ദൈവത്തെ പിന്തുടരാൻ വളർത്തി, അവളുടെ ജീവിതം അതിന്റെ ഒരു തെളിവായിരുന്നു. അവൾ സ്വർഗത്തിൽ പ്രവേശിക്കും, ദൈവം അവളെ ഇരുകൈയും നീട്ടി സ്വീകരിക്കും എന്ന് ഞാൻ പറഞ്ഞു.
15 മിനിറ്റിനുള്ളിൽ ഞാൻ എന്റെ സന്ദേശം പൂർത്തിയാക്കി. പരിഭ്രമമില്ലാതെ എന്റെ സന്ദേശം പൂർത്തിയാക്കാൻ ദൈവം എനിക്ക് ശക്തി നൽകി.ചില ആളുകൾ വന്ന് എന്റെ സന്ദേശം നല്ലതാണെന്ന് പറയുകയും മാതാപിതാക്കളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ദൈവത്തിലൂടെ എനിക്ക് ഒരു മാറ്റം വരുത്താൻ കഴിഞ്ഞു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി, എനിക്ക് നിരവധി പള്ളികളിൽ ബൈബിൾ സന്ദേശങ്ങൾ പങ്കിടാൻ സാധിച്ചു.
വ്യത്യസ്തവും വ്യക്തിപരവുമായ രണ്ട് സാഹചര്യങ്ങൾ നിങ്ങളുടെ മുമ്പിൽ ഞാൻ വച്ചു. ബുദ്ധിമുട്ടുള്ള എല്ലാ സാഹചര്യങ്ങളിൽ നിന്നും ആർക്കാണ് എന്നെ രക്ഷിക്കാൻ കഴിയുക? ഇത് പൂർണ്ണമായും ദൈവത്തിന്റെ കൃപയും സംരക്ഷണവുമാണ്.

ഇപ്പോൾ എനിക്ക് ദൈവത്തിലും അവന്റെ ശക്തിയിലും പൂർണ വിശ്വാസമുണ്ട്. ബൈബിൾ വായിക്കുന്നതിലൂടെ മാത്രമല്ല, എന്റെ വ്യക്തിപരമായ ജീവിതാനുഭവങ്ങളിൽനിന്നും ദൈവം യഥാർത്ഥമാണെന്ന് എനിക്ക് ഉറപ്പുണ്ട്. ഈ അനുഭവങ്ങൾ ദൈവത്തിനുവേണ്ടി പ്രവർത്തിക്കാൻ എന്നെ പ്രചോദിപ്പിച്ചു.

ഈ സമയത്ത്, ലോകം മുഴുവൻ നിരവധി പ്രശ്നങ്ങളിലൂടെയാണ് കടന്നുപോകുന്നത്. ഈ ലോകത്തിലെ എല്ലാ അനിശ്ചിതത്വങ്ങളും കണ്ടതിനുശേഷം, ആളുകളുടെ ഹൃദയം മാറുമെന്നും എല്ലാവരും ദൈവത്തെ പിന്തുടരാൻ തിരിയുമെന്നും ഞാൻ പ്രതീക്ഷിച്ചു. നിർഭാഗ്യവശാൽ, ഈ ലോകത്ത് ആ മാറ്റം ഞാൻ കാണുന്നില്ല. നിലവിൽ, നമ്മളിൽ മിക്കവരും എല്ലാത്തിനും വേണ്ടി നമ്മുടെ ഫോണിലേക്ക് നോക്കുകയാണ്. വ്യത്യസ്ത കാര്യങ്ങൾ ചെയ്യുന്ന നിരവധി ആപ്പുകൾ നമുക്കുണ്ട്. വരും ദിവസങ്ങളിൽ, അടുത്ത കുറച്ച് മണിക്കൂറുകളിൽ, അല്ലെങ്കിൽ അടുത്ത കുറച്ച് നിമിഷങ്ങളിൽ നമുക്ക് എന്ത് സംഭവിക്കുമെന്ന് പറയാൻ കഴിയുന്ന ഒരു ആപ്പ് നമ്മുടെ കയ്യിൽ ഉണ്ടോ? തീർച്ചയായും ഇല്ല. നമുക്ക് എന്ത് സംഭവിക്കുമെന്ന് ദൈവത്തിന് മാത്രമേ അറിയൂ. നമ്മുടെ ജീവിതത്തിലെ ഒരേയൊരു ധൈര്യം ദൈവം കൂടെ ഉണ്ടെന്നുള്ളതാണ്. അവൻ ഇന്നലെയും ഇന്നും ഇന്നും എന്നേക്കും ഒരുപോലെയാണ്.

നമ്മൾ എങ്ങനെയാണ് ബുദ്ധിമുട്ടുകളിലൂടെ കടന്നുപോകുകയും പ്രോത്സാഹനം സ്വീകരിക്കുകയും ചെയ്യുന്നത്? അത് ദൈവവചനം വായിച്ച് അവന്റെ മാർഗനിർദേശം തേടിക്കൊണ്ടാണ്. ആ വാഹനാപകടത്തിലൂടെ ഞാൻ കടന്നുപോയ പ്രഭാതത്തിൽ, ദൈവം എനിക്ക് നൂറ്റിഏഴാം സങ്കീർത്തനങ്ങളിലൂടെ തന്റെ മാർഗ്ഗനിർദ്ദേശം നൽകിയിരുന്നു. എന്റെ ജീവിതത്തിലെ തന്റെ അനന്തമായ സ്നേഹത്തിനും അതിരുകളില്ലാത്ത മാർഗനിർദേശത്തിനും ഞാൻ ദൈവത്തോട് എപ്പോഴും നന്ദിയുള്ളവനാണ്. ഏത് സാഹചര്യത്തിലൂടെ നമ്മൾ കടന്നുപോയാലും ദൈവം നമ്മെ പരിപാലിക്കുമെന്ന് ദൈവം നമ്മോട് പറയുന്നു. എൻെറ ജീവതത്തിൽ ലഭിച്ചതൊന്നും എൻെറ ശക്തിയിലൂടെ അല്ല, ദൈവത്തിൻെറ, ദയ, കൃപ, അനുഗ്രഹം മാത്രമാണ്. അതുകൊണ്ടാണ് ഞാൻ എന്റെ ജീവിതാനുഭവങ്ങൾ പങ്കുവച്ചത്. എന്റെ സാക്ഷ്യത്തിലൂടെ എനിക്ക് ഒരു വ്യക്തിയെയെങ്കിലും പ്രോത്സാഹിപ്പിക്കാനാകുമെങ്കിൽ അത് ഒരു അനുഗ്രഹമായിരിക്കും. നമ്മുടെ ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും നമുക്ക് ദൈവത്തെ പിന്തുടരാം. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ, സകല ബുദ്ധിയെയും കവിയുന്ന ദൈവീക സമാധാനം നിങ്ങൾക്ക് നൽകട്ടെ!





# പ്രതിസന്ധികളെ അതിജീവിച്ച മറ്റൊരു അബ്രഹാം

**Saji Pullad** Article

പഠന കാലത്തു പന്തയം വച്ച് ഓട്ട മത്സരത്തിൽ പങ്കെടുക്കുമ്പോൾ, വടക്കേ ഇന്ത്യൻ സുഹൃത്തുക്കൾ ഒന്നുറപ്പിക്കും, 'അബ്രഹാം പങ്കെടുക്കുന്നുവെങ്കിൽ ഞങ്ങളില്ല,' കാരണം അവർ എത്ര ഓടിയാലും നേട്ടം എന്നും ഏബ്രഹാമിന് തന്നെ. അതെ, പഠനത്തിലും, കായിക മത്സരങ്ങളിലും ഏബ്രഹാം എന്നും മുൻപന്തിയിൽ തന്നെ ആയിരുന്നു. ജീവിത പന്ഥാവിൽ ഒന്നൊന്നായി വന്ന പ്രതിസന്ധികളിൽ അദ്ദേഹം അടിപതറിയില്ല. എന്തിനു, മരണക്കിടക്കയിൽ നിന്ന് മടക്ക യാത്ര നടത്തി ജീവിതത്തിന്റെ പച്ച മരത്തണലിൽ ഇന്നും വിരാജിക്കുന്നവനാണ്, ജോർജ് ഏബ്രഹാം എന്ന രാജു.

2008 ലെ ഒരു രാപ്പാതിയിലെപ്പോഴോ സ്റ്റാഫോർഡിലെ വസതിയിൽ കിടക്കയിൽ നിന്നെഴുന്നേറ്റു ബാത്ത് റൂമിൽ പോകും വഴി വാതിലിൽ നെറ്റി ഇടിച്ചെങ്കിലും അതത്ര കാര്യമാക്കിയില്ല, ഏബ്രഹാം. തലയിൽ ചെറിയൊരു വേദനയുളള വിവരം രാവിലെ ജോലി കഴിഞ്ഞ് എത്തിയ ഭാര്യ ശോശാമ്മയെ അറിയിച്ചു. തലവേദനക്കുള്ള ഏതാനും ഗുളികകൾ ഭാര്യ നൽകിയെങ്കിലും ഫലം കണ്ടില്ല. ശോശാമ്മയുടെ നിർബന്ധപ്രകാരം ഹൂസ്റ്റണിലെ സൗത്വെസ്റ് മെമ്മോറിയൽ ആശുപത്രിയിൽ പോയി. ഡോക്ടറുടെ നിർദേശപ്രകാരം ഒരു എക്സ്റേ എടുത്തു. തലച്ചോറിൽ ആന്തരിക രക്തസ്രവം ഉണ്ടെന്നു കണ്ടെത്തി. ഉടനെ തീവ്ര പരിചരണ (ICU) വിഭാഗത്തിലേക്ക് മാറ്റി.

തുടർന്ന് അടിയന്തിര ശസ്ത്രക്രിയയ്ക്കു വിധേയനാക്കി. വീണ്ടും ഉണ്ടായേക്കാവുന്ന രക്തസ്രവത്തെ തടയുന്നതിന് സ്റ്റെന്റ് ഇട്ട് ICU-ൽ കിടന്നത് സുദീർഘമായ എട്ടു മാസം! ചികിത്സാ ചിലവോ ഒരു സാധാരണക്കാരന് താങ്ങാവുന്നതിലും അധികം, 1.8 million ഡോളർ!! ആരോഗ്യ പരിരക്ഷ ഇൻഷുറൻസ് ഉണ്ടായിരുന്നത്കൊണ്ട് ബില്ല് അടക്കുന്നതിനെപ്പറ്റി അധികം വേവലാധികൾ ഉണ്ടായില്ല എന്നത് ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട് ഓർക്കുന്നു.

ദൈവത്തിന്റെ കാരുണ്യം മാത്രമാണ് മരണത്തിൽനിന്നും ഈ മടക്ക യാത്ര സാധ്യമാക്കിയത്. തീർച്ചയായും ഇതൊരു മിറക്കിൾ ആണെന്ന് ഏബ്രഹാം എന്നും വിശ്വസിക്കുന്നു. ആശുപത്രയിൽ തന്നെ സന്ദർശിച്ച ഒരാൾ പറഞ്ഞത് ഇപ്രകാരമാണ്, 'രാജു നിങ്ങൾ രണ്ടാം ലാസർ ആണ്.' കൂടാതെ ആശുപത്രയിൽ നിന്ന് ഡിസ്ചാർജ് ചെയ്തു പുറത്തിറങ്ങുമ്പോൾ ഡോക്ടർ അദ്ദേഹത്തെ ഓർമ്മിപ്പിച്ചു, "Mr. ഏബ്രഹാം, ദൈവം നിനക്കൊരു രണ്ടാം ജീവിതം തന്നു, അത് മറക്കരുതേ" എന്ന്.

മലങ്കര മാർത്തോമ്മാ സഭയിലെ മല്പാൻ (സുറിയാനി അദ്ധ്യാപകൻ) അച്ചനായിരുന്ന പരേതനായ സി. വി. ഏബ്രാഹാമിന്റെയും പരേതയായ സാറാമ്മയുടെയും മകനായ രാജു മരണം ഒരു വിളിപ്പാടെത്തി തന്നെ മാടി വിളിക്കുന്ന കാര്യം അറിഞ്ഞിട്ടും പതറാതെ വിശ്വാസ തീക്ഷ്ണതയോടെ പ്രാർഥിച്ചു. ഒപ്പം, മലങ്കര മാർത്തോമ്മാ വിശ്വാസ സമൂഹത്തിന്റെയും ഭാര്യ ശോശാമ്മയുടെയും, മൂന്ന് മക്കളുടെയും ഹൃദയം നുറുങ്ങിയ, ഇടതടവില്ലാത്ത പ്രാർഥനകൾ മരണത്തിന്റെ കരാള ഹസ്തങ്ങളിൽ നിന്ന് രാജുവിനെ ദൈവം കൈപിടിച്ചുയർത്തി.

മാർത്തോമ്മാ സഭാ പിതാക്കന്മാരുടെയും, വൈദിക ശ്രേഷ്ഠരുടെ യും, താൻ ഉൾപ്പെട്ടു നിൽക്കുന്ന ട്രിനിറ്റി മാർത്തോമ്മാ ഇടവകയിലെ വിശ്വാസികളുടെയും പ്രാർഥനകൾ തന്റെ ജീവന് പകർന്ന കരുത്തും സമാധാനവും വാക്കുകൾക്ക് അതീതമാണ്. ഇക്കാര്യം രാജു നന്ദിയോടെ സ്മരിക്കയും എപ്പോഴും ദൈവത്തിനു സ്തോത്രം ചെയ്കയും ചെയ്യുന്നു. തിരുവല്ല മാർത്തോമ്മാകോളേജിലെ വിദ്യാഭ്യാസത്തിനു ശേഷം, ഗ്വാളിയർ ലക്ഷ്മീ ഭായി കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിൽ നിന്നും ഡിഗ്രിയും, മാസ്റ്റേഴ്സും കരസ്ഥമാക്കിയ രാജു, തിരുവനന്തപുരം മാർത്തോമ്മാ റെസിഡൻഷ്യൽ സ്കൂളിൽ അധ്യാപനവും നടത്തിയിരുന്നു. വിദ്യാഭാസത്തിലും താൻ ചെയ്യുന്ന ഏതു തൊഴിലിലും ഉത്സാഹിയായിരുന്ന ഏബ്രഹാം, ഹൂസ്റ്റണിലെ റിയൽ എസ്റ്റേറ്റ് മേഖലയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന വ്യക്തിയും, അതിനുവേണ്ട ഉയർന്ന യോഗ്യതയുള്ള ഒരു മഹത് വ്യക്തിത്വത്തിനുടമയുമാണ്.

നോർക്ക എന്ന സംഘടനയിലൂടെ കേരളത്തി നുവേണ്ടി ചെയ്ത ഒട്ടേറെ ജീവ കാരുണ്യ പ്രവർത്തനത്തനങ്ങളിലും രാജു അഗ്ര ഗണ്യനായിരുന്നു. ഹൂസ്റ്റണിൽ നിരവധി ദേവാലയങ്ങൾ സ്ഥാപിക്കുന്നതിനു ആവശ്യമായ ഭൂമി കണ്ടെത്തി നൽകുന്നതിൽ മുഖ്യ പങ്കു രാജു വഹിച്ചിട്ടുണ്ട്. സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ നിറ സാന്നിധ്യമായ ഇദ്ദേഹം നാൽപത്തി മൂന്നു വർഷത്തെ റിയൽ എസ്റ്റേറ്റ് ബിസിനെസ്സിനോടുള്ള താല്പര്യവും, ഉത്സാഹവും, ആത്മ ധൈര്യവും കൈവിടാതെ സ്റ്റാഫ്ഫോർഡ് സിറ്റിയിലെ കിങ്സ്വേയിൽ (Kingsway) താമസിക്കുന്നു. ഈ മഹാ മാരിയിലും തന്റെ ജോലി തുടരുന്ന (work from home) ഈ 72 കാരൻ തിരുവല്ലാ സ്വദേശിയാണ്.ദൈവാനുഗ്രഹം കൊണ്ട് താൻ ശ്രമിച്ചതെല്ലാം വിജയിപ്പിക്കാൻ കഴിഞ്ഞ ജോർജ് ഏബ്രഹാം അനർഹവും , അനന്തവുമായ കരുണയിൽ ദൈവം തനിക്കു നൽകിയ ഈ രണ്ടാം ജന്മത്തിനു സ്തുതി കീർത്തനങ്ങളാൽ നന്ദിയർപ്പിക്കുന്നു.

***എണ്ണമില്ല നൻമകൾ എന്നിൽ...***
***ചൊരിയും വൻ ദയയെ ഓർക്കുമ്പോൾ...***
***നന്ദിയല്ലാതൊന്നുമില്ലപ്പാ എന്റെ നാവു ചൊല്ലിടുവാനായ്...***
***സ്തോത്രമല്ലാതൊന്നുമില്ലപ്പാ എന്റെ നാവു ചൊല്ലിടുവാനായ്...***

എന്ന ഗാനശകലം അദ്ദേഹത്തിന്റെ അധരങ്ങളിൽ സദാ നിറഞ്ഞു നിൽക്കുന്നു.



# ദൈവ സ്നേഹം പ്രാർത്ഥനയിലൂടെ



**Babu Koodathinalil** Article

എന്റെ പേര് ജോൺ ജോസഫ്, നാട്ടുകാർ എന്നെ ബാബു കൂടത്തിനാലിൽ എന്ന് വിളിക്കും. 1972-1974 ൽ പ്രീ ഡിഗ്രി, റാന്നി St. Thomas കോളേജിൽ പൂർത്തിയാക്കിയ ശേഷം നേരെ മദ്രാസ് HIET- ലേക്ക് മൂന്നു വർഷത്തെ Aircraft Maintenance Engineering പഠനത്തിനായി (1974-1977). ഒരു വർഷം Air India, Bombay-ൽ പരിശീലനം. അതിനുശേഷം Cama Aviation, Bombay-ൽ അഞ്ചു വർഷം ജോലി ചെയ്തു. പിന്നീട് ജോലിക്ക് അപേക്ഷിച്ചു, ജോലി കിട്ടിയതായി അറിയിപ്പ് കിട്ടി, എന്നാൽ മാസം കഴിഞ്ഞേ ജോലി തുടങ്ങാൻ കഴികയുള്ളു എന്ന് അറിയിച്ചു. അങ്ങനെ സന്തോഷത്തോടെ നാട്ടിലേക്ക് പോയി. നേരത്തെ പരിചയപ്പെട്ട മിനിയെ വിവാഹം കഴിച്ചു. ഒന്നര മാസം കഴിഞ്ഞു ജോലിക്കു പ്രവേശിക്കാൻ ബോംബയിൽ ചെന്നപ്പോൾ അറിയുന്നു, അന്ന് കൂടെ പരിചയപ്പെട്ട മലയാളി ജോലിയിൽ പ്രവേശിച്ചെന്ന്. ദീർഘ വർഷങ്ങളിലെ എന്റെ സ്വപ്നങ്ങൾക്ക് ഏറ്റ ഒരു വലിയ പ്രഹരമായിരുന്നു അത്.

ഈ സമയങ്ങളിലൊക്കെയും പള്ളിയിലെ യുവജന പ്രസ്ഥാനവും അച്ചന്മാരുടെ പ്രോത്സാഹനവും ദൈവ വിശ്വാസത്തിൽ നിലനിർത്തുന്നതിന് വളരെ സഹായിച്ചു. സക്കറിയാസ് തിരുമേനി, ബർണബാസ് തിരുമേനി, P.V. തോമസ് അച്ചൻ, പ്രകാശ് അച്ചൻ, ഗീവർഗീസ് അച്ചൻ, തുടങ്ങിയ എത്രയോ പിതാക്കന്മാർ താങ്ങും തണലുമായി നിന്നത് നന്ദിയോടെ ഓർക്കുന്നു. അങ്ങനെ സഭയുടെ വിശ്വാസത്തിലും സ്നേഹത്തിലും ജീവിക്കുമ്പോൾ ഏഴു സഹോദരങ്ങളുടെ സ്നേഹ സന്ദേശം, എട്ടാമത്തെ മകനായ എന്റെ കടമകൾ ഉത്തരവാദിത്തത്തോടെ സസന്തോഷം ഏറ്റെടുത്തു. അങ്ങനെയിരിക്കുമ്പോൾ അപ്രതീക്ഷിതമായി മദ്രാസിൽ എന്റെ കൂടെ പഠിച്ച ഒരു കൂട്ടുകാരനെ കണ്ടു മുട്ടുന്നു. അധികം ചിന്തിക്കാതെ പങ്കാളിത്ത വ്യവസ്ഥയിൽ ഒരു ഗ്യാസ് സ്റ്റേഷൻ ബിസിനെസ്സ് ഞങ്ങൾ തുടങ്ങുകയും ചെയ്തു. അമ്പതു ലക്ഷം രൂപാ മുടക്കിയെങ്കിലും, പത്തു വർഷം കഴിഞ്ഞു തിരികെ കിട്ടിയത് മൂന്നു ലക്ഷം മാത്രം. ഒരു ഗുണം മാത്രം ഉണ്ടായി, ബിസിനെസ്സ് ഉണ്ടായിരുന്നത് കൊണ്ട് അനേകം ആളുകളുമായി ഇടപെടുവാൻ കഴിഞ്ഞു. അങ്ങനെ പഞ്ചായത്തു പ്രസിഡന്റ്, കോൺഗ്രസ് DCC അംഗം, സഹകരണ ബാങ്ക് പ്രസിഡന്റ്, പത്തനംതിട്ട വ്യാപാരി വ്യവസായി കൺവീനർ, കലംപാല ഇമ്മാനുവേൽ പള്ളി ട്രസ്റ്റി എന്നീ നിലകളിലും അവിടെ പ്രവർത്തിക്കാൻ കഴിഞ്ഞു. ഇവിടെ Pasadenase Malayalee അസോസിയേഷൻ പ്രസിഡന്റ് ആയി ആറു പ്രാവശ്യം സേവനം നടത്തി മുന്നോട്ടു പോകുന്നു. ദൈവ വിശ്വാസത്തോടും പ്രത്യാശയോടും മുന്നോട്ടു പോകുന്നതുകൊണ്ട് മൂന്ന് പ്രാവശ്യം മരണത്തെ മുഖാമുഖം കണ്ടിട്ടും അഞ്ചു മേജർ ശസ്ത്രക്രിയകളിലൂടെ കടന്നു പോയിട്ടും തളരാതെ ദൈവം കാത്തു. 2019ൽ അഞ്ചു കുടുംബങ്ങളോടൊപ്പം ഞങ്ങൾ ഒരു വിനോദ യാത്രയ്ക്ക് പോയി. നാല് ദിവസവും ഞാൻ സുഖമില്ലാതെ തിരികെ പോന്നു. നേരെ ആസ്പത്രിയി ന്യൂമോണിയ സംശയിച്ചു പ്രവേശിക്കപ്പെട്ടു. പിന്നീട് lung കാൻസർ ആണെന്നു സ്ഥിരീകരിക്കപ്പെട്ടു. ദൈവം എന്നെ തളർത്തിയില്ല. lungs ന്റെ ഒരു lobe എടുത്തു മാറ്റി. ഇപ്പോൾ പൂർണ സൗഖ്യത്തോടെ ദൈവം നടത്തുന്നു. ആ സമയത്ത് Healing Hearts Ministry ലെ അംഗങ്ങൾ ഞാൻ സർജറി കഴിഞ്ഞു ആശുപത്രിയിൽ കിടക്കുമ്പോൾ, എന്നെ വന്നു കാണുകയും ആശ്വാസം പകർന്നു തരികയും വേഗത്തിലും പരിപൂർ ണവുമായ രോഗമുക്തിക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. Healing Heart എന്ന ശുശ്രൂഷ നയിക്കുന്ന സഹോദരങ്ങൾക്ക് എന്റെയും എന്റെ കുടുംബത്തിന്റെയും സ്നേഹ വന്ദനം!

പരസ്പര സ്നേഹവും, ആർദ്രതയും, കരുതലുമുള്ള; ദൈവത്താൽ വിളിക്കപ്പെട്ട ഒരു കൂട്ടം നല്ലവരായ നിങ്ങളുടെ, സമൂഹ നന്മക്കായുള്ള ലാഭേച്ഛ കൂടാതെയുള്ള പ്രവർത്തനങ്ങൾ 'മാതൃകാപരമെന്നു' തന്നെ പറഞ്ഞുകൊള്ളട്ടെ. അളവില്ലാത്ത ദൈവ സ്നേഹമാണ് നിങ്ങൾ കാട്ടി തന്നത്. ഞാൻ വീട്ടിൽ തിരിച്ചെത്തി വിശ്രമിക്കുന്ന അവസരത്തിൽ, രോഗികൾക്കും പ്രായമുള്ളവർക്കും ആയി നടത്തുന്ന വിശുദ്ധ കുർബാനയിൽ എന്നെയും പങ്കെടുപ്പിച്ചത്, ഒരിക്കലും മറക്കാൻ ആവില്ല. മറ്റാരും കാണിക്കാത്ത ദൈവ സ്നേഹം, കാപട്യമില്ലാതെ, ഈ സംഘടനയിൽ കൂടി ലഭിക്കുമ്പോൾ, അതിലെ അംഗങ്ങളോട്, എങ്ങനെ എത്രമാത്രം കടപ്പെട്ടിരിക്കുന്നുവെന്നു, വാക്കുകളാൽ പ്രകടിപ്പിക്കാൻ, എനിക്കും, രോഗത്തിൽ കൂടി കടന്നു പോയവർക്കും, ബദ്ധപ്പെടേണ്ടിവരുന്നു. എല്ലാം അറിയുന്ന ദൈവം കൂടുതലായ അനുഗ്രഹങ്ങൾ ചൊരിഞ്ഞു, നിങ്ങളുടെ പ്രവർത്തനങ്ങളെ മാനിക്കട്ടെ! മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ ഞങ്ങളുടെ പ്രാർത്ഥനയും സഹകരണവും എപ്പോഴും ഉണ്ടായിരിക്കും. ഈ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും ദൈവം വഴിനടത്തുകയും അനുഗ്രഹിക്കുകയും ചെയ്യട്ടെ!



# Yes He Still Moves STONES



K. E. Mathew, MD, FACS

Article

On that first Ester morning when all the disciples of Jesus were hiding behind closed doors, a couple of women decided to make that bold journey to the tomb to embalm the body of their dear friend and Rabbi Jesus. They carried the heavy load of incense and started out before the day break for that tedious long trip. Their hearts were heavy, a lot heavier than the physical burden they were carrying. Their mind was set on the tomb in the garden. This belonged to a rich man, Joseph of Arimathea. As they were hurrying up toward Golgotha, they thought about the huge stone that was blocking their entrance into the tomb. The tomb itself had been hewn into a rock and its entrance was blocked with a large stone and sealed by the order of the governor Pilot. Now they have to face two huge obstacles: legal obstacle from the seal of the governor and the physical obstacle of the huge stone that was too much for the two women.

Obstacles never stopped them, slowed them down, or made them turn around and go home. Scripture doesn't say that they did pray for a miracle to move the stone. Still the miracle happened. As they got closer to the garden, they saw that the stone was"rolled away" and two men(angels) were sitting on it.

Each time I look back and replay the instances of my scary experiences, I realize that all my fears were unfounded. One such instance was the time I fell flat on our driveway running after a ball thrown to me by our grandson. Two broken and displaced front upper teeth, a broken nose and profuse bleeding from mouth and nose. My rational physician mind started thinking about the high possibility of intra-cranial bleeding in this elderly man who has been taking baby aspirin every morning. Am I going to get seizures, or am I going to slip away into a deep coma? These possibilities kept on replaying in my mind until I had the CT scan of my head done at the local hospital emergency room and bleeding was ruled out!

Obstacles come on our path often with no warning. For me it came in the form of a phone call from my physicians office alerting me that my PSA (Prostate Specific Antigen) was showing a slight elevation and that I need to consult a urologist. This was done, and after further tests and examinations, it was decided that I should have a biopsy of my prostate. I did not have much time to think about as I was scheduled for this 'scary' procedure two days later. While riding on this road to recovery/healing, my thoughts go wild with all sorts of scenario; what if the biopsy is positive for cancer, what if the metastatic work up show wide spread disease, what if I get complications of surgery, radiation, or chemo, what ever my doctors choose for me?

My biopsies were done without any complication, bleeding, or severe pain. The report came back as positive for prostate cancer. Somehow my Lord instilled in me His peace. There were many friends and family praying for me as I scheduled for my robotic radical prostatectomy. My name was placed in the church bulletin, all my friends at the local gym were aware of my situation, our prayer group and every social media that we were connected with, carried my news and the response was astounding. When people all across the globe start to pray, you will feel the strength, and I did.

It so happened that our small Bible study group was studying the book "Questions God Asks Us" by Trevor Hudson. The question we were to discuss this month was; " Do You Really Want to Get Well?" This was the question Jesus asked the paralytic near the Pool of Bethesda. He had been lying there daily for thirty eight years and never got healed and Jesus' question might sound odd. Further into the study we realized the seriousness of His question.

Trevor Hudson described an incident from the life



of Carlos Dellas, a missionary to India. On a summer day he was riding his bicycle in village in North India. He came across an eerie silence at a place. There was no bird chirping, no leaf moving and everything was in a standstill. Carlos noticed a little bird sitting the branch of a nearby tree. She appeared to be motionless and lifeless. Not far from her was a snake, a king cobra with its fang spread and tongue sticking out and its eyes fixed on the poor bird. Cobra can do this, he was told, but this was the first time Carlos encountered this phenomenon. The mere staring of the cobra throws the bird into a state of total paralysis. Even though she still has healthy wings, she can't fly, even though there is nothing wrong with her voice, she can't sing. Carlos assessed the situation and did what he could. He made a loud noise and distracted the snake. It lowered its fang and slithered away. The little bird flapped it's wings and flew away while singing a beautiful tune!

During my years of practicing surgery, I have seen the same phenomenon. As you walk into a room where a husband, a father, a grand father, a wife, a mother, a grand mother, a daughter or a grand daughter came eye to eye with the diagnoses of cancer. The silence is deadening and eerie in that room. Curtains are drawn closed, television set is turned off, and nobody talks. They are literally like the little bird on the branch totally paralyzed. Even though they have wings, they can't fly, even though their vocal cords are healthy, they can't sing.

This is where the great physician walks in asking the question, "do you really want to be healed? He told the paralytic to get up, role up his mat, take it and walk. And he did. It's a huge step in faith. It's a risky move. It's a new beginning. From the life of dependency on others for thirty eight years, the paralytic has to move into an independent life with freedom, but lot of responsibilities too. So do we!

"

There is that speaketh like the piercings of a sword: but the tongue of the wise is health.

Proverbs 12:18







Gracy George Article

# GOD'S PROVIDENCE

## IN MY FAITH JOURNEY

My name is Gracy George, born in Piralassery, Kerala. I was raised by God fearing parents who fasted and prayed, and had morning and evening family prayer every day. My father was my role model in praying and singing Christian songs.

When I was a young girl, I was healthy and participated in different sports. Even though my family wanted me to go to college, I wanted to pursue a nursing career. After completing my nursing education, I moved to Delhi in search of employment.

When the hospital I wanted to work was performing a routine medical checkup for the job, an x-ray revealed an enlarged heart. This was the first time I discovered that I have a congenital heart defect. After their discovery, the hospital initially denied my employment. It was shocking news to me, and didn't know what to do. However, by an act of God, the hospital came back and offered me the job. During these difficult times worry was all consuming, and I did not have any close family nearby to console me. After I started working, the hospital authorities arranged for me to see a cardiologist. The cardiologist suggested to do a cardiac catheterization procedure to confirm the diagnosis. My older brother, Joy, came to be with me during the procedure. The report revealed that there was a hole between the atriums of the heart. The only option was open heart surgery to patch the hole. I was devastated by this news. All I could do was cry out to God. At that time, I didn't have a personal relationship with Christ, but I knew He died on the cross for me.

